**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**(2011-2014)**

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**(2011-2014)**

പന്ത്രണ്ടാമത് റിപ്പോർട്ട്

(2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെ
വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ
ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട
ഖണ്ഡികകൾ സംബന്ധിച്ച്]

27/2013.

## ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 82 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2011-2014)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദ്ദീൻ*

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

* ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവെച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ആഗസ്റ്റ് മാസം 23-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 18.

# റിപ്പോർട്ട്

## കോഴിക്കോട് ജില്ല

### മേപ്പയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള പദ്ധതി: 90,482 രൂപ അധികം നൽകി.**

കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃസമിതി കൺവീനർക്ക് 90,482 രൂപ അധികം നൽകി. ഗ്രാമപഞ്ചായത്ത് 2000-01-ൽ അവസാന ബില്ല് തീർപ്പാക്കിയ ഉണ്ണിക്കാട് കുടിവെള്ള പദ്ധതിക്കാണിത്.

ഒന്നാം ഭാഗികബില്ലിൽ തീർപ്പാക്കി പണം നൽകിയ പ്രവൃത്തികൾ അവസാന ബില്ലിൽ വീണ്ടും ഉൾപ്പെടുത്തിയതിനാൽ 50,478 രൂപയും പൈപ്പ് ഇടുന്നതിന് കിടങ്ങ് കുഴിച്ചതിന്റെ അളവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ 11,354 രൂപയും ഗുണഭോക്തൃ വിഹിതം കുറയ്ക്കാത്തതിനാൽ 28,650 രൂപയും ഉൾപ്പെടെയാണ് കൺവീനർക്ക് അധികം നൽകിയത്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

കൂടാതെ സംസ്ഥാന വൈദ്യുതി ബോർഡിൽ അധികം നിക്ഷേപിച്ച 7,158 രൂപ തിരിച്ച് വാങ്ങേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (3.11.I. 5.1)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 29687/എബി2/08/തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

1. "അളവെടുത്തപ്പോൾ സംഭവിച്ച പിശകുമൂലം കൺവീനർക്ക് കൂടുതലായി ലഭിക്കാനിടയായ 50,478+11,354=61,832 രൂപ പഞ്ചായത്തിൽ തിരിച്ചടയ്ക്കുന്നതിന് അളവെടുത്ത എഞ്ചിനീയർ പി. സി. ബിജു എന്നയാൾക്കും അളവ് ചെക്ക് ചെയ്യുകയും സ്ക്രൂട്ടിനി നടത്തുകയും ചെയ്ത പൊതുമരാമത്ത് കെട്ടിടവിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബാലകൃഷ്ണനും 30-7-2004-ന് നോട്ടീസ് അയച്ചു. രണ്ടുപേരിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 10-8-2005-ലെ എൽ.എഫ്.കെ.കെ.ഡി. (എസ്2)/534/05 നമ്പർ അനന്തര റിപ്പോർട്ടിൻമേൽ പരാമർശിച്ച എഞ്ചിനീയർമാരുടെ മേൽവിലാസം ആവശ്യപ്പെട്ട പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. എഞ്ചിനീയർമാരുടെ പേരിൽ സർച്ചാർജ്ജ് നടപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. ഇലക്ട്രിസിറ്റി ബോർഡിൽ കൂടുതലായി അടച്ച തുക 7,158 രൂപ തിരികെ ലഭിക്കുന്നതിന് 6-7-2007, 10-1-2008 എന്നീ തീയതികളിൽ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ഇതേവരെ പ്രസ്തുത തുക ലഭിച്ചിട്ടില്ല."

3. പ്രസ്തുത ഓഡിറ്റ് പരാമർശം 17-9-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിച്ചു. കൺവീനർക്കു നൽകിയ തുകയിൽനിന്നും പദ്ധതിയിലെ ഗുണഭോക്തൃവിഹിതമായ 28,650 രൂപ കുറവു ചെയ്യാതിരിക്കുകയും ജില്ലാ ആസൂത്രണ സമിതിയുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ അനുമതിയില്ലാതെ പദ്ധതി വിഹിതത്തിൽ നിന്നും പ്രസ്തുത തുക നൽകുകയും ചെയ്ത മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ടി. ഗോപാലന്റെ നടപടിക്രമവിരുദ്ധമാണെന്ന് സമിതി കണ്ടെത്തി. ആകയാൽ ഗ്രാമപഞ്ചായത്തിനുണ്ടായ 28,650 രൂപയുടെ നഷ്ടം ശ്രീ. പി. ടി. ഗോപാലന്റെ പക്കൽനിന്നും റവന്യൂ റിക്കവറി വഴി ഈടാക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

4. കൂടാതെ ഗുണഭോക്തൃസമിതി കൺവീനർക്ക് അധികം നൽകിയ 61,832 രൂപ (50,478+11,354) ഉത്തരവാദികളായ എഞ്ചിനീയർമാരായ ശ്രീ. പി. സി. ബിജു, ശ്രീ. ബാലകൃഷ്ണൻ എന്നിവരിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിനും കെ.എസ്.ഇ.ബി.യിൽ അധികം നിക്ഷേപിച്ച 7,158 രൂപ ഗ്രാമപഞ്ചായത്തിന്റെ വൈദ്യുതി ബില്ലിൽ കുറവുചെയ്തു കിട്ടുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ച് ഇതു സംബന്ധിച്ച റിപ്പോർട്ട് പതിനഞ്ചു ദിവസത്തിനകം സമിതിക്കു ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 2-1-2009-ലെ 79150/എബി2/05/ തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

5. "ഗുണഭോക്തൃ വിഹിതം ഇനത്തിൽപ്പെട്ട 28,650 രൂപ ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ 25-9-2008-ലെ എ1.308/07 നമ്പർ കത്ത് പ്രകാരം മുൻ സെക്രട്ടറി ശ്രീ. പി. ടി. ഗോപാലന് രജിസ്ട്രേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. അനുവദിക്കപ്പെട്ട സമയം കഴിയുന്നമുറയ്ക്ക് നിർദ്ദിഷ്ട ഫോറത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതാണ്."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 9-2-2009-ലെ 79150/എബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

6. "ഉണ്ണിക്കാട് കുടിവെള്ള പദ്ധതിയുടെ കൺവീനർക്ക് അധികമായി നൽകിയ 61,832 രൂപ ഈടാക്കുന്നത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ W.P.(c)നമ്പർ 36028/08 ആയി ഒരു ഹർജി ശ്രീ. ബിജു ഫയൽ ചെയ്തു.

7. കെ.എസ്.ഇ.ബി.യിൽ അധികം അടച്ച തുക വൈദ്യുതി ബില്ലിൽ കുറവു ചെയ്യണം എന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി. അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 26-3-2009-ലെ 79150/എബി.$_2$/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

8. "മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ അധികം അടച്ച തുക തിരികെ നൽകുകയോ അടുത്ത ബില്ലിൽ കുറവു ചെയ്യുകയോ ചെയ്യണം എന്ന് കാണിച്ച് പേരാമ്പ്ര ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 6-7-2007, 10-1-2008, 25-9-2008, 5-1-2009, 16-2-2009 എന്നീ തീയതികളിൽ കത്ത് അയച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി പേരാമ്പ്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സർക്കാരിൽ നിന്നും ഇതേ നമ്പർ കത്തു മുഖേന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 13-5-2009-ലെ 79150/എബി.$_2$/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

9. "ഉണ്ണിക്കാട് കുടിവെള്ള പദ്ധതിയിൽ കൺവീനർക്ക് നൽകിയ തുകയിൽ നിന്നും ഗുണഭോക്തൃ വിഹിതം കുറവ് ചെയ്യാതിരുന്നതുവഴി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 28,650 രൂപ ഈടാക്കുന്നതിന്റെ ഭാഗമായി തുക അടയ്ക്കുന്നതിന് മുൻ സെക്രട്ടറി ശ്രീ. പി. ടി. ഗോപാലന് 25-9-2008-ന് നോട്ടീസ് നൽകിയിരുന്നെങ്കിലും തുക അടവാക്കാതിരുന്നതിനാൽ റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിന് 13-1-2009-ലെ എ$_1$.308/07-ാം നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിച്ചു. ജില്ലാ കളക്ടറുടെ 27-1-2009-ലെ (സി$_4$)2009/2955/11-ാം നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്ക് വടകര തഹസിൽദാരെ (ആർ.ആർ.) ചുമതലപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 30-5-2009-ലെ 79150/എബി.$_2$/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

10. "മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം കെ.എസ്.ഇ.ബി. മേപ്പയ്യൂർ സെക്ഷൻ ഓഫീസിലേക്ക് അധികം നിക്ഷേപിച്ച തുകയായ 7,158 രൂപ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട ഭാവിപദ്ധതികളിൽ അഡ്ജസ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് പേരാമ്പ്ര ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 7-12-2009-ലെ 79150/എബി.$_2$/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

11. "മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ മുൻസെക്രട്ടറി ശ്രീ. പി. ടി. ഗോപാലനിൽ നിന്നും തുക ഈടാക്കുന്നതിന് ഈ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 13-1-2009-ലെ എ1-308/07 നമ്പർ കത്തു മുഖേന കോഴിക്കോട് ജില്ലാ കളക്ടറോട് അപേക്ഷിച്ചിരുന്നു. തുടർന്ന് ശ്രീ. പി. ടി. ഗോപാലൻ റവന്യൂ റിക്കവറി നടപടിക്കെതിരായി ബഹു. ഹൈക്കോടതിയിൽ W.P.(c)നമ്പർ 9190/09 ആയി ഒരു ഹർജി ഫയൽ ചെയ്തു എന്ന വിവരം അറിയിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

12. **മുൻ പഞ്ചായത്തു സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള 28,650 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന്മേൽ ബഹു. ഹൈക്കോടതി വിധിയനുസരിച്ച് തീരുമാനമെടുക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

13. **ഉണ്ണിക്കാട് കുടിവെള്ള പദ്ധതിയുടെ കൺവീനർക്ക് അധികം തുക (50,478+11,354) നൽകിയതുമായി ബന്ധപ്പെട്ട് എഞ്ചിനീയർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിന്മേൽ കോടതി വിധിയനുസരിച്ച് ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ തുടർനടപടി സ്വീകരിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

14. **കെ.എസ്.ഇ.ബി.യിൽ അധികം നിക്ഷേപിച്ച 7,158 രൂപ മറ്റു പദ്ധതികളിൽ ക്രമപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണൽ പിരിവ് 54,157 രൂപ അപഹരിച്ചു**

2001 സെപ്റ്റംബർ 16 മുതൽ 2002 മേയ് അവസാനം വരെയുള്ള മണൽ റോയൽറ്റി പിരിവിലാണ് അപഹരണം. ഓഡിറ്റിൽ കണ്ടെത്തിയതിനാൽ 2003 ജനുവരി 24, 28 തീയതികളിൽ 2 പ്രാവശ്യമായി തുക തിരിച്ചടച്ചു.

താൽക്കാലിക ധനാപഹരണം തെളിഞ്ഞതിനാൽ പണം പിരിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണം. അപഹരണകാലത്തേക്ക് പലിശ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.11]

പ്രസ്തുത ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 19-7-2008-ലെ 27424/എ.ബി.2/08/തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

15. "പിഴപ്പലിശയിനത്തിൽ 7,496 രൂപ 3-12-2003-ന് 68608/55 നമ്പർ രശീതി പ്രകാരം വസൂലാക്കിയിട്ടുണ്ട്.

16. ഈ ഓഫീസിൽ നിന്നും ബന്ധപ്പെട്ട പിരിവ് ഉദ്യോഗസ്ഥനായ ശ്രീ. ഹരിദാസൻ കൂത്താളി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോകുകയും അവിടെവെച്ച് ഡിപ്പാർട്ട്മെന്റ് ടിയാനെ സസ്പെന്റ് ചെയ്യുകയും 30-6-2003-ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്തു."

17. ഓഡിറ്റ് ഒബ്ജക്ഷൻ പ്രകാരമുള്ള തുകയും പിഴപ്പലിശയും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ചു ബോധ്യപ്പെടുന്നപക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് 17-9-2008-ലെ യോഗത്തിൽ സമിതി തീരുമാനിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ L.F. 1344spl.cellG2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

18. "രസീത് നമ്പർ 17825/58/24-1-2003 പ്രകാരം 49,315 രൂപയും രസീത് നമ്പർ 17825/61/28-1-2003 പ്രകാരം 4,842 രൂപയും പലിശയിനത്തിൽ രസീത് നമ്പർ 68608/55/3-12-2003 പ്രകാരം 7,496 രൂപയും തിരിച്ചടച്ചു."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 12-2-2009-ലെ 27424/എബി.$_2$/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

19. "മണൽപിരിവിനത്തിൽ അപഹരിക്കപ്പെട്ട 54,157 രൂപയും അതിന്റെ പലിശയായ 7,496 രൂപയും ഗ്രാമപഞ്ചായത്തിൽ തിരികെ അടച്ചതായി 13-1-2009-ലെ എൽ.എഫ്.കെ.കെ.ഡി.(എഫ്1) 1650/08 നമ്പർ കത്തുപ്രകാരം കോഴിക്കോട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

20. **മണൽ റോയൽറ്റി പിരിവിൽ നിന്നും 54,157 രൂപ അപഹരിച്ചതുമായി ബന്ധപ്പെട്ട തുക പിഴപ്പലിശ സഹിതം തിരിച്ചടച്ചതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓഫീസ് നിർമ്മാണത്തിൽ ക്രമക്കേട്**

പഞ്ചായത്ത് നേരിട്ട് നടത്തിയ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിൽ ക്രമക്കേടുകൾ. വിശദാംശങ്ങൾ:

(1) പണിതീർത്ത് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ച് തുടങ്ങിയിട്ടും കെട്ടിടത്തിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ഇതിനാൽ പഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രവൃത്തിയുടെ മൊത്തം ചെലവ് എസ്റ്റിമേറ്റ് തുകയിൽ

കൂടരുതെന്ന 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ 12(1) വകുപ്പ് പാലിച്ചു എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

(2) സർക്കാർ ഉത്തരവുകളും ചട്ടങ്ങളും മറികടന്ന് സാധനങ്ങൾ വാങ്ങിയതായി കാണുന്നു.

(3) മസ്റ്റർറോൾ ഇല്ലാതെ വൻതുക കൂലിയിനത്തിൽ പിൻവലിച്ചതായി കാണുന്നു.

(4) സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല. സിമന്റ് 10 ചാക്ക് ബാക്കിയുള്ളതായി സ്റ്റോക്ക് രജിസ്റ്റർ രേഖയുണ്ട്. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 6 പ്രകാരം നേരിട്ട് നടത്തിയ പരിശോധനയിൽ 39 ചാക്ക് സിമന്റ് കട്ടപിടിച്ച് നശിച്ചതായി കണ്ടു.

(5) അംഗീകൃത പദ്ധതിയനുസരിച്ച് പദ്ധതി വിഹിതം 1,72,200 രൂപ ചെലവഴിക്കാനാണ് അനുമതി. എന്നാൽ ചെലവ് മുഴുവൻ (7,75,484 രൂപ) വഹിച്ചിരിക്കുന്നത് പദ്ധതി വിഹിതത്തിൽ നിന്നാണ്.

(6) ബില്ലുകളും വൗച്ചറുകളും വേണ്ടത്ര പരിശോധിക്കാതെയാണ് പണം നൽകിയത്.

പ്രഥമദൃഷ്ട്യാ ഗുരുതരമായ വീഴ്ച വ്യക്തമായതിനാൽ വിശദമായ പരിശോധനയും അന്വേഷണവും ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക നമ്പർ 3.11.8]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 27424/എബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

21. "ആഡിറ്റ് റിപ്പോർട്ട് ലഭിച്ചശേഷം 18-7-2007-ന് എ1-589/07 നമ്പർ രജിസ്ട്രേഡ് കത്ത് പ്രകാരം ഓഡിറ്റ് കാലയളവിലെ സെക്രട്ടറിമാരുടെ വിവരങ്ങൾ അറിയിച്ചിട്ടുള്ളതാണ്. ഇതിനുള്ള മറുപടികൾ ലഭിച്ചിട്ടില്ല. 27-8-2008-ന് എ1-1139/08 നമ്പർ കത്ത് പ്രകാരം ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

22. അന്വേഷണം നടത്തിയതിൽ ഈ കെട്ടിടനിർമ്മാണത്തിന് ആകെ 24,88,361 രൂപ ചെലവഴിച്ചതായി കണ്ടു. കൂടാതെ 2002-03 ഓടെ രണ്ടു നില കെട്ടിടം പൂർണ്ണമായി പ്രവർത്തനസജ്ജമായിട്ടുണ്ട്. താഴത്തെ നിലയിലെ 10 മുറികളിൽ 5 മുറികളിൽ സബ് എഞ്ചിനീയർ ഓഫീസ്, കുടുംബശ്രീ ഹോട്ടൽ, കുടുംബശ്രീ ഓഫീസ്, മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതോടൊപ്പം 5 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഒന്നാമത്തെ നിലയിൽ പഞ്ചായത്ത് ഓഫീസ്, കോൺഫറൻസ് ഹാൾ, വി.ഇ.ഒ. ഓഫീസ് എന്നിവ പ്രവർത്തിക്കുന്നു.

23. മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വ്യതിയാനം കണ്ടെത്താനാവൂ എന്നതിനാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശപ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയറോട് പ്രസ്തുത കെട്ടിടത്തിന്റെ മൂല്യനിർണ്ണയം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ 25-8-2008-ലെ എ$_1$/937/07 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുകയാണ്.''

24. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 17-9-2008-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. പ്രവൃത്തി നടത്തി അഞ്ചുവർഷം കഴിഞ്ഞിട്ടും അന്തിമ മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനെയും, രേഖകൾ സൂക്ഷിക്കാതെയും ചട്ടങ്ങൾ പാലിക്കാതെയും പേയ്മെന്റ് ആതറൈസ് ചെയ്തിരിക്കുന്നതിനെയും സമിതി വിമർശിച്ചു. ഒരു മാസത്തിനകം അന്തിമമൂല്യനിർണ്ണയം നടത്തണമെന്നും അധികരിച്ച തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ മുൻസെക്രട്ടറിമാർ, ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുക ഈടാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു. അന്തിമമൂല്യനിർണ്ണയ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചില്ലെങ്കിൽ ആയതിന് ഉത്തരവാദി നിലവിലുള്ള സെക്രട്ടറിയായിരിക്കുമെന്നും സമിതി അറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 24-11-2008-ലെ 27424/എബി.$_2$/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ പകർപ്പ് ചുവടെ ചേർത്തിരിക്കുന്നു:

REPORT

25. The construction of the Office-cum-Shopping complex of Koorachundu Grama Panchayath had been completed by following three different projects:

(1) Construction of Office-cum-Shopping complex (Ground Floor) under Janakeeyasoothranam 1998-99, T.S. Amount-7,85,000

(2) Construction of Office-cum-Shopping Complex (First Floor) under Janakeeyasoothranam 1999-2000, T.S. Amount-10,50,000

(3) Construction of Office-cum-Shopping complex (Electrification) under Janakeeyasoothranam 2000-01, T.S. Amount-1,01,537.

26. As per the records, the civil construction work of the Office-cum-Shopping complex were executed by the method of Direct execution by the Grama Panchayath Secretary (Implementing Officer), and the Electrification work under 2000-01 year Janakeeyasoothranam were executed by the method of Tender.

27. Electrification work under 2000-01 year Janakeeyasoothranam were supervised and measured by the Assistant Engineer, Electrical Major Section, Balussery, and the measurements were recorded in the M.Book No. 92/01-02. The measurements recorded in this M.Book was checked and verified with site and found it correct. As per the Electrical Assistant Engineer's measurements the total value of the work done was Rs. 68,175.

28. As per records civil construction works under 1998-99 years Janakeeyasoothranam and 1999-2000 years Janakeeyasoothranam were supervised and measured by the Assistant Engineer of Balussery BLEC and the check measurements were done by the Assistant Executive Engineer of the Balussery BLEC.

29. The measurements for the project under 1998-99 years (Ground Floor) were recorded in the M.Book No.76/1999-2000, 81/1999-2000 and the measurements for the project under 1999-2000 (First Floor) were recorded in the M.Book No. 81/1999-2000 and 71/2000-01. The M.Book records are incomplete as per actual works executed.

30. The work bill for these two projects were not prepared by these Engineer and not recorded in the M.Book. The payments for these projects were done by the implementing Officer based on the Vouchers.

31. *The valuation is prepared based on the visible measurements measured from the Site and the invisible measurements as per the records in the M. Books mentioned above. The rate for this valuation are based on the approved Estimate rate of that particular years. Extra items were executed in this construction works, but revised estimate was not prepared or sanction for executing extra items were not obtained from any competent authority. Hence the rate for that items were taken from the schedule of rate for the particular years. For the valuation purpose, the rate of the extra item–cement brick masonry was taken as that of the Laterite masonry and for the items aluminiun fabrication works, rate as per the Approved quotation rate.*

32. <u>Measurements of invisible items:</u> *In the case of the invisible items like Earth Works, R.R. masonry, Column footings, Lintels etc. the measurements records in the M. Book were compared with the estimate measurements and found they are as per the estimate. Hence the measurements recorded in the M.Book were used for*

*the valuation purpose. In the case the reinforcement the total reinforcement as per the M.Book records are slightly less than that of the reinforcement required as per the design attached along with the estimate, hence the M.Book recorded reinforcement were taken for Valuation purpose. In the case of the iron grills for the windows separate calculation sheet is attached with the report and as per the calculation sheet total quantity comes to 8.41 Qtl. Based on the valuation the value of work done comes to Rs. 15,65,685.*

KOORACHUNDU GRAMA PANCHAYATH

**Construction of Office-cum-Shopping Complex**

| *Valuation* | *(Rs.)* |
|---|---|
| 1. Visible measurements (Ground Floor) | 4,24,556.80 |
| 2. Invisible measurements (Ground Floor) | 2,40,963.61 |
| 3. Visible measurements (First Floor) | 6,72,933.03 |
| 4. Invisible measurements (First Floor) | 1,59,056.33 |
| 5. Electrification (Project 2000-01) | 68,175.00 |
| **Grand Total** | **15,65,684.77** |

Say Rs. 15,65,685 (Rupees Fifteen lakh Sixty Five Thousand Six Hundred and Eighty Five only)

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ L.F. 1344/ Spl.cellG2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

33. "എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ 20-9-2008-ന് സൈറ്റ് സന്ദർശിച്ച് മൂല്യനിർണയം നടത്തിയിട്ടുണ്ട്. മൂല്യനിർണ്ണയ റിപ്പോർട്ട് രണ്ട് വിധത്തിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയത്:

(1) എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

(2) പുറത്ത് കാണാവുന്ന പ്രവൃത്തികളുടെ അളവ് തിട്ടപ്പെടുത്തുകയും പുറത്തു കാണാതെ മറഞ്ഞിരിക്കുന്ന പ്രവൃത്തികളുടെ മൂല്യം നിർണ്ണയിക്കുന്നതിന് എം.ബുക്കിലെ അളവുകൾ മാനദണ്ഡമാക്കിയും തയ്യാറാക്കിയത്.

34. പ്രസ്തുത റിപ്പോർട്ട് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും റിപ്പോർട്ട് അംഗീകാരത്തിനായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് അംഗീകരിച്ച് നിയമസഭാ സമിതിക്ക് റിപ്പോർട്ട് ചെയ്തതിന്റെ

വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ മൂല്യനിർണ്ണയ റിപ്പോർട്ടിന്റെ കോപ്പി മാത്രമേ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ളൂ. ചീഫ് എഞ്ചിനീയർ അംഗീകരിച്ച മൂല്യനിർണ്ണയ റിപ്പോർട്ട് പഞ്ചായത്തിൽ ലഭ്യമല്ലാത്ത തിനാൽ പഞ്ചായത്ത് തുടർ നടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല."

35. തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 27-8-2009-ലെ 27424/എ.ബി.2/08 നമ്പർ കത്തുപ്രകാരം കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായ ശ്രീ. പി. എം. അബ്ദുൾ റഷീദ് സമർപ്പിച്ച സങ്കടഹർജി സമിതിയുടെ പരിഗണനയ്ക്കായി അയച്ചുതന്നിരിക്കുന്നു. ആയതിനാൽ 11,327 രൂപ തന്റെ വിഹിത മായി തിരിച്ചടയ്ക്കണമെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു വെന്നും പ്രവൃത്തിയുടെ പുരോഗതിക്കനുസരിച്ച് മാത്രമേ താൻ തുക പിൻവലിച്ചു നൽകിയിട്ടുള്ളൂവെന്നും അതിനുശേഷമുള്ള വർക്കുകൾ താൻ വിരമിച്ചതിനുശേഷം സംഭവിച്ചതാണെന്നും മസ്തിഷ്കാഘാതത്തെത്തുടർന്ന് ശരീരം തളർന്നുപോയതിനാൽ സ്വയം വിരമിക്കുകയാണുണ്ടായതെന്നും വിശദമായി തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റ്, ഭരണ സമിതി അംഗീകാരം എന്നിവയുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചതെന്നും അറിയിക്കുന്നു. മേൽക്കാര്യങ്ങൾ പരിഗണിച്ച് ടിയാനെ ബാദ്ധ്യതയിൽ നിന്നൊഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 29-9-2009-ലെ 27424/എ.ബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

36. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.11.8-ലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് മുൻ പഞ്ചായത്ത് സെക്രട്ടറിമാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ ആയത് ഒരു മാസത്തിനകം സമിതിയെ അറിയിക്കണം എന്ന് കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖേന ടി വ്യക്തികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മുൻ പഞ്ചായത്ത് സെക്രട്ടറിമാർ, ഭരണസമിതി അംഗങ്ങൾ, മുൻ എഞ്ചിനീയർ, മൂല്യനിർണ്ണയം നടത്തിയ എഞ്ചിനീയർ എന്നിവരുടെ പേരുവിവരവും സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു:

## ബാധ്യതപ്പെട്ട മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ

| *ക്രമ നമ്പർ* | *സെക്രട്ടറിമാരുടെ പേരും മേൽവിലാസവും* | *കാലയളവ്* |
|---|---|---|
| (1) | (2) | (3) |
| 1 | ശ്രീ. പി. എം. അബ്ദുൾറഷീദ് (റിട്ട.),<br>പാല തിരുവമ്പാടി (തിരുവമ്പാടി പി.ഒ.),<br>കോഴിക്കോട് | 1-4-1997 11-12-1997<br>4-2-1998 12-7-1998 |
| 2 | ശ്രീ. വി. ഹരിദാസൻ, (ജൂനിയർ സൂപ്രണ്ട്,<br>സെക്രട്ടറിയുടെ ചാർജ്),<br>ആയില്യം, ഉള്ളിയേരി പി.ഒ. | 17-8-1998 5-10-1998<br>13-5-1999 10-6-1999 |
| 3 | ശ്രീ. വി. സുരേന്ദ്രൻ (റിട്ട.),<br>ഗീതാലയം, ഇടക്കിടം (പി.ഒ.), എഴുകോൺ, കൊല്ലം | 5-10-1998 13-5-1999 |

| (1) | (2) | (3) |
|---|---|---|
| 4 | ശ്രീമതി ഇ. ജെ. സീലിയ,<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് | 23-6-1999 2-6-2000 |
| 5 | ശ്രീ. കെ. കെ. ഗോപാലൻ,<br>കുഞ്ഞികൃഷ്ണ, താന്തോനിക്കൽ ഹൗസ്, പേരാമ്പ്ര | 8-6-2000 1-7-2000 |
| 6 | ശ്രീ. വി. സുധാകരൻ (റിട്ട.),<br>കൃഷ്ണകൃപ, അഴിഞ്ഞിലം പി.ഒ., ഫറൂക്ക്<br>കോളേജ്, കോഴിക്കോട് | 7-7-2000 30-9-2000<br>1-10-2000 7-3-2001<br>1-4-2001 11-10-2001 |
| 7 | ശ്രീമതി സി. പി. ദുർഗ്ഗ, സെക്രട്ടറിയുടെ അധിക<br>ചുമതല, വൃന്ദാവനം, പൊക്കുന്ന് പി.ഒ.,<br>ഗുരുവായൂരപ്പൻ കോളേജ് | 7-3-2001 1-4-2001 |
| 8 | ശ്രീ. കെ. കെ. നാരായണൻ (റിട്ട.),<br>നച്ചിങ്ങത്ത് ഹൗസ്, കായണ്ണബസാർ (പി.ഒ),<br>കോഴിക്കോട് | 11-10-2001 3-2-2002<br>20-3-2002 1-7-2002 |

## ബാധ്യതപ്പെട്ട ഭരണസമിതി അംഗങ്ങൾ

ഒന്നാം ഭരണസമിതി (1-4-1997 മുതൽ 30-9-2000 വരെ)

| *ക്രമ നമ്പർ* | *പേര്, മേൽവിലാസം* | *ഔദ്യോഗിക സ്ഥാനം* |
|---|---|---|
| 1 | ശ്രീ. എം. എം. സ്കറിയ,<br>മുറിഞ്ഞകല്ലേൻ, കൂരാച്ചുണ്ട് | പ്രസിഡന്റ് |
| 2 | ശ്രീ. ആന്റണി ജോസഫ്,<br>പള്ളിപ്പുറം, കല്ലാനോട് പി.ഒ. | വൈസ് പ്രസിഡന്റ് |
| 3 | ശ്രീമതി മേരിജോർജ്,<br>അപ്പക്കൽ, ചെറുക്കാട് പി.ഒ. | മെമ്പർ |
| 4 | ശ്രീ. കെ. കെ. ഗോപാലൻ (മരണപ്പെട്ടു) | മെമ്പർ |
| 5 | ശ്രീ. ജോസഫ് തൊമ്മൻ,<br>അറയ്ക്കൽ, കൂരാച്ചുണ്ട് പി.ഒ. | മെമ്പർ |
| 6 | ശ്രീമതി ത്രേസ്യാമ്മ മാത്യു,<br>പൂവത്തിങ്കൽ, കക്കയം പി.ഒ. | മെമ്പർ |
| 7 | ശ്രീ. ജോസ്,<br>എട്ടിയിൽ, കല്ല്യാനോട് പി.ഒ. | മെമ്പർ |
| 8 | ശ്രീ. ഒ. ഡി. തോമസ്,<br>ഒറ്റപ്ലാക്കൽ, കൂരാച്ചുണ്ട് പി.ഒ. | മെമ്പർ |
| 9 | ശ്രീമതി ലൗലി തോമസ്,<br>കീച്ചേരി, കൂരാച്ചുണ്ട് പി.ഒ. | മെമ്പർ |

## രണ്ടാം ഭരണസമിതി (1-10-2000 മുതൽ 30-9-2005 വരെ)

| *ക്രമ നമ്പർ* | *പേര്, മേൽവിലാസം* | *ഔദ്യോഗിക സ്ഥാനം* |
|---|---|---|
| 1 | ശ്രീമതി മേരി സെബാസ്റ്റ്യൻ,<br>ഏറത്തേൽ, കൂരാച്ചുണ്ട് പി.ഒ. | പ്രസിഡന്റ്<br>1-10-2000—12-5-2003 |
| 2 | ശ്രീ. ഒ. കെ. അമ്മത്,<br>ഓടക്കയിൽ, കൂരാച്ചുണ്ട് പി.ഒ. | പ്രസിഡന്റ്<br>12-5-2003—5-6-2003<br>(ചുമതല) |
| 3 | ശ്രീമതി റെജീന ജേക്കബ്,<br>ഒഴുകയിൽ, കൂരാച്ചുണ്ട് പി.ഒ. | പ്രസിഡന്റ്<br>5-6-2003—26-12-2003 |
| 4 | ശ്രീ. ഒ. ഡി. തോമസ്,<br>ഒറ്റപ്ലാക്കൽ, കൂരാച്ചുണ്ട് പി.ഒ. | പ്രസിഡന്റ്<br>26-12-2003—22-1-2004 |
| 5 | ശ്രീമതി സാബിറ ബഷീർ,<br>കൊടുമയിൽ, കല്ല്യാനോട് പി.ഒ. | പ്രസിഡന്റ്<br>22-1-2004—13-12-2004 |
| 6 | ശ്രീ. സെബാസ്റ്റ്യൻ ജോസഫ്,<br>മുണ്ടകപ്പറമ്പിൽ, ചെറുക്കാട് പി.ഒ. | പ്രസിഡന്റ്<br>13-12-2004—31-12-2004<br>(ചുമതല) |
| 7 | ശ്രീമതി തെയ്യാമ്മ മാത്യു,<br>അകമ്പടിയിൽ, കല്ല്യാനോട് പി.ഒ. | പ്രസിഡന്റ്<br>31-12-2004—30-9-2005 |
| 8 | ശ്രീ. ആന്റണി വിൻസന്റ്,<br>പള്ളിപ്പറമ്പിൽ, കക്കയം പി.ഒ. | മെമ്പർ |
| 9 | ശ്രീ. പ്രസാദ് ബാലൻ,<br>കുന്നുംപുറത്ത്, കൂരാച്ചുണ്ട് പി.ഒ. | മെമ്പർ |
| 10 | ശ്രീ. ജോസ് കെ. പോൾ,<br>കൂവണ്ണിയിൽ, ചെറുക്കാട് പി.ഒ. | മെമ്പർ |

## ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട എഞ്ചിനീയറുടെ പേരും വിലാസവും കാലയളവും

| | | |
|---|---|---|
| 1. | ശ്രീ. ജോഷി സിറിയക്ക് (ബി.ഇ. സിവിൽ),<br>പാറഅലക്കൽ ഹൗസ്, കായണ്ണ പി.ഒ. | അപ്രന്റീസ് എഞ്ചിനീയർ<br>(1-7-1998—31-12-1998) |
| 2. | ശ്രീ. മനോജ്, കെ. (ബി.ടെക്, സിവിൽ),<br>അജിതാലയം, ബാലുശ്ശേരി | ബിഎൽഇസി മെമ്പർ,<br>ബാലുശ്ശേരി ബ്ലോക്ക് 1-1-1999 മുതൽ പൂർത്തിയാകുന്നത് വരെ |

## മൂല്യനിർണ്ണയം നടത്തിയ എഞ്ചിനീയർ

1. ശ്രീ. ബിനീഷ്, കെ. കെ. (ബി.ടെക്., സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ
തുഷാരം, പാറന്നൂർ, നരിക്കുനി. എൽ.എസ്.ജി.ഡി. സെക്ഷൻ,
കാക്കൂർ ഗ്രാമപഞ്ചായത്ത്.

37. തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 21-10-2009-ലെ 27424/എ.ബി.2/08 നമ്പർ കത്തുപ്രകാരം ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് അധികരിച്ച് തുക ചെലവാക്കിയതിന്മേൽ മുൻ പഞ്ചായത്ത് സെക്രട്ടറിമാരും ഭരണസമിതി അംഗങ്ങളും സമർപ്പിച്ച വിശദീകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം പദ്ധതി നടത്തിപ്പിൽ അഴിമതി നടന്നിട്ടില്ലെന്നും നിയമാനുസൃത മാണ് കാര്യങ്ങൾ ചെയ്തിരിക്കുന്നതെന്നും വിശദീകരണം നൽകിയിട്ടുണ്ട്.

38. മേൽ പരാമർശവുമായി ബന്ധപ്പെട്ട് ഭരണസമിതി അംഗങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ഹർജികൾ 17-8-2010-ലെ യോഗത്തിൽ സമിതി പരിഗണിച്ചു. ജി.ഒ. (പി) 218/98/എൽ.എ.ഡി. തീയതി 23-10-1998 എന്ന ഉത്തരവു പ്രകാരം അധികച്ചെലവുണ്ടായിട്ടില്ലെന്നും മൂല്യനിർണ്ണയത്തിൽ 30% കൂടി കണക്കിലെടുത്തതു കൊണ്ടാണ് അധിക ചെലവുണ്ടായതെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 28-12-2010-ലെ 67483/എ.ബി.2/08/ നമ്പർ കത്തുപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

39. "തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കെട്ടിടത്തിന്റെ മൂല്യനിർണയം നടത്തിയിരിക്കുന്നത് പ്രോജക്ട് എസ്റ്റിമേറ്റ് നിരക്ക് പ്രകാരമാണെന്നും കാലാകാലങ്ങളിൽ എസ്റ്റിമേറ്റ് നിരക്കിൽ സർക്കാർ അനുവദിച്ചു വരുന്ന വർദ്ധനവിന്റെ ആനുകൂല്യം കണക്കാക്കിയിട്ടില്ലായെന്നും അതുകൂടി പരിഗണിക്കണ മെന്നതുമായിരുന്നു പഞ്ചായത്ത് അംഗങ്ങളുടെ പരാതി." സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ 23-11-2010-ൽ നടത്തിയ തെളിവെടുപ്പിലും പഞ്ചായത്തംഗങ്ങൾ ഇതേ പരാതിയാണ് ഉന്നയിച്ചത്. 23-10-1998-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നമ്പർ 218/98/എൽ.എ.ഡി. പ്രകാരം 1996-ലെ പി.ഡബ്ല്യൂ.ഡി. അംഗീകൃത നിരക്ക് അനുസരിച്ച് തയ്യറാക്കുന്ന എസ്റ്റിമേറ്റുകൾ പ്രകാരം 1998-99 വർഷത്തെ പദ്ധതി കൾക്ക് 1996-ലെ നിരക്കാണെങ്കിൽ 40% വരെ അധിക തുക നൽകാമെന്ന് നിർദ്ദേശിച്ചിരുന്നു. അതുപോലെ 2-8-2001-ലെ സ.ഉ.(പി) നമ്പർ 189/2001/എൽ.എ.ഡി. പ്രകാരം 1999-ലെ പി.ഡബ്ല്യു.ഡി. അംഗീകൃത നിരക്ക് അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ പ്രകാരം 1999-2000 വർഷത്തെ പദ്ധതികൾക്ക് 10% വരെ അധിക തുക നൽകാമെന്നും നിർദ്ദേശിച്ചിരുന്നു.

40. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് എന്ന കെട്ടിടം പണിതത് 1998-99-നു ശേഷമായതിനാൽ പ്രസ്തുത സർക്കാർ ഉത്തരവു കളിലെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് കെട്ടിടത്തിന്റെ മൂല്യനിർണയം നടത്തുവാൻ സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ തദ്ദേശസ്വയംഭരണ വകുപ്പു ചീഫ് എഞ്ചിനീയറുടെ കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ്

എഞ്ചിനീയറോട് ആവശ്യപ്പെടുകയും അതനുസരിച്ച് 8-12-2010-ൽ സമർപ്പിക്കപ്പെട്ട പുനർമൂല്യനിർണയം ചെയ്ത സർട്ടിഫിക്കറ്റ് പ്രകാരം 19,15,092 രൂപ മൂല്യം നിശ്ചയിച്ചിരിക്കുന്നു. പഞ്ചായത്ത് രേഖകൾ പ്രകാരം ആകെ ചെലവ് 21,93,347 രൂപ. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർണ്ണയിച്ച മൂല്യത്തേക്കാൾ (21,93,347—19,15,095) 2,88,255 രൂപ അധിക ചെലവ് വന്നിട്ടുണ്ട്.

41. കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് 1997-98 വർഷം ആരംഭിച്ച ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് എന്ന പദ്ധതി പഞ്ചായത്ത് സ്വയം ഏറ്റെടുത്ത് 30-3-2002-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇത്തരം ഒരു ബൃഹത്തായ പദ്ധതി സ്വയം ഏറ്റെടുത്തു നടത്തുവാൻ പഞ്ചായത്ത് തീരുമാനിച്ചത് സദുദ്ദേശത്തോടെയാണെങ്കിലും അതിനുള്ള സാങ്കേതിക ജ്ഞാനമോ മുൻപരിചയമോ പഞ്ചായത്ത് സെക്രട്ടറിമാർക്കോ അംഗങ്ങൾക്കോ ഉണ്ടായിരുന്നില്ല. വളരെ വലിയൊരു കുന്ന് ഇടിച്ചു നിരത്തിയും പാറ പൊട്ടിച്ച് മാറ്റിയുമാണ് ഇന്ന് സ്ഥിതിചെയ്യുന്ന കെട്ടിടം പണിഞ്ഞിരിക്കുന്നത്. ചെലവായ തുകയുടെ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. പ്രവൃത്തി കുറ്റമറ്റതാക്കിത്തീർക്കുവാനുള്ള അത്യുത്സാഹത്തിൽ ഗുണനിലവാരം കൂടുതലുള്ള സാമഗ്രികൾ വാങ്ങിക്കുകയും കൂടുതൽ തൊഴിൽ ദിനങ്ങൾ ചെലവഴിക്കുകയും ചെയ്തിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാകില്ല.

42. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പഞ്ചായത്ത് നേരിട്ട് പൊതുമരാമത്ത് പണികൾ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ 12.1 ചട്ടം അനുസരിച്ച് ഏതെങ്കിലുമൊരു പൊതുമരാമത്ത് പണി പഞ്ചായത്ത് നേരിട്ട് നടത്തുന്ന സംഗതിയിൽ പ്രസ്തുത പണിയുടെ മൊത്തം ചെലവ് 6-ാം ചട്ടപ്രകാരം തയ്യാറാക്കി എസ്റ്റിമേറ്റിലെ മൊത്തം തുകയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

43. എന്നാൽ നിർമ്മാണ വസ്തുക്കളുടെ പ്രാദേശിക വിലയും പണിക്കൂലിയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലാണെന്ന കാരണത്താൽ മൊത്തം ചെലവ് എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ചിട്ടുണ്ടെന്ന് പഞ്ചായത്തിന് ബോധ്യമാകുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ അഞ്ചു ശതമാനത്തിൽ കവിയാത്ത അത്തരം ചെലവ് പഞ്ചായത്തിന് അംഗീകരിക്കാവുന്നതാണ്.

44. എന്നുമാത്രമല്ല, എസ്റ്റിമേറ്റ് തുകയുടെ അഞ്ചു ശതമാനത്തിൽ കവിഞ്ഞ അത്തരം അധിക ചെലവ് 5-ാം ചട്ടം (1) ഉപചട്ടത്തിൽ പരാമർശിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ മുൻകൂർ അനുമതിയോടെ പഞ്ചായത്തിന് അംഗീകരിക്കാവുന്നതാണ്.

45. എസ്റ്റിമേറ്റ് നിരക്കിൽ മൂല്യനിർണ്ണയം നടത്തിയ തുകയെക്കാൾ 2,88,255 രൂപയുടെ അധിക ചെലവാണ് ഉണ്ടായിരിക്കുന്നത്. പ്രസ്തുത ചെലവ് പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം സാങ്കേതികാനുമതി നൽകിയ അധികാരസ്ഥാനത്തിന്റെ അനുമതിയോടെ പഞ്ചായത്തിന് അംഗീകരിക്കാമായിരുന്നു. അപ്രകാരം അംഗീകാരം നൽകിയിട്ടില്ലായെന്ന സാങ്കേതിക പിഴവ് മാത്രമേ ചൂണ്ടിക്കാട്ടാൻ കഴിയൂ. അതിനാൽ പ്രസ്തുത തുക പ്രവൃത്തിയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച പഞ്ചായത്ത് അംഗങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കണമെന്ന നിർദ്ദേശം പുനഃപരിശോധിക്കണമെന്ന് ശുപാർശ ചെയ്യുന്നു”.

46. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് 25-1-2011-ൽ ചേർന്ന യോഗത്തിൽ സമിതി പരിശോധിക്കുകയും കൂരാച്ചുണ്ടിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

**47. ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് തുക തിരിച്ചു പിടിക്കേണ്ട സാഹചര്യമില്ലെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു.**

ചാത്തമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് സെന്റർ പൂർത്തിയായില്ല, 9.2 ലക്ഷം, പാഴ്ച്ചെലവ്**

നിർമ്മാണ വേളയിൽ ഉയർന്ന പരാതിയുടെ പേരിൽ നിർത്തിവെച്ച ഷോപ്പിംഗ് സെന്റർ പണി പരാതി പരിഹരിച്ചിട്ടും പൂർത്തിയാക്കിയില്ല. നാമ മാത്ര പണികൾ മാത്രമാണ് ബാക്കിയുള്ളത്. സ്ഥിരം വരുമാനം ലക്ഷ്യമിട്ട് 1999-2000-ത്തിലാണ് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് സെന്റർ പണി തുടങ്ങിയത്. 3/2001 വരെ പദ്ധതി വിഹിതം 9,24,515 രൂപ ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിന്റെ ഉദാസീനതയാൽ പദ്ധതി ലക്ഷ്യപ്രാപ്തി നേടാതെ 9,24,515 രൂപ പാഴ്ച്ചെലവായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.I.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 6-9-2008-ലെ 29687/എ.ബി.2/08നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

48. "ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പ്രവൃത്തി ഏറ്റെടുത്ത ഗുണഭോക്തൃ സമിതിക്ക് ആകെ 9,24,515 രൂപ നൽകിയിരുന്നു."

| | | |
|---|---|---|
| 27-2-2000 മൊബിലൈസേഷൻ അഡ്വാൻസ് | .. | 1,00,000 രൂപ |
| 14-7-2000 വാല്യുവേഷൻ | .. | 1,80,727 രൂപ |
| 14-8-2000 വാല്യുവേഷൻ | .. | 1,44,000 രൂപ |
| 23-3-2000 വാല്യുവേഷൻ | .. | 2,39,273 രൂപ |
| 8-3-2000 വാല്യുവേഷൻ | .. | 2,60,515 രൂപ |
| ആകെ | .. | 9,24,515 രൂപ |

49. 2001-2002 ഓഡിറ്റ് നടന്ന വർഷം മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തീകരിച്ചിരുന്നില്ല. എന്നാൽ മേൽപ്പറഞ്ഞ ഓഡിറ്റ് പരാമർശപ്രകാരം കൺവീനർക്ക് 15-5-2004-ന് എ.1/207/03(2) നമ്പർ പ്രകാരം നോട്ടീസ് നൽകുകയും കൺവീനർ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ 17-12-2005-ന് ഹാജരാക്കുകയും ചെയ്തു. ഫൈനൽ ബിൽ പ്രകാരം കമ്മിറ്റി 9,20,210 രൂപയുടെ പ്രവൃത്തിയാണ് ചെയ്തത്. ആയത് പ്രകാരം ഗുണഭോക്തൃ കമ്മിറ്റി അധികമായി കൈപ്പറ്റിയ 4,305 രൂപ 13-1-2006-ന് 9636/96-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ഷോപ്പിംഗ് സെന്റർ 2007-2008 വർഷത്തിൽ വാടകയ്ക്ക് നൽകുകയും 81,230 രൂപ വാടകയിനത്തിൽ പഞ്ചായത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തിലെ പ്രവൃത്തി പൂർത്തികരിച്ചതായും പ്രസ്തുത കെട്ടിടം വാടകയ്ക്കു നൽകി പഞ്ചായത്തിനു വരുമാനം ലഭിച്ചതായും 17-9-2008-ലെ യോഗത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മേൽക്കാര്യം പരിശോധിച്ചു ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**50. ഷോപ്പിംഗ് സെന്ററിന്റെ പണി പൂർത്തീകരിച്ചതായും കെട്ടിടം വാടകയ്ക്കു നൽകുന്നതിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും പ്രസ്തുത കാര്യം പരിശോധിച്ചു ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കടലുണ്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കേസ് വ്യക്തിപരം, ഫീസ് പഞ്ചായത്തിൽ നിന്ന്**

വ്യക്തിപരമായ കേസ് നടത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഫണ്ടിൽ നിന്നും വക്കീൽ ഫീസ് നൽകി.

1996-1997 ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച സർച്ചാർജ്ജ് നടപടിക്കെതിരായി കേസ് നടത്താനാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും വക്കീൽ ഫീസ് നൽകിയത്. വ്യക്തിപരമായ ചെലവുകൾ പൊതുപണത്തിൽ നിറവേറ്റരുതെന്നതാണ് പൊതുധന വിനിയോഗത്തിന്റെ അടിസ്ഥാനതത്വം. ഇതിന് വിരുദ്ധമായി 3,000 രൂപ വക്കീൽ ഫീസായി ചെലവഴിച്ചത് നിരാകരിക്കുന്നു.

തുക ചെറുതാണെങ്കിലും സർച്ചാർജ്ജ് നടപടികൾ വ്യാപകമായതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത്തരം നിയമവിരുദ്ധ ചെലവുകൾ പെരുകാൻ ഇടയുണ്ട്. സർക്കാരിന്റെ ജാഗ്രതയോടുള്ള നടപടികൾ ക്ഷണിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.I.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 29687/എ.ബി.2/08നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

51. "2002-03 സാമ്പത്തിക വർഷത്തെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച 2-4 ഖണ്ഡിക പ്രകാരം ഓഡിറ്റ് തടസ്സം സംബന്ധിച്ച് മുൻ സെക്രട്ടറി ശ്രീ. ടി. ടി. കെ. ബാലൻ എന്നവർക്ക് 1-4-2005-ന് എ2.1134/2004 നമ്പർ കത്തു പ്രകാരം വിവരം അറിയിച്ചിരുന്നു. പ്രസ്തുത കത്തിന് മറുപടി ലഭിക്കാത്തതിനെ തുടർന്ന് 5-11-2007, 12-6-2008 എന്നീ തീയതികളിൽ ഓഡിറ്റ് തടസ്സമായി വന്ന 3,000 രൂപ അടയ്ക്കുന്നതിന് ടിയാന് നിർദ്ദേശം നൽകിയെങ്കിലും പ്രസ്തുത തുക അടയ്ക്കുന്നതിനുപകരം ടിയാൻ തന്ന മറുപടിയിൽ തുക അടയ്ക്കുവാൻ തനിക്ക് വ്യക്തിപരമായി ബാധ്യതയില്ലെന്ന് കാണിച്ചിരിക്കുകയാണ്. ആയതിനെത്തുടർന്ന് ടിയാനെതിരെ പഞ്ചായത്ത് ആർ.ആർ. നടപടി ഉടൻ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് 28-8-2008-ന് വീണ്ടും രജിസ്റ്റേർഡായി കത്തയച്ചിട്ടുണ്ട്. നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ടിയാൻ സംഖ്യ അടയ്ക്കാത്തപക്ഷം ആർ. ആർ. നടപടി സ്വീകരിക്കുന്ന തായിരിക്കും."

52. പ്രസ്തുത പരാമർശം 17-9-2008-ലെ യോഗത്തിൽ സമിതി പരിഗണന യ്ക്കെടുത്തു. വ്യക്തിപരമായ കേസ് നടത്തിപ്പിലേക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും നിയമവിരുദ്ധമായി പണം ചെലവുചെയ്ത മുൻ സെക്രട്ടറി ശ്രീ. ടി. ടി. കെ. ബാലനിൽ നിന്നും പ്രസ്തുത തുകയായ 3,000 രൂപ 18% പലിശ സഹിതം ഈടാക്കുന്നതിലേക്ക് ആർ. ആർ. നടപടി സ്വീകരിക്കുവാനും പണാപഹരണ ത്തിന്, അദ്ദേഹത്തിനെതിരെ Criminal misappropriation-ന് പഞ്ചായത്ത് കേസ് ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാനും ഇപ്പോഴത്തെ സെക്രട്ടറിയെ ചുമതലപ്പെടുത്താൻ സമിതി തീരുമാനിച്ചു. ഇതു സംബന്ധിച്ച പുരോഗതിയും സമിതിയെ അറിയിക്കണമെന്ന് സമിതി തുടർന്നറിയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 2-1-2009-ലെ 79150/എ.ബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിക്കുന്നു:

53. "വക്കീൽ ഫീസ് ഇനത്തിൽ നൽകിയ 3,000 രൂപ മുൻ സെക്രട്ടറിയായ ശ്രീ. ടി. ടി. കെ. ബാലനിൽ നിന്നും 15-2-2003 മുതൽ 18% പലിശ സഹിതം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15-10-2008-ലെ എ5.1721/08 നമ്പർ കത്ത് പ്രകാരം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 4-8-2009-ലെ 79150/എ.ബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

54. "നിയമസഭാ സമിതിയുടെ 17-9-2008-ലെ ശുപാർശ പ്രകാരം ശ്രീ. ടി.ടി.കെ. ബാലനിൽ നിന്നും 3,000 രൂപ 18% പലിശസഹിതം 6,240 രൂപ ഈടാക്കി വടകര റവന്യൂ റിക്കവറി തഹസിൽദാർ 16-3-2009-ലെ 957743-ാം നമ്പർ ഡി.ഡി.

പ്രകാരം 1-6-2009-ന് ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കി ടി തുക 1-6-2009-ലെ 54622/67-ാം നമ്പർ രശീതി പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.''

**നിഗമനങ്ങൾ/ശുപാർശകൾ**

**55. ഓഡിറ്റ് നിരാകരിച്ച തുക പലിശസഹിതം ഈടാക്കിയതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

കോട്ടൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വോളിബോൾ കോച്ചിംഗ് ക്യാമ്പ്—പാഴ്ച്ചെലവ്**

യു. പി. സ്കൂളിൽ പഠിക്കുന്ന വോളിബോൾ കളിയിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി 30 പേർക്ക് പരിശീലനം നൽകാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ഈയിനത്തിൽ 10,000 രൂപയും ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടുമായി യാതൊരു പൊരുത്തവുമില്ലാത്ത ബില്ലുകളുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിലാണ് ടി തുക ചെലവാക്കിയിരിക്കുന്നത്. കോച്ചിംഗ് ക്യാമ്പ് നടന്നിട്ടുണ്ടോ എന്നുള്ളത് സംശയാസ്പദമാണ്. ആകയാൽ ടി ചെലവ് അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.11.4(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 36763/എ.ബി.2/08/ തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

56. "കോഴിക്കോട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 23-10-2003-ലെ എൽ.എഫ്.പി.3-790/03(1) നമ്പർ കത്തിലെ 21-ാം ഖണ്ഡിക സംബന്ധിച്ച അനന്തര പരാമർശപ്രകാരം പ്രസ്തുത തടസ്സം ഒഴിവാക്കിയിട്ടുള്ളതായി ബോധിപ്പിക്കുന്നു.''

57. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ 17-9-2008-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**58. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ചെലവു ചെയ്തതിന് ഡി.പി.സി. അംഗീകാരമുണ്ടെന്നും പരാമർശം ഒഴിവാക്കാമെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## എലത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള വിപുലീകരണ പദ്ധതി പരാജയം**

പദ്ധതിവിഹിതം 3.75 ലക്ഷം രൂപ നിക്ഷേപിച്ചു വർഷങ്ങൾ കഴിഞ്ഞിട്ടും എലത്തൂർ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായില്ല. പദ്ധതിക്കുവേണ്ടി നിലവിലുണ്ടായിരുന്ന കുടിവെള്ള വിതരണ സംവിധാനമായ പഴയ ടാങ്ക് പൊളിച്ചതിനാൽ പഞ്ചായത്തിലെ 1,2,5 വാർഡുകളിൽ കുടിവെള്ളം മുടങ്ങിയിരിക്കുകയാണ്. 1997-98 വർഷം 3 ലക്ഷം രൂപയും പിന്നീട് 75,000 രൂപയും കേരളാ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തെങ്കിലും ടാങ്ക് നിന്ന സ്ഥലം സംബന്ധിച്ച് തർക്കമുള്ളതിനാൽ മുഴുവൻ തുകയും പാഴ്ച്ചെലവായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.5.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 15-1-2008-ലെ 1369/എ.ബി.1/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

59. "പഞ്ചായത്തിലെ 1,2,5 വാർഡുകളിലെ ശുദ്ധജല വിതരണത്തിനായി നിർമ്മിച്ച സംഭരണി കാലപ്പഴക്കത്താൽ പൊളിഞ്ഞു വീഴാറായ സാഹചര്യത്തിൽ ആയത് പൊളിച്ച് പുതിയൊരു ടാങ്ക് നിർമ്മിക്കാനും പുതിയ ടാപ്പുകൾ സ്ഥാപിക്കാനുമാണ് 1997-98 വർഷം 3 ലക്ഷം രൂപ അടങ്കലിൽ പദ്ധതിക്ക് അംഗീകാരം നൽകിയത്. തുക കേരളാ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി ടെണ്ടർ ചെയ്ത് ടാങ്ക് പൊളിച്ച് മാറ്റിയപ്പോൾ ടാങ്ക് നിന്ന സ്ഥലത്തെ സംബന്ധിച്ച് തർക്കം ഉണ്ടായതിനാൽ പ്രവൃത്തി നടത്താനായില്ല. പിന്നീട് തർക്കം പരിഹരിച്ച് സ്ഥലം പഞ്ചായത്തിന് ലഭ്യമായശേഷം പ്രവൃത്തി ആരംഭിച്ച് 31-5-2004-ന് പൂർത്തിയായി. 20000 ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ ടാങ്ക്, 5 പുതിയ ടാപ്പുകൾ എന്നിവ സ്ഥാപിച്ചിരിക്കുന്നു. മാത്രമല്ല, വെള്ളം കിട്ടാതിരുന്ന 10-ഓളം പൊതു ടാപ്പുകളിലും 15-ഓളം ഗാർഹിക കണക്ഷനുകളിലും വെള്ളം ലഭിച്ചു തുടങ്ങി. പദ്ധതിക്ക് 3,51,829 രൂപ ചെലവ് വന്നു."

60. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 17-9-2008-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. അമ്പതു വർഷം പഴക്കമുള്ള ടാങ്ക് പൊളിച്ചു നീക്കി ഒരു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് സ്ഥാപിക്കാനുള്ള പദ്ധതിയായിരുന്നെന്നും എന്നാൽ പ്രാദേശികമായ എതിർപ്പുമൂലം ഇരുപതിനായിരം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിക്കാനേ സാധിച്ചുള്ളൂവെന്നും എലത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരണം നൽകി. കൂടാതെ പുതിയ ടാങ്ക് സ്ഥാപിക്കുക വഴി അഞ്ചു പുതിയ കണക്ഷനുകൾ നൽകാനും 15 ടാപ്പുകളിലേക്ക് അഡീഷണൽ കണക്ഷനുകൾ ലഭ്യമാക്കുന്നതിനും സാധിച്ചതായി പഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു.

61. പ്രസ്തുത പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്ന തുകയിൽ, പദ്ധതിക്കു ചെലവുവന്ന തുക കിഴിച്ച് ബാക്കി, വന്നതിന്, നിലവിൽ പഞ്ചായത്തിൽ നടന്നുവരുന്ന മൂന്നു പദ്ധതികളിൽ ക്രമപ്പെടുത്തി നൽകാമെന്ന് വാട്ടർ അതോറിറ്റി അധികൃതർ അറിയിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഇതിലേക്ക് വാട്ടർ അതോറിറ്റിയിൽ അപേക്ഷ നൽകി അംഗീകാരം അടിയന്തിരമായി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി നിർദ്ദേശം നൽകി.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-12-2008-ലെ 27424/എ.ബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

62. "കുടിവെള്ള പദ്ധതിക്ക് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്ത 3,75,000 രൂപയിൽ ചെലവ് കിഴിച്ച് ബാക്കി തുകയായ 23,171 രൂപ ഗ്രാമപഞ്ചായത്തിൽ തിരിച്ചടയ്ക്കണമെന്ന് വാട്ടർ അതോറിറ്റി എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. ടി തുക ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കാൻ പോകുന്ന ചെറുകാട് ശുദ്ധജല വിതരണ പദ്ധതിക്ക് വേണ്ടിവരുന്ന അധികതുകയിലേക്ക് മാറ്റുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി തുക ചെറുകാട് ശുദ്ധജലവിതരണ പദ്ധതിക്ക് മാറ്റി വയ്ക്കാൻ എലത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 30-10-2008-ലെ 7/8(08-09) നമ്പർ ആയി തീരുമാനം എടുത്തിട്ടുണ്ട് എന്ന വിവരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു."

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 6-2-2009-ലെ LF 1344/ Spl.CellG2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

63. "ചെറുകാട് ഒ.എൽ.എച്ച്. കോളനി കുടിവെള്ള പദ്ധതി പ്രോജക്ട് എസ്. 1113/08 ആയി അംഗീകരിച്ച് 2006-07 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ്. പ്രോജക്ട് രജിസ്റ്ററിൽ 2007-08-ൽ 1,85,000 രൂപ പദ്ധതി ചെലവ് കാണിച്ചിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ യഥാർത്ഥ ചെലവ് തുക തിട്ടപ്പെടുത്തിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

**64. വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള 23,171 രൂപ ചെറുകാട് ശുദ്ധജലവിതരണ പദ്ധതിക്കായി മാറ്റിവയ്ക്കാൻ എലത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

## കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ്, 53,822 രൂപ നഷ്ടം**

നേരിട്ട് ചെയ്യാൻ തീരുമാനിച്ച മരാമത്ത് പ്രവൃത്തി കരാറുകാരനെ ഏല്പിച്ച് 53,822 രൂപ പഞ്ചായത്തിന് നഷ്ടം വരുത്തി. 1998-99-ലെ 4,66,500 രൂപ അടങ്കൽ കണക്കാക്കിയ പഞ്ചായത്ത് ബസ്-സ്റ്റാന്റ്-കം-ഷോപ്പിംഗ്-കോംപ്ലക്സ് നേരിട്ട് നടത്താൻ 30-11-1999-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. നമ്പർ 96(2) ഇതിന് വിരുദ്ധമായി യാതൊരു നിബന്ധനകളും പാലിക്കാതെ പണി കരാറുകാരനെ ഏൽപ്പിക്കുകയും 5,25,098 രൂപ നൽകുകയും ചെയ്തതായി കാണുന്നു. ഓരോയിനം പ്രവൃത്തിയും ചെയ്യാൻ രണ്ടുപേരിൽ നിന്ന് കൊട്ടേഷൻ സ്വീകരിച്ചതായി കാണിച്ച് പ്രവൃത്തി ഒരാളെ ഏൽപ്പിക്കുകയായിരുന്നു. മാത്രമല്ല രേഖകൾപ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 4,71,276 രൂപ മാത്രമാണ്. അധികം നൽകിയ 53,822 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.6.)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6-9-2008-ലെ 27424/എ.ബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

65. "ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി പി. വള്ളിക്ക് നൽകിയിട്ടുണ്ട്. 2000-01-ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5 പ്രകാരം പ്രസ്തുത പ്രവൃത്തിയിലുണ്ടായ നഷ്ടം 53,822 രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ 25,000 രൂപ 23-11-2005-ന് 48682/40-ാം നമ്പർ രസീത് പ്രകാരവും ബാക്കി തുകയായ 28,822 രൂപ 30-5-2007-ലെ 22757/86-ാം നമ്പർ രസീത് പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്."

66. ഓഡിറ്റ് നിരാകരിച്ച 53,822 രൂപ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി പി. വള്ളി പഞ്ചായത്തിൽ ഒടുക്കിയതായി കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17-9-2008-ലെ യോഗത്തിൽ സമിതി മുമ്പാകെ ബോധിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റു വകുപ്പിനെ കാണിച്ചു ബോധ്യപ്പെടുത്തുന്ന പക്ഷം പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

67. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 6-2-2009-ലെ LF.1344/spl.cellG2/92 നമ്പർ കത്തുപ്രകാരം തുക തിരിച്ചടച്ചതിന്റെ രസീതുകൾ പരിശോധിച്ചുവെന്നും കരാറുകാരന് അധികം നൽകിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

**68. ബസ് സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിച്ച 53,822 രൂപ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റു വകുപ്പു പരിശോധിച്ചു ബോധ്യപ്പെട്ടതായി റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## പനങ്ങാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓടുമേയൽ-ജനറൽ/എസ്. സി. വിഭാഗങ്ങൾക്ക് ധനസഹായം—അധികച്ചെലവ്**

ഓല മേഞ്ഞ വീടുകൾ ഉള്ള ദുർബല വിഭാഗത്തിൽപ്പെട്ട 22 കുടുംബങ്ങൾക്കും എസ്. സി. വിഭാഗത്തിൽപ്പെട്ട 50 കുടുംബങ്ങൾക്കും വീട് ഓട് മേയുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ, ഓരോ ഗുണഭോക്താവിന്റെയും വീട് ഓടു മേയുന്നതിന് എത്ര ഓടുകൾ വീതം വേണമെന്ന് കൃത്യമായി കണക്കാക്കാതെ ജനറൽ വിഭാഗത്തിൽ 787 ഓടുകൾ, എസ്. സി. വിഭാഗത്തിന് 945 ഓടുകൾ എന്ന രീതിയിൽ മൊത്തം 26451 ഓടുകൾ (18 x 787 + 13 x 945) വാങ്ങുകയാണുണ്ടായത്. ടി ഓടുകൾക്ക്, കൊട്ടേഷൻ അംഗീകരിച്ചത് 1000 ഓടിന് 5850 നിരക്കിലാണ് എന്നാൽ ടി ഓടിന്റെ വിലയായി 1,67,964 രൂപ ചെലവഴിച്ചു. അധികമായി ചെലവഴിച്ച 13,226 രൂപ (1,67,964-1, 54,738=13,226) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.11.3(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 36763/എ.ബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

69. "ഓഡിറ്റ് റിപ്പോർട്ടിന്മേൽ സെക്രട്ടറി നൽകിയ പ്രഥമ മറുപടിയിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ട്. കയറ്റിറക്കുകൂലി അടക്കമുള്ള തുകയാണ് കൊട്ടേഷനിൽ കാണിച്ചിട്ടുള്ളത്. ആയതു കൊണ്ട് ഓടു വാങ്ങിയതിന് അധികം തുക നൽകിയിട്ടില്ലാത്തതിനാൽ തടസ്സം തുടരുന്നില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 25-3-2003-ലെ എൽ.എഫ്.പി.4/1518/02-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്."

70. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 17-9-2008-ലെ യോഗത്തിൽ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**71. ഓടു മേയൽ-ജനറൽ/എസ്.സി. വിഭാഗങ്ങൾക്കു ധനസഹായം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കൊടുവള്ളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽരഹിതവേതനം—ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ ക്രമക്കേട്**

സർക്കാർ നിർദ്ദേശം പാലിക്കാതെ അപേക്ഷകർക്കെല്ലാം പഞ്ചായത്ത് തൊഴിൽ രഹിത വേതനം അനുവദിച്ചു. തൊഴിൽ വകുപ്പിന്റെ 28-5-1998-ലെ പി. 23/98 ഉത്തരവിലെ നിർദ്ദേശങ്ങൾ അവഗണിച്ച് 2000-01-ൽ 300 പേർക്ക് വേതനം അനുവദിച്ചതായി കാണുന്നു. അനർഹർ വേതനം കൈപ്പറ്റുന്നതിനാൽ ഖജനാവിന് ലക്ഷങ്ങളുടെ നഷ്ടം കണക്കാക്കാം. അപേക്ഷകളിൽ തദ്ദേശ ഭരണാധികാരി 45 ദിവസത്തിനകം അന്വേഷണം നടത്തണമെന്ന ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി 98-99 ലും 99-2000-ലും ലഭിച്ച 300 അപേക്ഷകളും അംഗീകരിച്ചു. നിരസിച്ച ഒരു അപേക്ഷ പോലും കണ്ടെത്താനാകാത്തത് ദുരൂഹമാണ്. ഗുണഭോക്താക്കളുടെ പേര് പഞ്ചായത്ത് മിനിട്സിൽ രേഖപ്പെടുത്തിയില്ല. അപേക്ഷകരുടെ കുടുംബ, വരുമാന രേഖകൾ സംശയാസ്പദമാണ്. സർക്കാർ നിർദ്ദേശപ്രകാരം അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും കാണാൻ കഴിഞ്ഞില്ല. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ലഭ്യമല്ല. 2000-01 മുതൽ 2002-2003 വരെ ആകെ 15,51,057 രൂപ തൊഴിൽ രഹിത വേതനമായി വിതരണം ചെയ്തതായി കാണുന്നു. തൊഴിൽ രഹിത വേതന ചട്ടങ്ങളിലെ 7, 8 പ്രകാരം വിശദമായ അന്വേഷണം നടത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 27424/എ.ബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

72. "കൊടുവള്ളി ഗ്രാമപഞ്ചായത്തിന്റ 2000-01-ലെ ഓഡിറ്റ് റിപ്പോർട്ടിന് നൽകിയ പ്രഥമ മറുപടിയിന്മേൽ പാര 52 പ്രകാരം ഉന്നയിച്ച ടി പരാമർശം കോഴിക്കോട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്റുടെ 29-12-2004-ലെ കെ.ഡിസ്.-1/642/04-ാം നമ്പർ അനന്തര പരാമർശപ്രകാരം ഒഴിവാക്കിയിട്ടുണ്ട്."

73. ഓഡിറ്റ് കഴിഞ്ഞയുടൻ മേൽ പരാമർശം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അന്വേഷണത്തിന് നൽകിയതിന്റെ

അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുകയും അനർഹമായി തൊഴിൽരഹിത വേതനം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും തുക തിരിച്ച് പിടിക്കുന്നതിന് 8-12-2004-ലെ സി.4. 1215/04 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം തടസ്സപ്പെടുത്തിയ തുകയായ 57,020 രൂപയിൽ 35,440 രൂപ ഗുണഭോക്താക്കളിൽ നിന്നും തിരിച്ചുപിടിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും തിരിച്ചു പിടിക്കാൻ ബാക്കി നിൽക്കുന്ന തുകയായ 21,580 രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനും, റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ 16-7-2008-ലെ 32/08-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിക്കുകയും അപ്രകാരം ഗുണഭോക്താക്കൾക്ക് നൽകേണ്ട നോട്ടീസ് 20-8-2008-ലെ എ3.1593/08 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുകയും ചെയ്തിരിക്കുകയാണ്. ഗുണഭോക്താക്കൾ തുക അടയ്ക്കാത്തപക്ഷം ആർ.ആർ. നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയതായി ബോധിപ്പിക്കുന്നു.

74. തൊഴിൽരഹിത വേതനം അപേക്ഷിച്ചവർക്കെല്ലാം അനുവദിച്ച് വിതരണം ചെയ്തു എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് 17-9-2008-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. അധികം വിതരണം ചെയ്തതിൽ 19,370 രൂപ തിരിച്ചുപിടിച്ചതായും ബാക്കിത്തുക തിരിച്ചു പിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും സെക്രട്ടറി അറിയിച്ചു. നടപടിക്രമങ്ങളിലെ വീഴ്ചയെപ്പറ്റി സമിതി ആരാഞ്ഞതിന് ഗുണഭോക്താക്കളുടെ പട്ടിക പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിരുന്നതായി സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. അനർഹർക്ക് നൽകിയ തൊഴിൽരഹിത വേതനം തിരിച്ചു പിടിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

75. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 3-1-2009-ലെ 27424/AB2/08 നമ്പർ കത്തു പ്രകാരം കൊടുവള്ളി ഗ്രാമപഞ്ചായത്തിൽ തൊഴിൽരഹിത വേതനം ഇനത്തിൽ ഇനിയും പിരിഞ്ഞു കിട്ടാൻ ബാക്കിയുള്ള 19,720 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിനായി 13-10-2008-ലെ എ3. 1593/08 നമ്പർ കത്തായി നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-12-2009-ലെ L.F.1344/Spl. Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

76. "അനർഹമായി തൊഴിൽരഹിത വേതനം കൈപ്പറ്റിയവരിൽ തുക തിരിച്ചടയ്ക്കാത്ത 8 പേരുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 28-10-2008-ലെ എ3.1593/08 നമ്പർ കത്തു പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോഴിക്കോട് ജില്ലാ കളക്ടർക്ക് ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ 21-11-2008-ലെ ഉത്തരവുപ്രകാരം ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതിനായി കോഴിക്കോട് തഹസിൽദാർ (റവന്യൂ റിക്കവറി) എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**77. അനർഹമായി തൊഴിൽ രഹിതവേതനം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാത്ത വരുടെ പേരിൽ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.**

## ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റോഡ് അറ്റകുറ്റപ്പണിക്ക് 52,316 രൂപ അധികച്ചെലവ്**

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പൊന്നരം തെരു-പുന്നത്തറ റോഡ് അറ്റകുറ്റ പണിക്ക് 52,316 രൂപയുടെ അധിക ചെലവ്.

(1) പൊതുമരാമത്ത് നിരക്കിൽ 2,06,384.68 രൂപ പ്രവൃത്തി മൂല്യം കണക്കാക്കിയ പണിക്ക് 49% ടെണ്ടർ അധികം 1,01,128.49 രൂപ കൂടി നൽകി. 1-9-1998-ലെ സർക്കാർ സർക്കുലർ 37783/പി3/98 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന ടെണ്ടർ അധികം 30 ശതമാനമാണ്. ഇതിന് വിരുദ്ധമായി 39,213 രൂപ അധികം ചെലവഴിച്ചു. അധിക ചെലവിന് സാധൂകരണം വാങ്ങിയില്ല.

(2) വേലയുടെ 9-ാം ഇനമായി 1721.7 ച.മീ, 100 എം.എം ഘനത്തിൽ 36 എം.എം. മെറ്റലിട്ടതായി രേഖയുണ്ട് (എം. ബുക്ക് 1/93-94, പേ. 37) ഇതിന് 172.17 എം.3 മെറ്റൽ ഉപയോഗിച്ചതായി അളവ് ബുക്കിൽ കാണാം (പേജ് 67) എം.3-ന് 329 രൂപ നിരക്കിൽ 198.9 എം.3 മെറ്റലാണ് ആകെ സംഭരിച്ചത് (അളവ് ബുക്ക് പേ. 28) സംഭരിച്ച മുഴുവൻ മെറ്റലും ഉപയോഗിച്ചതായി രേഖപ്പെടുത്തിയാണ് ബില്ല് തീർപ്പാക്കിയത് അധികം മെറ്റൽ ആവശ്യമായതിന് വിശദീകരണമില്ല. അധികം സംഭരിച്ച 26.73 എം.3 മെറ്റലിന്റെ വില ടെണ്ടർ അധികം ഉൾപ്പെടെ (26.73x329=8794+4309) 13,103 രൂപ അംഗീകരിക്കുന്നില്ല.

രണ്ടിനങ്ങളിലുമായി അധികം ചെലവായ 52,316 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.10)

തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 19-7-2008-ലെ 27424/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

78. പൊന്നരം തെരു-പുന്നത്തറ റോഡ് പ്രവൃത്തി 70%, 80% അധികനിരക്ക് കാണിച്ചാണ് ടെണ്ടറുകളെല്ലാം ലഭിച്ചത്. ആയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ

കരാറുകാരനിൽ നിന്ന് നെഗോഷ്യേഷൻ ആവശ്യപ്പെട്ടത് പ്രകാരമാണ് ശ്രീ. സി. അബ്ദുൾ ബഷീർ എന്നയാൾ 49% കൂടിയ നിരക്കിൽ പ്രവൃത്തി ഏറ്റെടുത്തത് ആയതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് വാങ്ങിയിരുന്നു. ആയതിൽ 49.1% കൂട്ടിയ നിരക്കിലുള്ള പ്രസ്തുത ടെണ്ടർ 28-11-1996-ലെ G.O.(Ms) 131/96/PW&T പ്രകാരം ന്യായമായിട്ടുള്ള താണെന്ന് കാണിച്ചിട്ടുള്ളതിനാലാണ് ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കു വാനനുമതി നൽകിയത്. പഞ്ചായത്തിന്റെ 14-8-2003 തീയതിയിലെ 111(ബി) നമ്പർ തീരുമാനപ്രകാരം ടെണ്ടർ അധികമായി ചെയ്തത് ക്രമവൽക്കരിച്ചുതരുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 16-10-2003-ന് ബഹുമാനപ്പെട്ട ഗവൺമെന്റ് സെക്രട്ടറിക്ക് എഴുതുകയുണ്ടായി. ഗവൺമെന്റ് സെക്രട്ടറിയുടെ 18-1-2008 തീയതിയിലെ L.S.G.D. AB.2259/AB1/08/LS.G.D. നമ്പർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ കത്തിന്റെ കോപ്പി അയച്ചുകൊടുക്കുകയും ചെയ്തു.

79. സാങ്കേതികമായി തീർപ്പാക്കേണ്ട വിഷയമായതിനാൽ പ്രസ്തുത പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചിരുന്ന അസി. എഞ്ചിനീയറിൽ നിന്നും വിശദീകരണ മാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

80. "വളരെ മുമ്പേ സോളിങ് പ്രവൃത്തി മാത്രം ചെയ്തിരുന്ന ഒരു റോഡായിരുന്നു ഇത്. സോളിങ് കുറെ സ്ഥലത്ത് പ്രത്യേകിച്ച് ചളിപ്രദേശത്ത് ഇളകി നശിച്ചു പോയിരുന്നു. ചിലഭാഗം കുണ്ടും കുഴികളും, ലവൽ തീരെ ഇല്ലാത്തതുമായ അവസ്ഥയിലുമായിരുന്നു. കൂടാതെ നിലവിലുള്ള ഓവുചാലും ശരിയാക്കേണ്ട തുണ്ടായിരുന്നു. എസ്റ്റിമേറ്റ് ടാറിങ് ഉൾപ്പെടെയുള്ള പ്രവൃത്തിക്കാണെങ്കിലും പേരു നൽകിയിരിക്കുന്നതുതന്നെ Repair Works എന്നാണ്. പ്രവൃത്തി 49% അധികത്തിനാണ് ടെണ്ടർ കൊടുത്തിട്ടുള്ളത്. മെറ്റലിങ് പണി സമയത്ത് തീരെ മോശമായിട്ടുള്ള പ്രതലം ലെവൽ ചെയ്ത് ശരിയാക്കുന്നതിനാവശ്യമായ മെറ്റീരിയൽസ് ഡിപ്പോർട്ട്മെന്റ് അനുവദിച്ചു കൊടുത്തിട്ടുണ്ടെങ്കിലും (60mm, 36mm etc. തുടങ്ങിയവ) അതിന്റെ വർക്കിനാവശ്യമായ ചെലവുകൾ കരാറുകാരന് ഡിപ്പാർട്ട്മെന്റ് നൽകിയിട്ടില്ല. അതുകൊണ്ടാണ് അതിന്റെ അളവുകൾ പ്രത്യേകം രേഖപ്പെടുത്താതെ ആവശ്യമായ സർട്ടിഫിക്കറ്റ് MB.No. 1/93-94 പേജ് 53-ൽ ഒന്നാമത്തെ പാർട്ട് ബില്ലിൽത്തന്നെ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ യാതൊരു സാമ്പത്തിക നഷ്ടവും സർക്കാരിന് ഉണ്ടായിട്ടില്ല എന്നും അറിയിക്കുന്നു.

81. റോഡിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് എസ്റ്റിമേറ്റിൽ പറഞ്ഞതിൽ കൂടുതൽ പ്രവൃത്തികൾ സൈറ്റിൽ ചെയ്യിച്ചിട്ടുണ്ടായിരുന്നു എങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയായ 10%-ൽ താഴെ നിറുത്തി മാത്രമേ അധിക പ്രവൃത്തികൾക്ക് M.Book–ൽ രേഖപ്പെടുത്തി പണം നൽകിയിട്ടുള്ളൂ. ആയതിനാൽ മേൽ പ്രസ്താവിച്ച കാര്യങ്ങൾ കണക്കിലെടുത്ത് Audit drop ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

82. 1998-ൽ ഈ വർക്ക് ചെയ്യിച്ച അസിസ്റ്റന്റ് എഞ്ചിനീയറായ ഞാൻ D.P. Section Koyilandy—ഇപ്പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി LSGD (PW) Sub division ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്തു കൊണ്ടിരിക്കുകയാണ്.

83. അന്നത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇ. രാജൻ, 31-5-2002-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു".

84. ക്രമവിരുദ്ധമായി 49% ടെണ്ടർ അധികം അനുവദിച്ചതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് 17-9-2008-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. 28-11-1996-ലെ ജി.ഒ (എംഎസ്.) 131/96/പി.ഡബ്ള്യൂ. & റ്റി) നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതിക്ക് 50% വരെ ടെൻഡർ അധികം അനുവദിക്കാം എന്ന ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ വിദഗ്ദ്ധോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ടെൻഡർ അധികം അനുവദിച്ച തെന്നും, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് ടെൻഡർ അധികം അനുവദിച്ചതിന് സർക്കാർ സാധൂകരണം ലഭിക്കുന്നതിനായി 14-8-2003-ലെ പഞ്ചായത്തു തീരുമാനപ്രകാരം, 14-10-2003-ൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്ന തായും, ആയതിൽ 18-1-2008-ലെ തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ കത്തിന്റെ പകർപ്പ് സർക്കാരിലേക്ക് അയച്ചു കൊടുത്തിരിക്കുന്നതായും വ്യക്തമാക്കപ്പെട്ടു.

85. പൊന്നരം തെരു-പുന്നത്തറ റോഡ് അറ്റകുറ്റപ്പണിക്കായി ആകെ സംഭരിച്ച $198.9m^3$ മെറ്റലിൽ $172.17m^3$ മെറ്റൽ മാത്രമേ പ്രവൃത്തിക്കു വിനിയോഗിച്ചിട്ടുള്ളൂ വെന്ന് എം-ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സംഭരിച്ച മെറ്റൽ മുഴുവൻ ഉപയോഗിച്ചതായി കാണിച്ചാണ് അന്തിമ ബിൽ തീർപ്പാക്കിയിരിക്കുന്നത്. ആയതിനാൽ അധികം സംഭരിച്ചതായിട്ടുള്ള $26.73m^3$ മെറ്റലിന്റെ വിലയായ 13,103 രൂപ ഓഡിറ്റ് നിരാകരിക്കുന്നതായും എന്നാൽ ടെൻഡർ അധികം നൽകിയ നടപടി എഞ്ചിനീയർ ന്യായീകരിക്കേണ്ടതുണ്ട് എന്നുമാത്രമാണ് വ്യക്തമാക്കിയിട്ടുള്ള തെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടർ സമിതി മുമ്പാകെ വിശദീകരിച്ചു.

86. പദ്ധതി നടത്തിയ അസി. എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്തെ സ്ഥിതിയല്ലായിരുന്നു ടെൻഡർ ചെയ്തു കഴിഞ്ഞ സമയത്ത് റോഡിനു ണ്ടായിരുന്നതെന്നും അത്യന്തം ശോചനീയമായ അവസ്ഥയിൽ പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകാതെ വന്നപ്പോഴാണ് അധികം ടെൻഡർ അനുവദിച്ച തെന്നും എസ്റ്റിമേറ്റിലുള്ളതിൽ കൂടുതൽ പ്രവൃത്തി റോഡ് അറ്റകുറ്റപ്പണിക്കായി ചെയ്തുവെന്നും അതിലേക്ക് അധികം പണം നൽകാൻ പഞ്ചായത്തിന് നിർവ്വാഹ മില്ലാത്ത അവസ്ഥയിലാണ് കൂടുതലായി സംഭരിച്ചിരുന്ന മെറ്റൽ പ്രവൃത്തിക്കായി അനുവദിച്ചു നൽകിയതെന്നും ഇതു പൂർണ്ണമായും റോഡ് ലെവലിംഗിനുപയോഗിച്ചിട്ടു ണ്ടെന്നും സമിതിയെ ബോധിപ്പിച്ചു. ഇക്കാര്യം എം-ബുക്കിന്റെ മറ്റൊരു ഭാഗത്ത് ഓഫീസ് സാക്ഷ്യപത്രത്തോടുകൂടി രേഖപ്പെടുത്തിയാണ് ക്ലോസ് ചെയ്തിരിക്കുന്ന തെന്നും അദ്ദേഹം തുടർന്ന് ബോധിപ്പിച്ചു.

87. 28-11-1996-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) 131/96/ പി.ഡബ്ള്യു & റ്റി, എം.ബുക്ക് എന്നിവ ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയ്ക്ക് സമർപ്പിക്കുവാൻ സമിതി പഞ്ചായത്ത് സെക്രട്ടറിക്കു നിർദ്ദേശം നൽകി.

കൂടാതെ മെറ്റൽ സംഭരിച്ചതിന്റെയും ഉപയോഗിച്ചതിന്റെയും അളവു പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്കു റിപ്പോർട്ട് നൽകണമെന്നും 1997-98 വർഷത്തിൽ നടത്തിയിരുന്ന പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന പരമാവധി അധികം ടെണ്ടർ മുപ്പതു ശതമാനമോ 50 ശതമാനമോ എന്നതു സംബന്ധിച്ച് സർക്കാരിന്റെ സ്പഷ്ടീകരണം സമിതി മുമ്പാകെ അറിയിക്കുന്ന തിനും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ L.F. 1344/Spl. Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

88. "പ്രവൃത്തിയുടെ മെഷർമെന്റ് ബുക്ക്, ഫയൽ എന്നിവ 4-10-2008-ലെ സി2/ 1552/08 നമ്പർ കത്തു പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റിന് നൽകി. അത് പരിശോധിച്ച് 1999-2000 വർഷത്തെ ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ മാത്രമേ അളവു പുസ്തകത്തിലുള്ളൂ. അധികം മെറ്റൽ ഉപയോഗിച്ചത് കൂടുതൽ സ്ഥലത്ത് പ്രവൃത്തി നടത്തിയതിനാലാണ് എന്ന മറുപടി പരിശോധിച്ചതിൽ മെറ്റൽ ഉപയോഗിച്ച് അധിക പ്രവൃത്തി നടത്തിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ ഇല്ല."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 24-4-2009-ലെ 60847/AB2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

89. "28-5-98-ലെ 21945/ഡി1/98/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6-11-1997-ലെ സ.ഉ.(പി) നമ്പർ 246/97/തസ്വഭവ. ഉത്തരവിൻപ്രകാരം അനുവദനീയമായിരുന്ന പൊതുമരാമത്ത് വകുപ്പ് നിരക്കിൽ നിന്നും 30% വരുന്ന തുക ഗ്രാമപഞ്ചായത്തുകൾക്ക് ടെൻഡർ അധിക തുകയായി അനുവദിക്കാവുന്നതാണ്."

90. പരാമർശവുമായി ബന്ധപ്പെട്ട് ശ്രീ. കെ. കെ. വേണു (മുൻപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) സമർപ്പിച്ച ഹർജി 31-8-2010-ലെ യോഗത്തിൽ സമിതി പരിഗണിച്ചു. മുപ്പതു ശതമാനത്തിൽ അധികരിച്ചു ചെലവഴിച്ച തുകയും അധികം മെറ്റൽ ഉപയോഗിച്ചതിന്റെ തുകയും തിരിച്ചീടാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**91. പൊതുമരാമത്ത് വകുപ്പ് നിരക്കിൽനിന്നും മുപ്പതു ശതമാനത്തിൽ അധികരിച്ചു ചെലവാക്കിയ തുകയും അധികം മെറ്റൽ ഉപയോഗിച്ചതിന്റെ തുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജലസംഭരണി പാഴ്ച്ചെലവ്**

സ്ഥലപരിശോധന നടത്താതെ ന്യൂ കോളനി ചെറുകിട ജല വിതരണ പദ്ധതിക്ക് പണിത സംഭരണി പൊളിച്ചുമാറ്റാൻ വിദ്ഗദ്ധോപദേശം. ഇതിനാൽ സംഭരണി പണിയാൻ 2000-01-ൽ ചെലവിട്ട പദ്ധതി വിഹിതം 2,57,349 രൂപ പാഴ്ച്ചെലവായി. നിർമ്മാണം കഴിഞ്ഞയുടനെ സംഭരണി ഇളകുന്നതായി പരാതി ലഭിച്ചതിനെതുടർന്നാണ് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധർ സ്ഥല പരിശോധന നടത്തിയത്. ഉറപ്പില്ലാത്ത സ്ഥലത്ത് ഫൗണ്ടേഷൻ നിർമ്മിച്ചതാണിതിന് കാരണമെന്നും സംഭരണി പൊളിച്ച് മാറ്റി സിന്തറ്റിക് സംഭരണി നിർമ്മിക്കാനുമായിരുന്നു ഉപദേശം. ഇത്തരം പദ്ധതികൾക്ക് പ്രാഥമികമായി ചെയ്യേണ്ടതാണ് സ്ഥല പരിശോധന. ഇത് നടത്താതെ സംഭരണി പണിതത് ആസൂത്രണരാഹിത്യത്തിനും കെടുകാര്യസ്ഥതക്കും തെളിവാണ്. ധനദുർവിനിയോഗം ഗൗരവമായി കണ്ട് അന്വേഷണം നടത്തി നഷ്ടം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.11.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 6-9-2008-ലെ 27424/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

92. "വീഴ്ച വരുത്തിയ എഞ്ചിനീയർമാർക്ക് പ്രതിഫലം നൽകിയിട്ടില്ല. 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട എഞ്ചിനീയർമാർക്കും സെക്രട്ടറിക്കും താഴെ കാണിച്ച പ്രകാരം നോട്ടീസ് അയച്ച് കൊടുത്തിട്ടുണ്ട്.

(1) കെ. ഗോപാലൻകുട്ടി, സെക്രട്ടറി—എ1-980/04 തീയതി 29-6-2006.

(2) രവീന്ദ്രനാഥൻ, അസിസ്റ്റന്റ് എഞ്ചിനീയർ— ,,

(3) കെ. ടി. അശോക് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ— ,,

93. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ അനന്തര റിപ്പോർട്ട് ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. കെ. ഗോപാലൻകുട്ടിക്ക് 17-4-2006-ലെ എ1 980/04 നമ്പർ കത്ത് പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്.

94. ടി പരാമർശത്തിന്മേൽ വിശദമായ അന്വേഷണം നടത്തിയതിൽ കണ്ടെത്തിയ വിവരം ബോധിപ്പിച്ചു.

95. ന്യൂ കോളനി വാട്ടർ സ്പളൈ സ്കീം നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രോജക്ടിന് അധികാരികളിൽ നിന്നും സാങ്കേതിക അനുമതി ലഭിച്ചിരുന്നു. പ്രവൃത്തിക്ക് തുക അനുവദിച്ചത് ക്രമപ്രകാരമാണ്. വിശദമായ അന്വേഷണത്തിൽ

നിർമ്മിക്കപ്പെട്ട ഹെഡ് ടാങ്ക്, നിർമ്മാണത്തിനുശേഷം ഇളകാൻ ഇടയായെങ്കിൽ നിർമ്മാണത്തിന് അനുമതി/ഉപദേശം നൽകിയ അധികാരികളുടെ വീഴ്ചയായി കാണാവുന്നതാണ്. പരാമർശത്തിൽ ഉന്നയിച്ച ജലസംഭരണി നേരിട്ട് പരിശോധിച്ച തിൽ വാട്ടർടാങ്ക് ഇപ്പോഴും നല്ല നിലയിൽ നിലനിൽക്കുന്നതായി കാണപ്പെട്ടു. ഇത്രയും കാലം നിലനിന്നിട്ടും ടാങ്കിന്റെ ചുമരിൽ ഏതെങ്കിലും തരത്തിലുള്ള വിള്ളലുകളോ ഭൂമിയിൽ വിള്ളലുകളോ ഒന്നും തന്നെ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല. ഹെഡ് ടാങ്ക് പ്ളാറ്റ്ഫോമിൽ സിൻടെക്സ് ടാങ്ക് വച്ച് നിലവിൽ 40-ഓളം കുടുംബത്തിന് ശുദ്ധജലവിതരണം നടത്തിവരുന്നുണ്ട്."

96. ഓഡിറ്റ് പരാമർശത്തിൻമേൽ 17-9-2008-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. ഉറപ്പുള്ള സ്ഥലത്താണ് ജലസംഭരണി പണിതതെന്നും അത് ഇപ്പോഴും കേടുപാടുകൾ കൂടാതെ നിലനിൽക്കുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. സംഭരണിയുടെ ഹെഡ് ടാങ്കിന്റെ പ്ലാറ്റ്ഫോമിൽ സിൻടെക്സ് ടാങ്ക് വച്ച് വാട്ടർ അതോറിറ്റി ശുദ്ധജലവിതരണം നടത്തിവരുന്നു ണ്ടെന്നും നിലവിൽ 90 ഓളം കുടുംബങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നു ണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. ടാങ്കിന്റെ വിലയല്ലാതെ ടാങ്ക് വച്ചതിന് വേറെ തുക ചെലവാക്കിയിട്ടില്ലെന്നും സെക്രട്ടറി പറഞ്ഞു. ഇതു സംബന്ധിച്ച് വകുപ്പുതല ത്തിൽ നടത്തിയ അന്വേഷണത്തിൽ ഭൂമിയിലോ ടാങ്കിന്റെ ചുവരിലോ വിള്ളലൊന്നും കാണുന്നില്ല എന്ന് കോഴിക്കോട് ഡി.ഡി.പി. അറിയിച്ചു.

97. മേൽ വിശദീകരണങ്ങളുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കു വാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**98. 'ജലസംഭരണി പാഴ്ചെലവ്' എന്ന ഓഡിറ്റ് പരാമർശത്തിന് പഞ്ചായത്ത് സെക്രട്ടറിയും കോഴിക്കോട് ഡി. ഡി. പി.യും നൽകിയ വിശദീകരണം ബോധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇൻഡസ്ട്രിയൽ ഫ്ളാറ്റ് നിർമ്മാണത്തിൽ അപാകത**

ഗ്രാമപഞ്ചായത്ത് 25,84,218 രൂപ ചെലവഴിച്ച് പൂർത്തിയാക്കിയ ഇൻഡസ്ട്രിയൽ ഫ്ളാറ്റ് നിർമ്മാണത്തിൽ അപാകതകൾ:

ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ:

(1) ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ചശേഷം എസ്റ്റിമേറ്റ് പുതുക്കി ജില്ലാതല വിദഗ്ദ്ധ സമിതി 18,30,000 രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത്. ഇത് 22,10,000 രൂപയായി ഉയർത്തി. ടെണ്ടർ ഉറപ്പിച്ചശേഷം എസ്റ്റിമേറ്റ് പുതുക്കുന്നത് ശരിയല്ല.

(2) പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 16.93% അധികരിച്ചാണ് അവസാന ബില്ല് തീർപ്പാക്കിയത്. ഇതിന് സാങ്കേതിക സമിതിയുടെ അംഗീകാരമില്ല. അംഗീകാരമില്ലാതെ കരാറുകാരന് 3,74,218 രൂപ അധികം നൽകി.

(3) അടിത്തറ കെട്ടുന്നതിന് കുഴിയെടുത്ത 474.9 ഘനമീറ്റർ മണ്ണ് ഉപയോഗിച്ചതിനോ വില ഈടാക്കിയതിനോ രേഖയില്ല. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതെ കോൺട്രാക്ടർ മണ്ണ് കൊണ്ടുവന്ന് നിറച്ചതിനു തുക നൽകിയിരിക്കുന്നു. കുഴിച്ചെടുത്ത മണ്ണിന്റെ വില 38,134 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കണം.

(4) അവസാന ബില്ലിൽ വിൽപ്പന നികുതി ഈടാക്കിയില്ല. ഇത് നിയമ ലംഘനമാണ്.

അപാകതകളുടെ വെളിച്ചത്തിൽ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്, ഖണ്ഡിക നമ്പർ 3.11.I.3.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 29687/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

99. "(1) പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ച പ്രവൃത്തിയുടെ ആരംഭഘട്ടത്തിൽ പില്ലറുകൾക്ക് കുഴിയെടുക്കുന്നതിന് മേൽമണ്ണ് നീക്കിയപ്പോൾ മണ്ണിന് ഉറപ്പുകുറവായി തോന്നിയതിനാൽ ആർ.ഇ.സി.-യിൽ നിന്നും വിദഗ്ദ്ധോപദേശം തേടി (Ref. CED/CON/KNR/RS CN 2004) അവരുടെ വിദഗ്ദ്ധോപദേശത്തിന്റെ അടിസ്ഥാനത്തിൽ PWD (ബിൽഡിംഗ്സ്) സൂപ്രണ്ടിംഗ് എഞ്ചിനീയറോട് സാങ്കേതികോപദേശം ആരായുകയും അദ്ദേഹത്തിന്റെ 28-3-2004-ലെ D11/1111/2000/8-3-2000 പ്രകാരമുള്ള കത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ഒറ്റനില ആസ്ബസ്റ്റോസ് ഷീറ്റ് പതിച്ച കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റു പുതുക്കി. നേരത്തെ എസ്റ്റിമേറ്റിൽ കോളം ഫൗണ്ടേഷനായിരുന്നു നിർദ്ദേശിച്ചിരുന്നത്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ അകം ചുമരിനും പുറംചുമരിനുമിടയിൽ അസ്ഥിവാരം ബലപ്പെടുത്തുന്നതിനു നിർദ്ദേശിച്ചതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ഉദ്ദേശം 3,80,000 രൂപ അധികം വന്നിട്ടുണ്ട്.

(2) പഞ്ചായത്തിന്റെ 18-3-2002-ലെ 219(2) നമ്പർ തീരുമാനപ്രകാരം 25,84,218 രൂപയുടെ വർക്ക് സ്ളിപ്പ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. ആയത് B.L.T.E.C. കൺവീനറായ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(3) വളരെ മോശം മണ്ണ് ആയതിനാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്. മണ്ണ് ഉപയോഗശൂന്യമാണെന്ന് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധരുടെ റിപ്പോർട്ടിൽ തന്നെ പറഞ്ഞിട്ടുണ്ട്. ആകയാൽ മണ്ണ് തറ നിറക്കാൻ ഉപയോഗിക്കാൻ പറ്റില്ലായിരുന്നു. പഞ്ചായത്തിന് നഷ്ടമായ 38,134 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് കോഴിക്കോട് ബ്ലോക്ക് B.L.T.E.C. അംഗം ശ്രീ. കെ. ടി. അശോക് കുമാർ എന്നയാൾക്ക് 26-6-2008-ലെ എ7-1234/04 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് അയച്ചിരിക്കുകയാണ്.

(4) ബന്ധപ്പെട്ട കരാറുകാരന് ഇ. എം. ഡി. ആയി കെട്ടിവച്ച തുക തിരിച്ച് നൽകിയിട്ടില്ല. വില്പന നികുതിയിനത്തിൽ ഈടാക്കേണ്ട തുക ഇ. എം. ഡി.യിൽ നിന്നും വസൂലാക്കുന്നതിന് കരാറുകാരന് 2-7-2007-ന് നോട്ടീസ് നൽകിയിട്ടുണ്ട്."

ഓഡിറ്റ് പരാമർശത്തിൻമേൽ 17-9-2008-ലെ യോഗത്തിൽ സമിതി വിശദീകരണമാരാഞ്ഞു.

100. കോഴിക്കോടിനടുത്തുള്ള ഞെളിയം പറമ്പിലാണ് ഫ്ളാറ്റ് നിർമ്മിക്കുവാനായി സ്ഥലം കണ്ടെത്തിയത്. ഈ സ്ഥലം പുറമേയ്ക്ക് ഉറപ്പുള്ള മണ്ണാണെങ്കിലും ഫൗണ്ടേഷനുവേണ്ടി കുഴിയെടുക്കുമ്പോഴാണ് ലൂസ് സോയിൽ ആണെന്ന് കണ്ടത്. തുടർന്ന് സോയിൽ ടെസ്റ്റ് നടത്താൻ RECയ്ക്ക് റഫർ ചെയ്തു. RECയുടെ റിപ്പോർട്ടിൽ മണ്ണിന്റെ ഗുണം മോശമാണെന്നും ലൈറ്റ് റൂഫിംഗ് കൊടുത്ത് ഒറ്റനില കെട്ടിടം നിർമ്മിക്കുവാനും നിർദ്ദേശിച്ചിരുന്നു. തുടർന്നാണ് PWDവഴി എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്. എന്നാൽ എസ്റ്റിമേറ്റിനേക്കാൾ 16.93 ശതമാനം അധികം തുക നൽകേണ്ടിവന്നുവെന്നും എക്സ്ട്രാവർക്ക് ചെയ്യേണ്ടിവന്നതുകൊണ്ടാണിതു സംഭവിച്ചതെന്നും സെക്രട്ടറി അറിയിച്ചു.

101. എത്ര ശതമാനം വരെ തുക അധികം നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടെന്ന സമിതിയുടെ ചേദ്യത്തിന്, 15% എന്ന് സെക്രട്ടറി മറുപടി നല്കി. അധികം തുക നൽകുന്നതിന് പഞ്ചായത്തു സമിതിയുടെയോ സാങ്കേതിക സമിതിയുടെയോ തീരുമാനമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് സെക്രട്ടറി മറുപടി നൽകിയില്ല.

102. കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് തെരഞ്ഞെടുത്ത സ്ഥലം marshy land ആണെന്ന് പ്രഥമദൃഷ്ട്യാ കാണാവുന്നതാണെന്നും ഇത്തരം സ്ഥലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് ബോറിംഗ് നടത്തി മണ്ണിന്റെ ഉറപ്പ് പരിശോധിക്കാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി.

103. ഫില്ലിംഗിനായി പുറത്തുനിന്ന് മണ്ണ് കൊണ്ടുവന്നതുമൂലം 38,134 രൂപയുടെ അധിക ചെലവ് ഉണ്ടായതായി സമിതി കണ്ടെത്തി. ഒരു ആഴത്തിൽ മേൽമണ്ണ് ഉറപ്പുള്ളതാണെന്ന് പഞ്ചായത്തിന്റെ വിശദീകരണത്തിൽ വ്യക്തമാകുന്നുണ്ടെന്നും എന്നാൽ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതെ പുറത്തുനിന്നും മണ്ണു കൊണ്ടുവരുകയാണ് ചെയ്തിരിക്കുന്നതെന്നും സമിതി വിലയിരുത്തി. കൂടാതെ ഒറിജിനൽ എസ്റ്റിമേറ്റ് 15,34,000 രൂപയായിരിക്കെ ഭാരം കുറഞ്ഞ റൂഫിംഗോടുകൂടിയ ഒറ്റനില കെട്ടിടത്തിന് എസ്റ്റിമേറ്റ് പുതുക്കുമ്പോൾ അത് 25,84,000 രൂപയായി ഉയർന്നെന്നും സമിതി ചൂണ്ടിക്കാട്ടി.

104. ഈ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണിന്റെ വില ഈടാക്കണമെന്നും 38,134 രൂപ ബന്ധപ്പെട്ട എഞ്ചിനീയറുടെ ബാധ്യതയായി നിശ്ചയിക്കണമെന്നും ടി ആളുകളുടെ പേരിൽ സ്വീകരിച്ചിട്ടുള്ള ആർ. ആർ. നടപടിയുടെ പുരോഗതി രണ്ടാഴ്ചയ്ക്കകം സമിതിയെ അറിയിക്കണമെന്നും തീരുമാനിച്ചു. കൂടാതെ നിർമ്മാണവുമായി ബന്ധപ്പെട്ട് സെയിൽസ് ടാക്സ് അടച്ചത് പരിശോധിക്കണമെന്ന് ഓഡിറ്റ് വകുപ്പിനോടും സമിതി ആവശ്യപ്പെട്ടു.

തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ 2-1-2009-ലെ 79150/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

105. "പഞ്ചായത്തിന് നഷ്ടപ്പെട്ട 38,134 രൂപ ഉത്തരവാദിയായ എഞ്ചിനീയർ ശ്രീ. കെ. ടി. അശോക് കുമാറിൽ നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 27-9-2008-ലെ എ7. 1234/04 നമ്പർ കത്ത് പ്രകാരം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്."

106. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ L.F.1344/ Spl.Cell G2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

"ഫയൽ പരിശോധിച്ചതിൽ പഞ്ചായത്തിന് നഷ്ടമായ 38,134 രൂപ ഈടാക്കാൻ ഉത്തരവാദിയായ എഞ്ചിനീയർ ശ്രീ. കെ. ടി. അശോക് കുമാർ എന്നയാൾക്ക് 22-9-2008-ന് തുക അടവാക്കാനാവശ്യപ്പെട്ടുകൊണ്ട് എ6. 123405 നമ്പറായി കത്തയച്ചിട്ടുണ്ട്.

107. ടിയാനെതിരെ നാളിതുവരെ റവന്യൂ റിക്കവറി നടപടികൾ കൈക്കൊണ്ടി ട്ടില്ല. വിൽപ്പന നികുതി അടവാക്കിയത് സംബന്ധിച്ച വിവരങ്ങളും ഫയലിൽ ലഭ്യമല്ല."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 13-5-2009-ലെ 79150/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ കൂടുതൽ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

108. "വിൽപ്പന നികുതിയായി അടയ്ക്കേണ്ടിയിരുന്ന തുകയായ 15,914 രൂപ (പലിശ സഹിതം) കരാറുകാരനായിരുന്ന ശ്രീ. കെ. ഖാലിദ് 15-7-2008-ലെ 22/28385-ാം നമ്പർ രശീതി പ്രകാരം ഗ്രാമപഞ്ചായത്തിൽ അടച്ചു. ടി തുക ഫറോഖ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ 15-9-2008-ലെ ഡി5. 7224-ാം നമ്പർ ചെക്ക് പ്രകാരം കമേഴ്സ്യൽ ടാക്സ് ഓഫീസർക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

109. **കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതെ പുറമെനിന്നും മണ്ണ് കൊണ്ടുവന്ന് നിറച്ചയിനത്തിൽ പഞ്ചായത്തിന് നഷ്ടമായ 38,134 രൂപ ഉത്തരവാദി യായ എഞ്ചിനീയറിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെരഞ്ഞെടുപ്പ് പ്രചാരണ ചെലവിനും പഞ്ചായത്ത് ഫണ്ട്**

ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്താണ് വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് 59,510 രൂപ ചെലവഴിച്ചത്.

ഗ്രാമപഞ്ചായത്ത് സമിതിയുടെ ഭരണനേട്ടം വിവരിച്ച് പുസ്തകം അടിച്ച് വിതരണം ചെയ്യുന്നതിനു വേണ്ടിയായിരുന്നു ഇത്. 34 പേജും കളർ പുറം ചട്ടയുമുള്ള പുസ്തകത്തിന്റെ 12000 കോപ്പിയാണ് അടിപ്പിച്ചത്. ഇതിന് സർക്കാർ അനുമതിയോ സാധൂകരണമോ വാങ്ങിയിട്ടില്ല.

എല്ലാ വർഷവും സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതി രേഖ അടിപ്പിച്ച് ഗ്രാമസഭ വഴി വിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമേ ഭരണനേട്ടങ്ങൾ പ്രചരിപ്പിക്കാൻ പുസ്തക പ്രസിദ്ധീകരണം ന്യായീകരിക്കത്തക്കതല്ല. ഒഴിവാക്കാവുന്ന ചെലവായതിനാൽ ഓഡിറ്റ് നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.11.I.3.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 29687/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

110. "ഈ കാര്യത്തിൽ സർക്കാർ അനുമതി ലഭിക്കുന്നതിന് പഞ്ചായത്തിന്റെ 10-7-2000 തീയതിയിലെ 116(4) നമ്പർ തീരുമാന പ്രകാരം സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിച്ചിരിക്കുന്നു. അനുമതി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശ പ്രകാരം പഞ്ചായത്തിനുണ്ടായ നഷ്ടം റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഗോപാലൻകുട്ടി എന്നയാൾക്ക് 20-6-2008-ലെ 1623/08 കത്ത് പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്."

111. ഓഡിറ്റ് പരാമർശം, 17-9-2008-ലെ യോഗത്തിൽ സമിതി പരിഗണനയ്ക്കെടുത്തു.

112. തെരഞ്ഞടുപ്പ് മുന്നിൽക്കണ്ട്, പഞ്ചായത്ത് ഭരണസമിതിയുടെ ഭരണനേട്ടങ്ങൾ വിവരിക്കുന്ന 12000 പുസ്തകങ്ങൾ അച്ചടിച്ചു വിതരണം ചെയ്ത നടപടി ശരിയല്ലെന്ന് സമിതി വിലയിരുത്തി. ഇക്കാര്യത്തിൽ സർക്കാർ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ വിഷയത്തിന്മേൽ ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങുന്നതിനായി ഒരു മാസം സമയം അനുവദിക്കുന്നുവെന്നും അതിനുശേഷം ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാൻ അനന്തരനടപടികൾ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

113. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 2-1-2009-ലെ 2994/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ സമിതി തെളിവെടുപ്പിനെ തുടർന്ന് പരാമർശവിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സാധൂകരണം നൽകിക്കൊണ്ട് പുറപ്പെടുവിച്ച സ.ഉ. (സാധാ) നമ്പർ 4409/08/തസ്വഭവ തീയതി 23-12-2008 എന്ന ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ പ്രസക്തഭാഗം ചുവടെ ചേർത്തിരിക്കുന്നു:

114. കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത്, പഞ്ചായത്തിന്റെ ധനവിനിയോഗവും സാമ്പത്തിക ഭൗതിക നേട്ടങ്ങളും പൊതു ജനങ്ങളെ അറിയിക്കുന്നതിനായി ഒരു അവലോകന റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ചി രുന്നു. എല്ലാ വർഷവും സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതിരേഖ അച്ചടിപ്പിച്ച് ഗ്രാമസഭ വഴി വിതരണം ചെയ്യുന്നുണ്ടായിരുന്നു. ഇതിനു പുറമേ ഭരണനേട്ടങ്ങൾ പ്രചരിപ്പിക്കാൻ പുസ്തകം പ്രസിദ്ധീകരിച്ച നടപടി ന്യായീകരിക്കത്തക്കതല്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടു. തുടർന്ന് ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച 59,510 രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 3.11.1.3.2 ഖണ്ഡിക പ്രകാരം നിരാകരിച്ചിരുന്നു.

115. ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭരണകാലത്ത് ലഭിച്ച തുകയുടെ വിവരങ്ങളും ചെലവിന്റെ വിവരങ്ങളും നേട്ടങ്ങളും കോട്ടങ്ങളും പൊതുജനങ്ങളെ അറിയിക്കുന്നതിനാണ് അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് എന്നും ആയതിനാൽ 59,510 രൂപ ചെലവഴിച്ച നടപടി സാധൂകരിക്കണം എന്ന് ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

116. ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച നേട്ടങ്ങളും കോട്ടങ്ങളും ചർച്ച ചെയ്യപ്പെടുക എന്നതായിരുന്നു അവലോകന റിപ്പോർട്ട് പ്രസിദ്ധീകരണം കൊണ്ട് ഉദ്ദേശിച്ചത് എന്നും ഇത് പഞ്ചായത്തിന്റെ സദുദ്ദേശപരമായ പ്രവർത്തിയായി കണക്കിലെടുത്ത് അച്ചടി ചെലവിനായി തനതു ഫണ്ടിൽ നിന്നും 59,510 രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണം എന്നാണ് പഞ്ചായത്ത് ഡയറക്ടറും സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നത്.

117. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെയും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും അപേക്ഷകൾ പരിഗണിച്ചു കൊണ്ടും പഞ്ചായത്തിന്റെ ധനവിനിയോഗവും സാമ്പത്തിക ഭൗതിക നേട്ടങ്ങളും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള ഒരു അവലോകന റിപ്പോർട്ടാണെന്ന വാദം അംഗീകരിച്ചു കൊണ്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക 3.11.1.3.2 പ്രകാരം തടസ്സപ്പെടു ത്തിയ 59,510 (അൻപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി പത്ത്) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**118. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിന്റെ ഭരണ നേട്ടങ്ങളും ധനവിനിയോഗവും സംബന്ധിച്ച് അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 59,510 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയതിനാൽ ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഫറോക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഫറോക്ക് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് പണിയിൽ 73,975 രൂപയുടെ നഷ്ടം**

ഫറോക്ക് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് പണിക്ക് 2,68,743 രൂപയ്ക്ക് 166.566 ക്വിന്റൽ കമ്പി വാങ്ങിക്കുകയുണ്ടായി. എന്നാൽ 134.0274 ക്വിന്റൽ കമ്പി ഉപയോഗിച്ച തായി അളവ് പുസ്തകത്തിൽ (3/98-99, പേജ് 68) രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി കമ്പി 32.5386 ക്വിന്റൽ സ്റ്റോക്കിലില്ല. വിനിയോഗ രേഖയും ലഭ്യമല്ല. ആയതിനാൽ കൂടുതലായി വാങ്ങിയ 32.5386 ക്വിന്റൽ കമ്പിയുടെ വിലയായ 52,485 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

ടി പണിയുടെ താഴത്തെ നില 5683.667 ഘന അടി വാർത്തതായി അളവ് പുസ്തക (3/98-99, 8/98-99) ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 100 ഘന അടിക്ക് 3,000 രൂപ എന്ന കരാർ നിരക്ക് പ്രകാരം 1,70,510 രൂപയാണ് ഇതിന് നൽകേണ്ടത്. എന്നാൽ അളവ് 6400 ഘന അടിയെന്ന് കാണിച്ച് 1,92,000 രൂപ നൽകി. ഈ ഇനത്തിൽ 21,490 രൂപ അധികം നൽകി.

രണ്ടിനങ്ങളിലായി പഞ്ചായത്തിന് ആകെ 73,975 (52,485+21,490)രൂപയുടെ നഷ്ടം ഉണ്ടായത് ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (3.11.9)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 27424/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

119. ഓഡിറ്റ് റിപ്പോർട്ടിൽ ആകെ 73,975 രൂപ നഷ്ടത്തിന് ഉത്തരവാദി അന്നത്തെ പഞ്ചായത്ത് ഓവർസിയർ ശ്രീ. വി. ബാലകൃഷ്ണൻ ആണെന്ന് സൂചിപ്പി ച്ചിട്ടുണ്ട്. ടിയാൻ 30-6-2007-ന് മൂന്നാർ ഗ്രാമപഞ്ചായത്തിൽ അസി. എഞ്ചിനീയർ തസ്തികയിലിരിക്കെ വിരമിച്ചിട്ടുള്ളതാണ്. ആയതിനാൽ 73,975 രൂപ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് 21-5-2007-ലെ എ6.3253/06 നമ്പരായി ബാധ്യതാ സാക്ഷ്യപത്രം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുത്തിരുന്നു. എന്നാൽ നാളിതുവരെ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്ത സാഹചര്യത്തിൽ തുക റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കുന്നതിന്റെ ഭാഗമായി തുക അടയ്ക്കുന്നതിന് 28-8-2008-ലെ എ6/1729/07 നമ്പരായി ടിയാന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്.

120. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ഉത്തരവാദിയായ ഓവർസിയർക്ക് തുക അടയ്ക്കാനായി കത്ത് നൽകിയെങ്കിലും മറുപടി തൃപ്തികരമല്ലാത്തതിനാൽ ജില്ലാ കളക്ടർക്ക് ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, 21-5-2007-ൽ മൂന്നാർ പഞ്ചായത്ത് സെക്രട്ടറിക്ക് ടിയാന്റെ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരുന്നെങ്കിലും 30-6-2007-ൽ എ.ഇ. ആയി ടിയാൻ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും റിട്ടയർ ചെയ്തപ്പോൾ, റിട്ടയർമെന്റിന് 3 വർഷം മുമ്പുള്ള കേസ്സായതിനാൽ ബാദ്ധ്യത തുക ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ സാധിക്കുകയില്ലെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫോണിലൂടെ അറിയിച്ചതായി ഫറോക്ക് ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു.

121. അന്നത്തെ മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആരായിരുന്നു എന്ന് സമിതി ആരാഞ്ഞതിന് അദ്ദേഹത്തിന്റെ പേര് അറിയില്ല എന്നും ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ജൂനിയർ സൂപ്രണ്ട് മറുപടി നൽകി.

122. ആർ. ആർ. നടപടി സ്വീകരിക്കുന്നത് എത്ര തുക ഈടാക്കുന്നതിനാണ് എന്ന് സമിതി ആരാഞ്ഞതിന്, 73,975 രൂപയ്ക്ക് വേണ്ടിയാണ് ആർ.ആർ. നടപടി സ്വീകരിച്ചിരിക്കുന്നതെന്നും, സമാഹൃത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് 74,335 രൂപയാണെങ്കിലും 73,975 രൂപയാണ് കൃത്യമായ തുകയെന്നും ഫറോക്ക് ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയിൽ വ്യക്തമാക്കി.

123. 73,975 രൂപ പലിശ സഹിതം ആർ.ആർ. നടപടിയിലൂടെ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

124. 24-10-2008-ലെ എം.1-23925/08 നമ്പർ കത്തു പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം, പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്നു. പ്രസ്തുത വിശദീകരണം ചുവടെ ചേർത്തിരിക്കുന്നു:

125. "കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള 73,975 രൂപയുടെ നഷ്ടം മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ വിരമിച്ചിട്ടുള്ള ശ്രീ. വി. ബാലകൃഷ്ണൻ എന്നയാളിൽ നിന്നും ഈടാക്കുന്നതിന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി ഒന്നും സ്വീകരിച്ചിട്ടില്ല എന്നുള്ളതാണ് പരാമർശ വിഷയം.

126. 21-5-2007-ലാണ് ഫറോക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ. വി. ബാലകൃഷ്ണന്റെ ബാദ്ധ്യത സംബന്ധിച്ചുള്ള കത്തും വിശദവിവരങ്ങളും ലഭിച്ചിട്ടുള്ളത്. പ്രസ്തുത ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ 1,02,558 രൂപയുടെ ബാദ്ധ്യതയാണ് ആകെ രേഖപ്പെടുത്തിയിട്ടുള്ളത്.

127. മൂന്നാർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി നോക്കിവന്നിരുന്ന ശ്രീ. വി. ബാലകൃഷ്ണൻ 18-5-2007 മുതൽ അവധി എടുക്കുകയും അവധിയിലായിരുന്നപ്പോൾ തന്നെ ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 13-6-2007-ലെ ഡി.8-18167/07-ാം നമ്പർ ഉത്തരവ് പ്രകാരം 23-6-2007-ൽ

സസ്പെന്റ് ചെയ്യപ്പെടുകയും 30-6-2007-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുള്ളതാണ്. ഫറോക്ക് പഞ്ചായത്തിൽ വരുത്തിയിട്ടുള്ള ബാദ്ധ്യത ഡി.സി.ആർ.ജി.യിൽ നിന്നും പിടിക്കേണ്ടതാണെന്ന് കാണിച്ചാണ് ഫറോക്ക് പഞ്ചായത്ത് സെക്രട്ടറി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് മൂന്നാർ പഞ്ചായത്തിലേക്ക് അയച്ച് തന്നിട്ടുള്ളത്.

128. 1-3-2007-ലെ എച്ച്. 1-4528/2007-ാം നമ്പരായുള്ള ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ പ്രകാരം സർവ്വീസിൽ നിന്നും വിരമിക്കുമ്പോൾ വകുപ്പുതല നടപടികൾ തീർപ്പ് കൽപ്പിച്ചിട്ടില്ലാത്ത ജീവനക്കാരുടെ കാര്യത്തിൽ താൽക്കാലിക പെൻഷനും ഡി.സി.ആർ.ജി. ഒഴികെയുള്ള ആനുകൂല്യങ്ങളും അനുവദിക്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ഫറോക്ക് പഞ്ചായത്തിൽ നിന്നുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള 73,975 രൂപ ശ്രീ. വി. ബാലകൃഷ്ണന്റെ ഡി.സി.ആർ.ജി.യിൽ നിന്നോ താൽക്കാലിക പെൻഷനിൽ നിന്നോ ഈടാക്കാവുന്നതാണ്. പെൻഷൻ പറ്റുന്ന ജീവനക്കാരുടെ കാര്യത്തിലും റിട്ടയർമെന്റ് കാലാവധിക്ക് തൊട്ടുമുമ്പ് 3 വർഷ കാലയളവിലുള്ള ബാദ്ധ്യതകൾ മാത്രം ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കിയാൽ മതിയാവുന്നതാണ് എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. 3 വർഷ ക്കാലയളവിന് മുമ്പുള്ള ബാദ്ധ്യതകൾ, ജീവനക്കാരൻ റിട്ടയർ ചെയ്യുന്നതിന് മുമ്പു തന്നെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ട താണെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ശ്രീ. വി. ബാലകൃഷ്ണന്റെ ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ ഫറോക്ക് പഞ്ചായത്ത് സെക്രട്ടറി നേരിട്ട് തന്നെ ബന്ധപ്പെട്ട ജീവനക്കാര നായ ശ്രീ. വി. ബാലകൃഷ്ണനെ രേഖാമൂലം അറിയിക്കേണ്ടതായിരുന്നു. 18-5-2007 മുതൽ അവധിയിൽ പ്രവേശിച്ച ശ്രീ. വി. ബാലകൃഷ്ണന്റെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് 21-5-2007-ൽ മാത്രമാണ് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല 1999-2000, 2000-01 കാലയളവിലെ ബാദ്ധ്യതയാണ് ടി ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി കാലയളവിലെ ബാദ്ധ്യത ബന്ധപ്പെട്ട ജീവനക്കാരന്റെ ഡി.സി.ആർ.ജി.യിൽ നിന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വസൂലാക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം സാദ്ധ്യമാകുന്നതല്ല.

129. ഈ സാഹചര്യത്തിൽ ശ്രീ. വി. ബാലകൃഷ്ണന്റെ ബാദ്ധ്യത വസൂലാക്കു ന്നത് സംബന്ധിച്ച് മേലുദ്യോഗസ്ഥന്മാരുടേയും സർക്കാർ നിർദ്ദേശപ്രകാരവും പ്രവർത്തിക്കുന്നതാണ്. ശ്രീ. വി. ബാലകൃഷ്ണന്റെ ബാദ്ധ്യത വസൂലാക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ ബോധപൂർവ്വമായ യാതൊരുവിധ വീഴ്ചയും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും വരുത്തിയിട്ടില്ല എന്നുള്ള വിവരം വിനീതമായി അറിയിച്ചുകൊള്ളുന്നു.”

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 3-1-2009-ലെ 27424/എബി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

130. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 73,975 രൂപ ഒടുക്കുന്ന തിന് ബാദ്ധ്യതപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബാലകൃഷ്ണനിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ടി തുക ഈടാക്കുന്നതിനായി 3-10-2008-ലെ എ6-1729/07 നമ്പർ കത്തു പ്രകാരം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ L.F.1344/ Spl.Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

131. "ഗ്രാമപഞ്ചായത്തിന്റെ എ6/1729/07 നമ്പർ റവന്യൂ റിക്കവറി അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ 21-10-2008-ലെ സി 4/2008/46686/11 നമ്പർ ഉത്തരവിലൂടെ മുൻ ഓവർസിയർ ശ്രീ. വി. ബാലകൃഷ്ണനിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കാൻ, തഹസിൽദാർ (ആർ.ആർ.) കോഴിക്കോടിന് ഉത്തരവു നൽകിയിട്ടുണ്ട്."

132. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 28-1-2009-ലെ 27424/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർത്തിരിക്കുന്നു:

133. ഫറോക്ക് ഗ്രാമപഞ്ചായത്ത് ഓഫീസ് പണിയിൽ നഷ്ടപ്പെട്ട 73,975 രൂപ ആയതിന് ഉത്തരവാദിയായ മുൻ ഓവർസിയർ ശ്രീ. വി. ബാലകൃഷ്ണന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഫറോക്ക് സബ്ട്രഷറി മുഖേന വസൂൽ ചെയ്ത് ഫറോക്ക് ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്. അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. ഖണ്ഡികയിലെ തുടർനിർദ്ദേശത്തിന്മേൽ നടപടി എടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

134. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വീഴ്ചകളൊന്നും വരുത്തിയില്ല എന്നറിയിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 16-3-2010-ലെ കത്തിലെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

135. "ഓഡിറ്റ് റിപ്പോർട്ടിൽ ശ്രീ. ബാലകൃഷ്ണന്റെ പേരിൽ ബാധ്യതയായി തിട്ടപ്പെടുത്തിയിട്ടുള്ള തുക ആവശ്യമായ നടപടികൾ സ്വീകരിച്ച് ഈടാക്കേണ്ടത് ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. അത്തരത്തിൽ നടപടി സ്വീകരിക്കാതെ ശ്രീ. ബാലകൃഷ്ണൻ വിരമിക്കാറായ സാഹചര്യത്തിൽ 21-5-2007-ന് ബാധ്യതാ സാക്ഷ്യപത്രം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു നൽകുകയാണുണ്ടായത്. ടിയാൻ ആയത് 30-9-2008-ൽ പെൻഷൻ സാങ്ഷനിംഗ് അധികാരിക്ക് കൈമാറിയിട്ടുണ്ട്. ഗ്രാറ്റുവിറ്റിയിൽ നിന്നും തുക ഈടാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത സാക്ഷ്യപത്രപ്രകാരം തുക ഈടാക്കുന്നതിന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അധികാരമില്ല. ജീവനക്കാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്ന പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിക്കു മാത്രമേ ഗ്രാറ്റുവിറ്റിയിൽ നിന്നും തുക ഈടാക്കുന്നതിന്, ഉത്തരവ് നൽകുവാൻ കഴിയൂ എന്ന വിവരം ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അറിവുള്ളതായി കണക്കാക്കിയാൽ ബാധ്യതാ സാക്ഷ്യപത്രം മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് ശരിയായ രീതിയല്ല. എന്നിരുന്നാലും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ബാധ്യതാ സാക്ഷ്യപത്രം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ സമർപ്പിച്ചതിൽ അൽപ്പം കാലതാമസം സംഭവിച്ചു എങ്കിലും ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും 73,975 രൂപ ഈടാക്കിയിട്ടുള്ളതാണ്. ഈ വിവരം 28-1-2009-ലെ ഇതേ നമ്പർ കത്തു മുഖേന നിയമസഭാ സമിതിയെ അറിയിച്ചിരുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വീഴ്ചകളൊന്നും സംഭവിച്ചതായി കാണുന്നില്ല എന്ന വിവരം ബഹു. നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

136. **പഞ്ചായത്തിനു നഷ്ടമായ 73,975 രൂപ ഈടാക്കിയതായുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു.**

മടവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ടെണ്ടർ വേലകളുടെ ഗുണമേന്മ ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഉറപ്പു വരുത്തിയില്ല.**

കേരള വികസന പദ്ധതി മാർഗ്ഗനിർദ്ദേശം എം.എസ്. 20/2002 ആസൂത്രണം 6-2-2002 പ്രകാരം കരാറുകാർ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തേണ്ടതാണ്. ഇതിന് വിരുദ്ധമായി 2002–03-ൽ 4,00,760 രൂപ ചെലവിൽ 7 പണികൾ ഗ്രാമപഞ്ചായത്ത് തീർപ്പാക്കി.

പദ്ധതി വിഹിതത്തിന്റെ കാര്യക്ഷമവും സത്യസന്ധവുമായ വിനിയോഗം ഉറപ്പു വരുത്തിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (3.11.I. 2.1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 29687/എബി2/08 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

137. "പ്രസ്തുത പ്രവൃത്തികൾ തൃപ്തികരമായിട്ടാണ് പൂർത്തിയായത്. ഇവ ഇപ്പോഴും കേടുകൂടാതെ നിലനിൽക്കുന്നുണ്ട്."

138. ഓഡിറ്റ് പരാമർശം സംബന്ധിച്ച് പദ്ധതി ശരിയായി നടത്തിയിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഓഡിറ്റു വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കാൻ സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ L.F. 1344/ Spl.Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

139. "ഖണ്ഡികകളിൽ പരാമർശിക്കുന്ന മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു".

**നിഗമനങ്ങൾ/ശുപാർശകൾ**

**140. 'ടെണ്ടർ വേലകളുടെ ഗുണമേന്മ ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഉറപ്പു വരുത്തിയില്ല' എന്ന പരാമർശവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വേതനവും പെൻഷനുകളും അനുവദിച്ചതിൽ അപാകതകൾ**

മടവൂർ ഗ്രാമപഞ്ചായത്ത് 2001-02-ൽ വിവിധ പെൻഷനുകളും തൊഴിൽ രഹിത വേതനവും അനുവദിച്ചതിൽ അപാകതകൾ.

തൊഴിൽരഹിത വേതന അപേക്ഷകളിൽ അന്വേഷണം നടത്തിയിട്ടില്ല. അന്യ പഞ്ചായത്ത് വാസികൾക്ക് വേതനം നൽകിയിട്ടുണ്ട്. വരുമാന പരിധി, അർഹത എന്നിവ നിർണയിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

4-1-2000-ലെ സർക്കാർ ഉത്തരവ് പി.2000/എൽ.എസ്.ജി.ഡി. അനുസരിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കർഷക തൊഴിലാളി പെൻഷൻ അനുവദിക്കേണ്ടത്. എന്നാൽ 435 പേർക്ക് റിപ്പോർട്ടില്ലാതെ പെൻഷൻ നൽകി. 1998-ൽ 278 പെൻഷൻ ഉണ്ടായിരുന്നത് 1165 ആയി വർദ്ധിച്ചു. ഈ ഭീമമായ വർദ്ധനവ് അന്വേഷിക്കേണ്ടതാണ്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ റിപ്പോർട്ടില്ലാതെ 206 പേർക്ക് വിധവാ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച പെൻഷനുകളുടേയും വേതനത്തിന്റേയും അർഹത പരിശോധിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (3.11.12)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 27424/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

141. മടവൂർ ഗ്രാമപഞ്ചായത്തിൽ 2001-02 വർഷത്തെ ആഡിറ്റ് പരാമർശത്തിൽ പറയുന്ന തടസ്സങ്ങൾ ലോക്കൽ ഫണ്ട് ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് അന്വേഷണത്തിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ

ത്തിൽ പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചതായ 4 പേർ ഇനിയും അനർഹമായി തൊഴിൽരഹിത വേതനം കൈപ്പറ്റിയ തുക തിരിച്ചടച്ചിട്ടില്ല. തുക തിരിച്ചു പിടിക്കുന്നതിലേക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അധികം കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 21-8-2008-ലെ ബി 1-124/04-ാം നമ്പർ കത്ത് പ്രകാരം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

142. കർഷക തൊഴിലാളി പെൻഷൻ അനുവദിച്ച 435 ഗുണഭോക്താക്കളെ കുറിച്ച് പുനഃരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ കൈമാറിയെങ്കിലും അതിൽ 123 അപേക്ഷകൾ മാത്രമാണ് നാളിതുവരെ അന്വേഷണം നടത്തി തിരികെ ലഭിച്ചത്. അതിൽ 11 ഗുണഭോക്താക്കൾ അനർഹരാണെന്ന് കണ്ടെത്തിയതിനാൽ അവരുടെ പെൻഷൻ 8/2007 മുതൽ നിറുത്തൽ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 312 അപേക്ഷകളിൽ അന്വേഷണം നടത്തി തിരികെ ലഭിച്ചിട്ടില്ല.

143. വിധവാ പെൻഷൻ അനുവദിച്ച 206 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് പുനഃരന്വേഷണത്തിന് നൽകിയിട്ടുണ്ടെങ്കിലും അന്വേഷണം നടത്തി തിരികെ ലഭിച്ചിട്ടില്ല.

144. ഓഡിറ്റ് പരാമർശം സംബന്ധിച്ച് 17-9-2008-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. അനർഹമായി തൊഴിൽരഹിത വേതനം കൈപ്പറ്റിയ 4 പേരിൽ നിന്നും നഷ്ടം സംഭവിച്ച 4,840 രൂപ തിരികെ ഈടാക്കുന്നതിനായി 21-8-2008-ൽ ആർ.ആർ. നോട്ടീസ് നൽകിയിട്ടുണ്ടെന്നും അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി വിശാലാക്ഷിക്ക് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൾ സമിതി മുമ്പാകെ ഹാജരായിട്ടില്ലെന്നും മടവൂർ ഗ്രാമപഞ്ചായത്തു സെക്രട്ടറി സമിതിയെ അറിയിച്ചു.

145. അധികം നൽകിയ തുക ഒരു മാസത്തിനകം തിരിച്ചു പിടിക്കണമെന്നും ഇല്ലെങ്കിൽ ശ്രീമതി വിശാലാക്ഷിയിൽ നിന്നും നഷ്ടം സംഭവിച്ച തുക ഈടാക്കണമെന്നും അർഹതയുള്ളവർക്ക് വേതനം നൽകുന്നതിന് തടസ്സമില്ലെന്നും സമിതി വ്യക്തമാക്കി.

146. 4-1-2001-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ട കർഷകത്തൊഴിലാളി പെൻഷൻ 435 പേർക്ക് ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അല്ലാതെ നൽകിയതിന്റെ സാംഗത്യമെന്തെന്ന് സമിതി ആരാഞ്ഞതിന്, കൃഷി ഓഫീസറുടെ കീഴുദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ആണ് അത് പരിശോധിക്കേണ്ടതെന്ന് മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. ഗവൺമെന്റ് ഉത്തരവുപ്രകാരം കൃഷി അസിസ്റ്റന്റിനാണ് റിപ്പോർട്ട് നൽകുവാനുള്ള അധികാരമെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

147. പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല പരിശോധന ഒരു മാസത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി പഞ്ചായത്ത് ജോയിന്റ് ഡയറക്ടറോട് നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 3-1-2009-ലെ 27424/Ab2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

**തൊഴിൽരഹിത വേതനം**

148. അന്വേഷണത്തിൽ അനർഹമായി തൊഴിൽരഹിത വേതനം കൈപ്പറ്റിയ 4 ഗുണഭോക്താക്കളിൽ നിന്നും അനർഹമായി കൈപ്പറ്റിയ വേതനം 4,840 രൂപ 1-11-2008-ന് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതായ വിവരം ബോധിപ്പിക്കുന്നു.

**കർഷകത്തൊഴിലാളി പെൻഷൻ**

149. കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ച 435 ഗുണഭോക്താക്കളെ സംബന്ധിച്ച് കൃഷി ഓഫീസർ അന്വേഷണം നടത്തിയതിൽ 163 പേർക്ക് പെൻഷൻ അർഹതയുള്ളതായും 10 പേർക്ക് അർഹതയില്ലാത്തതായും കണ്ടെത്തിയിരിക്കുകയാണ്. അനർഹരിൽ നിന്ന് റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 8 ഗുണഭോക്താക്കൾക്ക് പെൻഷന് അർഹതയുണ്ടായിരുന്നെങ്കിലും പിന്നീട് വാർദ്ധക്യകാല പെൻഷൻ പദ്ധതിയിലേക്ക് മാറുകയായിരുന്നു. 120 പേരുടെ പെൻഷൻ അർഹത നിർണ്ണയിക്കുന്നതിന് പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. 134 ഗുണഭോക്താക്കൾ മരണപ്പെട്ടിരിക്കുകയാണ്.

**വിധവാ പെൻഷൻ**

150. വിധവാപെൻഷൻ അനുവദിച്ച 206 ഗുണഭോക്താക്കളുടെ സംഗതിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പുനരന്വേഷണം നടത്തിയതിൽ 206 ഗുണഭോക്താക്കൾ അർഹരാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇതിൽ 6 പേർ മരണപ്പെട്ടതായും 102 പേർക്ക് ആൺ മക്കൾ പ്രായപൂർത്തിയാകുക, വരുമാന പരിധി ഉയരുക, താമസം പഞ്ചായത്ത് പരിധിയിൽ നിന്ന് മാറുക, പുനർ വിവാഹിതരാവുക എന്നീ കാരണങ്ങളാൽ പല അവസരങ്ങളിൽ പെൻഷൻ നിറുത്തിയിട്ടുള്ളതായും ബോധിപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ L.F.1344/ Spl.Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

151. അനർഹമായി തൊഴിൽരഹിത വേതനം കൈപ്പറ്റിയതായി പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവു പ്രകാരം റിപ്പോർട്ടു ചെയ്ത 13 പേരിൽ തുക തിരിച്ചടയ്ക്കാൻ ബാക്കിയുള്ള 4 പേർ 1-11-2008-ൽ രശീതി നം. 28259/81 മുതൽ 28259/83, 85 എന്നിവ പ്രകാരം 4,840 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. വിധവാപെൻഷനും കർഷകത്തൊഴിലാളി പെൻഷനും വിതരണം ചെയ്തതു സംബന്ധിച്ച വകുപ്പുതല പരിശോധന യഥാക്രമം 21-11-2008, 29-11-2008 എന്നീ തീയതികളിൽ പൂർത്തീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

152. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട്-ന്റെ 1-6-2009-ലെ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധന റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

**തൊഴിൽരഹിത വേതനം**

153. തൊഴിൽരഹിത വേതനം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് തെളിവെടുപ്പ് വേളയിൽ അനർഹമായി വേതനം കൈപ്പറ്റിയിരുന്നിട്ടും ഇനിയും തുക തിരിച്ചടക്കാതിരുന്ന 4 ഗുണഭോക്താക്കളും തുക തിരിച്ചടവാക്കിയിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. ആയവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര്, മേൽവിലാസം | അടച്ച തുക | രശീതി നമ്പർ, തീയതി |
|---|---|---|---|
| 466 | നിഷ, എ. സി.<br>അരിച്ചോലയിൽ | 400 | 28259/81<br>1-11-2008 |
| 481 | സുമ, എം.<br>മഠത്തിൽ | 900 | 28259/82<br>1-11-2008 |
| 595 | നൗഷാദ്, എ. പി.<br>അടക്കത്ത് പറമ്പത്ത് | 400 | 28259/83<br>1-11-2008 |
| 465 | സജിത, ഡി. പി.<br>വാവർ കണ്ടിയിൽ | 3140 | 28259/84<br>1-11-2008 |

**വിധവാപെൻഷൻ**

154. ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടില്ലാതെ 206 ഗുണഭോക്താക്കൾക്ക് വിധവാപെൻഷൻ അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൻമേൽ അന്വേഷണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ 21-10-2008-ൽ സമർപ്പിച്ച പുനഃരന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട 206 ഗുണഭോക്താക്കളും വിധവാപെൻഷന് അർഹതയുള്ളവരാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായ വിവരം ബോധിപ്പിക്കുന്നു.

**കർഷകത്തൊഴിലാളി പെൻഷൻ**

155. 4-1-2000-ലെ സർക്കാർ ഉത്തരവ് പി.2000/എൽ.എസ്.ജി.ഡി. അനുസരിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7/2000-നുശേഷം കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കേണ്ടിയിരുന്ന 435 പേർക്ക് അന്വേഷണ റിപ്പോർട്ടില്ലാതെ പെൻഷൻ അനുവദിച്ചത് സംബന്ധിച്ച പരാമർശത്തിൽ വിശദമായ പരിശോധന നടത്തിയതിൽ 8-8-2000, 14-11-2000, 28-12-2000 എന്നീ തീയതികളിലെ പഞ്ചായത്തിന്റെ യോഗതീരുമാന പ്രകാരവും 22-2-2001, 22-3-2001, 19-6-2001-ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരവും ആകെ 429 പേർക്ക് മാത്രമാണ് പെൻഷൻ അനുവദിച്ചതായി  കാണുന്നത്.

156. മടവൂർ ഗ്രാമപഞ്ചായത്തിലേക്ക് ലേബർ ഓഫീസിൽ നിന്ന് കൈമാറിയത് 277 പേരുടെ പെൻഷനുകളാണ്. ലേബർ ഓഫീസിൽ നിന്നും കൈമാറിയ 277 പെൻഷനുകൾക്ക് പുറമെ 1998 മുതൽ 19-6-2001 വരെ 887 അപേക്ഷകളാണ് ഗ്രാമപഞ്ചായത്ത് അനുവദിച്ചത്. 19-6-2001-ന് പഞ്ചായത്ത് അനുവദിച്ച പെൻഷൻ ഗുണഭോക്താവിന്റെ ക്രമനമ്പർ 1164 ആണെന്നതും ഉറപ്പ് വരുത്തിയിട്ടുണ്ട്. പെൻഷൻ വിതരണ രജിസ്റ്ററിൽ 1165-ാം നമ്പർ ആയി വരുന്ന ശ്രീ. അമ്മത്, S/o കോയക്കുട്ടി, തെറ്റത്ത്, പി.ഒ. മടവൂർ എന്നവർക്ക് 2002 മാർച്ച് 27-ലെ 25(2)-ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരമാണ് പെൻഷൻ അനുവദിച്ചത് എന്നതിനാലും ആയത് ഓഡിറ്റ് തീയതിക്ക് ശേഷമായതിനാലും ടിയാൻ മുതലുള്ളവരെ സംബന്ധിച്ച് വിശദവിവരങ്ങൾ ടി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

157. 7/2000 മുതൽ 19-6-2001 വരെയുള്ള കാലയളവിൽ 429 പേർക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്നും തീരുമാന പ്രകാരം പെൻഷൻ അനുവദിച്ചിരിക്കുന്നത്. കൂടാതെ ശ്രീമതി പത്മാവതി അമ്മ, മരണോത്താഴത്ത് (ക്രമ നമ്പർ 1043) എന്നവർക്ക് പഞ്ചായത്ത് തീരുമാനമില്ലാതെയും പെൻഷൻ നൽകുന്നുണ്ട്. ഇപ്രകാരം ആകെ 430 പെൻഷനുകളാണ് നൽകി വന്നിരുന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചതായ 435 ഗുണഭോക്താക്കളും അന്വേഷണത്തിൽ കണ്ടെത്തിയ 430 ഗുണഭോക്താക്കളും തമ്മിലുള്ള വ്യത്യാസം 5 എന്നും കാണാവുന്നതാണ്. തുടക്കത്തിൽ എണ്ണം കണക്കാക്കിയതിൽ വന്നുചേർന്ന പിശകാണ് ഇപ്രകാരമുള്ള വ്യത്യാസത്തിന് കാരണം എന്ന് മനസ്സിലാകുന്നു. ഓഡിറ്റ് പരാമർശത്തെ തുടർന്ന് 18-5-2004-ന് ബി 2-357/02-ാം നമ്പർ കത്ത് പ്രകാരം 927 അപേക്ഷകരുടെ പേരും മേൽവിലാസവും അടങ്ങുന്ന ലിസ്റ്റാണ് പെൻഷൻ അർഹത പുനഃപരിശോധിക്കുന്നതിന് കൃഷി ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് കൈമാറിയിട്ടുള്ളത്.

158. മേൽ വിഷയവുമായി ബന്ധപ്പെട്ട് അനർഹരായ 4 പേർക്ക് മാത്രമാണ് രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുള്ളത്. വരുമാനം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കുന്നതിന് 46 പേർക്ക് രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ആയതിന് പുറമേ മറ്റ് നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കണ്ടിട്ടില്ല.

159. അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വരുമാനവും, പ്രായവും ഉറപ്പ് വരുത്തുന്നതിന് കൃഷി ഓഫീസർ ശുപാർശ ചെയ്ത ഗുണഭോക്താക്കളുടെ അർഹത 10 ദിവസങ്ങൾക്കുള്ളിൽ ഉറപ്പ് വരുത്തുന്നതിനും കൃഷി ഓഫീസർക്ക് കണ്ടെത്താൻ കഴിയാതിരുന്ന 5 അപേക്ഷകരെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനും അനർഹരായ എല്ലാ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും കൃഷി ഓഫീസർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാതിരുന്ന 17 ഗുണഭോക്താക്കളുടെ അപേക്ഷ കൃഷി ഓഫീസർക്ക് അടിയന്തിരമായി കൈമാറി അർഹത സംബന്ധിച്ച റിപ്പോർട്ട് വാങ്ങുന്നതിനും കൃഷി ഓഫീസറുടെ അന്വേഷണമില്ലാതെ തന്നെ പെൻഷൻ അനുവദിക്കുകയും (ക്രമ. 904 പെൻഷൻ നമ്പർ 614/2000) ആയത് കാരണമില്ലാതെ തന്നെ നിറുത്തൽ ചെയ്ത സാഹചര്യം വ്യക്തമാക്കുന്നതിന് 8-5-2009-ലെ സി5.680/(16)/08(2)-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

160. കൃഷി ഓഫീസർ അന്വേഷണത്തിനുശേഷം സമർപ്പിച്ച പരാമർശ വിധേയമായ 412 ഗുണഭോക്താക്കളിൽ (മേൽ സൂചിപ്പിച്ച 430-ൽ പെട്ടവ) 13 പേർ അനർഹരാണെന്നും ഇപ്പോഴും തിരിച്ചറിഞ്ഞിട്ടില്ലാത്തവരായി 5 പേരും വരുമാന സർട്ടിഫിക്കറ്റ് ആവശ്യമുള്ളവരായി 46 പേരും, വയസ്സ് തെളിയിക്കാത്തവരായി 60 പേരും 115 പേർ മരണപ്പെട്ടിട്ടുണ്ടെന്നും [കൃഷി ഓഫീസറുടെ അന്വേഷണത്തിന് മുമ്പും (35) പിമ്പുമായി (80)] 165 പേർക്ക് അർഹതയുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

161. ആയതിന് പുറമേ വാർദ്ധക്യകാല പെൻഷനിലേക്ക് 8 പേരെ മാറ്റിയിട്ടുള്ളതായും അന്വേഷണത്തിൽ ബോദ്ധ്യപ്പെടുകയുണ്ടായി. റിപ്പോർട്ടില്ലാതെ ഇപ്പോഴും 17 പേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും റിപ്പോർട്ടില്ലാതെ തന്നെ ഒരു ഗുണഭോക്താവിനും (ക്രമ നമ്പർ 904, പെൻഷൻ നമ്പർ 614/2000) 12/2000 മുതൽ 7/01 വരെ 960 രൂപ അനുവദിച്ചതായും, ആയതിനുശേഷം പ്രത്യേക സൂചനകളൊന്നും രേഖപ്പെടുത്താതെ പെൻഷൻ വിതരണം നിർത്തി വെച്ചതായും വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 7-11-2009-ലെ 27424/AB 2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

**തൊഴിൽരഹിത വേതനം**

162. അനർഹമായി കൈപ്പറ്റിയ തൊഴിൽരഹിത വേതനം തിരിച്ചടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര്, മേൽവിലാസം | അടച്ച തുക | രശീതി നമ്പർ തീയതി |
|---|---|---|---|
| 466 | നിഷ, എ. സി.<br>അരിച്ചോലയിൽ | 400 | 28259/81<br>1-11-2008 |
| 481 | സുമ, എം.<br>മഠത്തിൽ | 900 | 28259/82<br>1-11-2008 |
| 595 | നൗഷാദ്, എ. പി.<br>അടക്കന്ന് പറമ്പത്ത് | 400 | 28259/83<br>1-11-2008 |
| 465 | സജിത, സി. പി.<br>വാവർ കണ്ടിയിൽ | 3,140 | 28259/84<br>1-11-2008 |

**കർഷകത്തൊഴിലാളി പെൻഷൻ**

163. 4-7-2000-ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി) നമ്പർ189/2000/ത.സ്വ.ഭ.വ. അനുസരിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കർഷക തൊഴിലാളി പെൻഷൻ അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ 435 പേർക്ക് റിപ്പോർട്ടില്ലാതെ പെൻഷൻ നൽകിയത് സംബന്ധിച്ച് ഓഡിറ്റ് പരാമർശത്തിൽ

വിശദമായ പരിശോധന നടത്തിയതിൽ 8-8-2000, 14-11-2000, 28-12-2000 എന്നീ തീയതികളിലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാന പ്രകാരം 430 പേർക്ക് മാത്രമാണ് പെൻഷൻ അനുവദിച്ചതായി കാണുന്നത്. മടവൂർ പഞ്ചായത്തിൽ ലേബർ ഓഫീസിൽ നിന്ന് കൈമാറിയത് 277 പേരുടെ പെൻഷനുകളാണ്. ലേബർ ഓഫീസിൽ നിന്നും കൈമാറിയ പെൻഷനുകൾക്ക് പുറമെ 1998 മുതൽ 19-6-2001 വരെ 887 അപേക്ഷകർക്കാണ് ഗ്രാമപഞ്ചായത്ത് പെൻഷൻ അനുവദിച്ചത്. 19-6-2001-ന് ഗ്രാമപഞ്ചായത്ത് അനുവദിച്ച പെൻഷൻ ഗുണഭോക്താവിന്റെ ക്രമനമ്പർ 1164 ആണെന്നതും ഉറപ്പ് വരുത്തിയിട്ടുണ്ട്.

164. 7/2000 മുതൽ 19-6-2001 വരെയുള്ള കാലയളവിൽ 430 പേർക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്നും തീരുമാന പ്രകാരം പെൻഷൻ അനുവദിച്ചിരിക്കുന്നത്. ഇപ്രകാരം ആകെ 430 അപേക്ഷകളാണ് പെൻഷൻ ലഭിക്കുന്നതിലേക്കായി പഞ്ചായത്ത് പരിഗണിച്ചിരുന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചതായ 435 ഗുണഭോക്താക്കളും അന്വേഷണത്തിൽ കണ്ടെത്തിയ 430 ഗുണഭോക്താക്കളും തമ്മിലുള്ള വ്യത്യാസം 5 എന്നു കാണാവുന്നതാണ്. എണ്ണം കണക്കാക്കിയപ്പോൾ ഓഡിറ്റ് റിപ്പോർട്ടിൽ വന്ന പിശകാകാം വ്യത്യാസത്തിന് കാരണമായതെന്ന് മനസ്സിലാക്കുന്നു.

165. ഓഡിറ്റ് പരാമർശത്തെ തുടർന്ന് 18-5-2004-ന് ബി2-357/02-ാം നമ്പർ കത്ത് പ്രകാരം 430 പേരുടെ അപേക്ഷകൾ പുനരന്വേഷണത്തിന് നൽകുന്നതിന് പകരം 927 അപേക്ഷകരുടെ പേരും മേൽവിലാസവും അടങ്ങുന്ന ലിസ്റ്റാണ് പെൻഷൻ അർഹത പുന:പരിശോധിക്കുന്നതിന് കൃഷി ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് കൈമാറിയിരുന്നത്.

166. കൃഷി ഓഫീസർ അന്വേഷണത്തിന് ശേഷം സമർപ്പിച്ച റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശത്തിന് വിധേയരായ 430 ഗുണഭോക്താക്കളിൽ 421 പേരുടെ വിവരങ്ങൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ. 421 പേരുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിൽ 281 ഗുണഭോക്താക്കൾ പെൻഷനു അർഹരാണെന്നു കണ്ടെത്തിയിട്ടുണ്ട്. 9 പേരുടെ അന്വേഷണ റിപ്പോർട്ട് ഇനിയും കൃഷി ഓഫീസറിൽ നിന്നും ലഭ്യമായിട്ടില്ല. ഇതിലുൾപ്പെട്ട ഒരു ഗുണഭോക്താവായ ശ്രീ. അസ്സയിൻ എഴുകുളത്തിൽ എന്നവർക്ക് 12/2000 മുതൽ 7/01 വരെയുള്ള കാലയളവിലെ പെൻഷൻ 960 രൂപ നൽകിയെങ്കിലും തുടർന്ന് പ്രത്യേക സൂചനകൾ ഒന്നുമില്ലാതെ പെൻഷൻ നിർത്തൽ ചെയ്തിട്ടുള്ളതായും കാണുന്നു. കൃഷി ഓഫീസർ അനർഹരാണെന്ന് കണ്ടെത്തിയ 12 ഗുണഭോക്താക്കളിൽ ഒരാൾ മരണപ്പെടുകയും മറ്റ് 11 ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിന് 26-5-2009-ലെ ബി2.357/09-ാം നമ്പർ കത്ത് പ്രകാരം മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. തിരിച്ചറിയാൻ കഴിയാത്തവരായി റിപ്പോർട്ട് ചെയ്ത 5 പേരുടെ സംഗതിയിൽ ഒരാൾ മരണപ്പെടുകയും 2 ഗുണഭോക്താക്കൾക്ക് അയച്ച പെൻഷൻ കൈപ്പറ്റാതെ തിരിച്ചു വന്നതിനാൽ നിലവിൽ അയക്കുന്നില്ലെന്നും, ഒരു ഗുണഭോക്താവ് 480 രൂപ ആദ്യ തവണ അയച്ചപ്പോൾ കൈപ്പറ്റിയെങ്കിലും തുടർന്ന് അയച്ച തുക മടങ്ങി വന്നതായും, മറ്റൊരു ഗുണഭോക്താവിന്റെ പേര് അപേക്ഷയിലും സാക്ഷ്യപത്രത്തിലും വ്യത്യസ്തമായി കണ്ടതിനാൽ രണ്ടും ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം നാളിതുവരെയും ഹാജരാക്കാത്തതിനാൽ പെൻഷൻ അനുവദിച്ചിട്ടില്ല.

167. ബാക്കിയുള്ളവരിൽ 8 ഗുണഭോക്താക്കൾ വാർദ്ധക്യകാല പെൻഷനിലേക്ക് മാറിയിട്ടുള്ളതായും 115 ഗുണഭോക്താക്കൾ ഇക്കാലയളവിൽ മരണമടഞ്ഞതായും ബോധിപ്പിക്കുന്നു. വരുമാന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കിയതിൽ അനർഹരാണെന്ന് കരുതിയിരുന്ന എല്ലാ ഗുണഭോക്താക്കളും സാക്ഷ്യപത്രം ഹാജരാക്കിയതിൽ അർഹരാണെന്ന് തെളിഞ്ഞതായി കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തു. അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാത്ത 9 ഗുണഭോക്താക്കളെ സംബന്ധിച്ച് വിവരം (അപേക്ഷ സഹിതം) അടിയന്തിരമായി വീണ്ടും കൃഷി ഓഫീസർക്ക് നൽകി അർഹത പരിശോധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ നിന്നും സി5.680(16)/07 തീയതി, 19-9-2009-ാം കത്ത് പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്.

168. കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയപ്പോൾ ആയത് സംബന്ധിച്ച് വാർഡ് തലത്തിലും ഗ്രാമസഭയിലും വലിയ തോതിലുള്ള പ്രചാരണം നൽകിയതിന്റെ അടിസ്ഥാനത്തിലാകാം മുൻപുണ്ടായിരുന്ന 278 കർഷക തൊഴിലാളി പെൻഷൻ 1165 ആയി വർദ്ധിക്കാൻ കാരണമെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 18-12-2009-ലെ 27424/AB2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

169. "മടവൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളിൽ ഇനിയും റിപ്പോർട്ട് ലഭിക്കാതിരുന്ന 9 പേരിൽ 8 പേർ പെൻഷന് അർഹരാണ്. ഒരാൾ 9-6-2001-ൽ മരണപ്പെട്ടു. ടി വ്യക്തിക്ക് പെൻഷൻ ലഭിച്ചിരുന്നില്ല. കൂടാതെ അപേക്ഷയിലും സാക്ഷ്യപത്രത്തിലും വ്യത്യസ്തമായി കണ്ട രണ്ടും ഒരാൾ തന്നെയാണ് എന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എന്ന വിവരവും അറിയിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

170. **ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ തൊഴിൽ രഹിത വേതനം, വിധവാപെൻഷൻ എന്നിവയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിലെ അപാകതകൾ സംബന്ധിച്ച് പഞ്ചായത്ത് വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബാധ്യത വന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ച് ഈടാക്കി ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## കുറ്റ്യാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചട്ടം ലംഘിച്ച് കർഷക പെൻഷൻ**

സർക്കാർ ഉത്തരവ് പാലിക്കാതെ പഞ്ചായത്ത് 227 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചു. തൊഴിൽ വകുപ്പിന്റെ 16-4-1998-ലെ ജി.ഒ. (പി) 18/98-ലെ ചട്ടങ്ങളാണ് ലംഘിക്കപ്പെട്ടത്. ചട്ടം 7 (ബി)-ലെ അപേക്ഷ കൈപ്പറ്റി 45 ദിവസത്തി

നകം പരിശോധിച്ച് തീരുമാനമെടുക്കണമെന്ന നിബന്ധന പാലിക്കാതെ 6/98-ലെ അപേക്ഷകർക്ക് 4-10-1999-ലാണ് മുൻകാല പ്രാബല്യത്തിൽ പെൻഷൻ അനുവദിച്ചത്. ചട്ടം 7 (ഡി)-ലെ വയസ് തെളിയിക്കുന്ന രേഖയ്ക്ക് പകരം പഞ്ചായത്ത് പ്രസിഡന്റിന്റെ സർട്ടിഫിക്കറ്റ് അംഗീകരിച്ചത് ഗുരുതരമായ ക്രമക്കേടാണ്. ചട്ടം 7 (ബി)-ലെ തദ്ദേശഭരണ സ്ഥാപന അധികാരി അപേക്ഷകളിൽ പരിശോധന നടത്തണമെന്ന നിർദ്ദേശത്തിന് പകരം വാർഡ് മെമ്പർമാരാണ് പരിശോധന നടത്തിയത്. പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് പുനഃപരിശോധിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (3.11.7)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 27424/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

171. " കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ മാത്രം 6/98-ൽ 250 ലേറെ അപേക്ഷകൾ ലഭിച്ചിരുന്നു. ദീർഘകാലമായി സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടന്നതിനാലും മറ്റും കെട്ടി കിടന്ന അപേക്ഷകളിൽ ഉയർന്ന ജോലി ഭാരം, ജീവനക്കാരുടെ അപര്യാപ്തത, കൈമാറി കിട്ടിയ ജീവനക്കാരുടെ സഹകരണക്കുറവ് തുടങ്ങിയ കാരണങ്ങളാലാണ് സമയപരിധിക്കകത്ത് അപേക്ഷകൾ തീർപ്പാക്കാൻ പറ്റാതായത്. 6/98-ൽ ലഭിച്ച അപേക്ഷകളിൽ അടുത്ത മാസം മുതൽ ചട്ടപ്രകാരം പെൻഷൻ അർഹത കിട്ടും എന്നതിനാലാണ് 7/98 മുതൽ അർഹത നൽകിയത്. വയസ്സു തെളിയിക്കാൻ പഞ്ചായത്ത് നിർണ്ണയിച്ച ഫോറത്തിൽ ഏത് രേഖയുടെ അടിസ്ഥാനത്തിലാണ് വയസ്സ് രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവില്ല എന്ന കാരണം പറഞ്ഞ് കൃഷി അസിസ്റ്റന്റുമാർ പെൻഷൻ അന്വേഷണത്തിന് വിമുഖത കാണിച്ച സാഹചര്യത്തിലും പഞ്ചായത്ത് ഓഫീസിൽ ഉപരോധങ്ങളും മറ്റും സംഘടിപ്പിക്കുകയും അപേക്ഷകരിൽ ചിലർ മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ മറ്റു വഴികൾ ഇല്ലാത്തതിനാലാണ് മെമ്പർമാരെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയത്. ചട്ടം 7 (ബി) പ്രകാരം തദ്ദേശ സ്വയംഭരണ അധികാരി അന്വേഷണം നടത്തി അപേക്ഷ തീർപ്പാക്കണമെന്നാണ് വ്യവസ്ഥ. ചട്ടത്തിൽ അധികാരി എന്നത് നിർവ്വചിച്ചിട്ടില്ലാത്തതിനാൽ മെമ്പർമാരുടെ അന്വേഷണ റിപ്പോർട്ട് പഞ്ചായത്ത് വിശദമായി പരിശോധിച്ച് തീർപ്പാക്കുന്നതിനാൽ അപാകതയില്ല എന്ന ഉത്തമ വിശ്വാസത്തിലും സാധാരണക്കാരായ അപേക്ഷകർക്ക് അർഹമായ ആനുകൂല്യം എത്രയും വേഗത്തിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയുമാണ് കാര്യങ്ങൾ ചെയ്തതെന്ന് ബോധിപ്പിക്കുന്നു.

172. പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അർഹതയുള്ള 227 വ്യക്തികൾക്കാണ് കർഷക പെൻഷൻ അനുവദിച്ചതെന്നും, ഓഡിറ്റ് തടസ്സം വന്നതിനുശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചുവെന്നും വയസ്സ് തെളിയിക്കുന്നതിനു വേണ്ടി ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, ജനന സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലുമാണ് ആധാരമാക്കിയതെന്നും കുറ്റ്യാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

173. താൻ പഞ്ചായത്തിൽ ചെല്ലുന്ന സമയത്ത് 6-9-1998 മുതൽ ലഭിച്ച 250-ഓളം അപേക്ഷകൾ കെട്ടിക്കിടക്കുകയായിരുന്നെന്നും അന്വേഷണത്തിനായി പലതവണ കൃഷി ഭവനോട് ആവശ്യപ്പെട്ടുവെങ്കിലും അവർ അന്വേഷിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലും അപേക്ഷകരിൽ ചിലർ പെൻഷൻ ആനുകൂല്യം ലഭിക്കാതെ മരണപ്പെട്ടുപോയ സാഹചര്യത്തിലുമാണ് പഞ്ചായത്ത് മെമ്പറെക്കൊണ്ട് അന്വേഷിപ്പിച്ചതിനുശേഷം ഒരു മേൽപരിശോധന കൂടി നടത്തി പെൻഷൻ അനുവദിക്കാമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത്. ആകെ ലഭിച്ച അപേക്ഷകളിൽ 10 എണ്ണം നിരസിക്കുകയും 15 എണ്ണം പുനരന്വേഷണത്തിനായി മാറ്റി വയ്ക്കുകയുമാണ് ഉണ്ടായത്. പഞ്ചായത്തിൽ ജീവനക്കാർ കുറവായതിനാലാണ് പഞ്ചായത്ത് മെമ്പറെക്കൊണ്ട് അന്വേഷണം നടത്തിപ്പിച്ചതെന്നും അപേക്ഷ ലഭിച്ച് അടുത്ത മാസം 1-ാം തീയതി മുതൽ പെൻഷന് അർഹതയുണ്ടെന്ന് ചട്ടം 16-ൽ പറയുന്നതിനാലാണ് മുൻകാല പ്രാബല്യത്തിൽ പെൻഷൻ നൽകിയതെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

174. പരിശോധന ആര് നടത്തിയാലും അപേക്ഷയ്ക്കു താഴെ പഞ്ചായത്ത് സെക്രട്ടറി ഒപ്പിടേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന്, പഞ്ചായത്ത് അധികാരി അന്വേഷിച്ച് പെൻഷൻ അനുവദിക്കണമെന്നാണ് റൂളിൽ പറഞ്ഞിരിക്കുന്നതെന്നും, എന്നാൽ അധികാരി എന്നത് ആരാണെന്ന് റൂളിൽ വിശദമാക്കുന്നില്ലെന്നും/വ്യക്തമാക്കുന്നില്ലെന്നും താൻ അറിയാത്ത കാര്യത്തിന്മേലുള്ള 250 അപേക്ഷകളിൽ താൻ ഒപ്പിട്ടിട്ടില്ലെന്നും പെൻഷൻ പാസാക്കുന്നത് പഞ്ചായത്ത് കമ്മിറ്റിയാണെന്നും പെൻഷൻ മണി ഓർഡറായി അയച്ചതിന്റെ രസീതുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

175. പഞ്ചായത്ത് അധികാരി എന്നു പറയുന്നത് പഞ്ചായത്ത് സെക്രട്ടറി തന്നെയാണെന്നും, അപേക്ഷയിൽ ഒപ്പ് ഇട്ടിട്ടില്ലെങ്കിലും പഞ്ചായത്ത് സെക്രട്ടറി അവ കണ്ട് ബോദ്ധ്യപ്പെട്ടശേഷം മാത്രമേ കമ്മിറ്റിയിൽ വരികയുള്ളൂവെന്നും കമ്മിറ്റിയുടെ മിനിറ്റ്സ് തയ്യാറാക്കുന്നത് സെക്രട്ടറിയാണെന്നും ആയതിനാൽ നടപടികളുടെ ഉത്തരവാദിത്വം സെക്രട്ടറിക്കുണ്ടെന്നും സമിതി വ്യക്തമാക്കി. തുടർന്ന് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**176. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കായക്കൊടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജലവകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു**

ജലസേചന വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ പഞ്ചായത്ത് പണിത മത്സ്യമാർക്കറ്റ് കെട്ടിടം പൊളിച്ച് മാറ്റാൻ ആവശ്യം. 1998-99-ലെ പദ്ധതി വിഹിതം 56,862 രൂപ ചെലവിട്ടാണ് കെട്ടിടം പണിതത്. കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് അനധികൃത കെട്ടിടം പൊളിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. സ്ഥലം ഉടമസ്ഥതപോലും ഉറപ്പുവരുത്താതെ കെട്ടിടം പണിതത് ഗുരുതരമായ വീഴ്ചയാണ്. ചെലവ് 56,862 രൂപ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (3.11.4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 27424/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

177. "പഴയ പഞ്ചായത്ത് റോഡിന്റെ ഭാഗമായുള്ള പുറമ്പോക്ക് ഭൂമിയാണ് എന്നുള്ള ധാരണയിൽ 1998-99 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യമാർക്കറ്റ് കെട്ടിടം നിർമ്മിച്ചിരുന്നു. പ്രവൃത്തി ഏതാണ്ട് പൂർത്തീകരിച്ചപ്പോഴാണ് ഇറിഗേഷൻ വകുപ്പ് പ്രസ്തുത സ്ഥലം കനാൽ പുറമ്പോക്കാണെന്നും കെട്ടിടം പൊളിച്ചു നീക്കണമെന്നും ആവശ്യപ്പെട്ടത്. പഞ്ചായത്തിന്റെ 4-6-2007-ലെ 23-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത കെട്ടിടം കൃഷിഭവനുവേണ്ടി ഉപയോഗിക്കാൻ വേണ്ടി സ്ഥലം പഞ്ചായത്തിന് വിട്ടുതരാൻ പഞ്ചായത്ത് പ്രസിഡന്റ് 4-6-2007 തീയതിയിലെ കത്തുപ്രകാരം ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രിയോട് അപേക്ഷിച്ചിട്ടുണ്ട്. സദുദ്ദേശത്തോടുകൂടി ചെയ്ത പ്രവൃത്തിയാകയാൽ പ്രസ്തുത കൃത്യവിലോപം മാപ്പാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

178. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ പഞ്ചായത്ത് കെട്ടിടം നിർമ്മിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് സമിതി ആരാഞ്ഞു. മത്സ്യമാർക്കറ്റിനു വേണ്ടി കെട്ടിടം പണിത സ്ഥലം പഞ്ചായത്ത് പുറമ്പോക്കാണെന്ന് ധരിച്ചെന്നും, കെട്ടിടം ഇപ്പോഴും ഉണ്ടെങ്കിലും പ്രവർത്തനരഹിതമാണെന്നും, സ്ഥലം പഞ്ചായത്തിനു വിട്ടുകിട്ടുന്നതിലേക്കായി ഇറിഗേഷൻ വകുപ്പിന് പ്രൊപ്പോസലയച്ചിട്ടു ണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് മന്ത്രിക്ക് കത്തു കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

179. പ്രോജക്ട് അംഗീകരിക്കുന്നതിനുമുമ്പ് സ്ഥലം നോക്കേണ്ടത് പഞ്ചായത്ത് സെക്രട്ടറിയാണെന്ന് സമിതി ചൂണ്ടിക്കാട്ടി. പണിത കെട്ടിടത്തിന് നമ്പറിട്ടിട്ടില്ലെന്നും, പാർട്ട് ബില്ലിന്മേൽ 56,000 രൂപ കൊടുത്തുവെന്നും ഫൈനൽ ബില്ല് ആകുമ്പോൾ 33,000 രൂപ കൂടി കൊടുക്കണമെന്നും, കരാർ വർക്കായിരുന്നുവെന്നും കെട്ടിടം പൂർത്തിയായപ്പോഴാണ് ജലസേചന വകുപ്പ് അവരുടെ സ്ഥലമാണെന്നറിയിച്ചതെന്നും, പ്രസ്തുത കെട്ടിടം കൃഷി ഭവന്റെ ഓഫീസാക്കി മാറ്റാൻ വേണ്ടി പഞ്ചായത്തിനു സ്ഥലം വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് ജലസേചന വകുപ്പിനോടഭ്യർത്ഥിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

180. ഭരണസമിതി പ്രത്യേകം താല്പര്യമെടുത്ത് ഗവൺമെന്റിനെ സമീപിക്കണ മെന്നും കെട്ടിടം പഞ്ചായത്ത് അധീനതയിൽ വിട്ടുകിട്ടുന്നതിനും അത് പ്രയോജന പ്പെടുത്തുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ എൽ.എഫ്.1344/ Spl.CellG2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

181. "സ്ഥലം വിട്ടുകിട്ടുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ബഹു. സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 13-10-2008-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എച്ച്. 2080/08 നമ്പർ കത്തിലൂടെ ഡയറക്ടറോട് അപേക്ഷിച്ചു. കൂടാതെ 16-10-2008-ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒരു മെമ്പർ എന്നിവർ ബഹു. ജലസേചന വകുപ്പുമന്ത്രിക്ക് സ്ഥലം വിട്ടുകിട്ടുന്നതിന് നേരിട്ട് നിവേദനം നൽകി."

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 12-2-2009-ലെ 27424/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

182. "കായക്കൊടി ഗ്രാമപഞ്ചായത്ത് മത്സ്യമാർക്കറ്റ് പണിത സ്ഥലം വിട്ടുകിട്ടണം എന്ന് ബഹു. ജലവിഭവ വകുപ്പുമന്ത്രിയോട് 17-10-2008-ലെ നിവേദനം മുഖേന അപേക്ഷിച്ചിട്ടുണ്ട് എന്ന് 12-1-2009-ലെ കത്തു മുഖേന കായക്കൊടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**183. ജലവിഭവ വകുപ്പിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം വിട്ടുകിട്ടുന്നതിലേക്കുവേണ്ട അടിയന്തിര നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## താമരശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചട്ടങ്ങൾ പാലിക്കാതെ മരാമത്ത് പ്രവൃത്തി**

വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെയും സാങ്കേതികാനുമതി വാങ്ങാതെയും 99-2000-ൽ 61 മരാമത്ത് പ്രവൃത്തികൾ നടത്തി. 97-ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ 6-ാം വകുപ്പിന് വിരുദ്ധമാണിത്. ഈ വേലകൾക്ക് 2,87,980 രൂപ തനത് ഫണ്ട് ചെലവ് കാണുന്നു. നിയമപ്രകാരം ഈടാക്കേണ്ട വിൽപ്പന നികുതി 16,126 രൂപയും നിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം 2,880 രൂപയും ഈടാക്കിയതായി കാണുന്നില്ല. ആകെ ചെലവ് 2,87,980 രൂപ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (3.11.2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 27424/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

184. "തടസ്സത്തിന് ഉത്തരവാദിയായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബി. നാരായണൻ നായർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്ന തിന്റെ ഭാഗമായി 29-8-2008-ന് ബി4-874/03 നമ്പരായി ഗ്രാമപഞ്ചായത്തിൽ നിന്ന് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്."

185. പ്രസ്തുത ആഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, മുൻ സെക്രട്ടറിക്കെതിരെ റവന്യൂ റിക്കവറി നടപടിക്കായി 29-8-2008-ന് നോട്ടീസയച്ചിട്ടു ണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. മേൽ മരാമത്ത് പണികൾ പ്ലാനും എസ്റ്റിമേറ്റും ഇല്ലാതെയാണോ നടത്തിയിരിക്കുന്നതെന്നും ഇതിന്റെ റിക്കാർഡുകൾ ഉണ്ടോയെന്നും സമിതി ചോദിച്ചതിന്, അന്നത്തെ ഓവർസിയറായിരുന്ന ശ്രീ. പി. കെ. മൂസയാണ് അളവെടുത്ത് രേഖപ്പെടുത്തിയതെന്നും, അദ്ദേഹത്തിന്റെ വിശദീകരണം തേടിയിട്ടുണ്ടെന്നും മാത്രമാണ് മുൻ സെക്രട്ടറിയുടെ മറുപടിയിൽ കാണുന്നതെന്നും, ഇതു സംബന്ധിച്ച റിക്കാർഡുകളൊന്നും തന്നെ ലഭ്യമല്ലെന്നും സെക്രട്ടറി ബോധിപ്പിച്ചു. ഓഫീസ് ഷിഫ്റ്റിംഗ് കാരണം ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. ഓഫീസ് ഷിഫ്റ്റിംഗ് നടന്നതുകൊണ്ട് എം. ബുക്ക് കാണുന്നില്ലെന്നതിന്റെ നിജസ്ഥിതി അറിയണമെന്നും സമിതി നിർദ്ദേശിച്ചു.

186. വർക്ക് നടത്താൻ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇല്ലെന്നും, ഏതു പിരീയഡിലെതാണെന്നറിയാത്തതിനാൽ മിനിറ്റ്സു മുഴുവനും കിട്ടിയിട്ടില്ലെന്നും സെക്രട്ടറി ബോധിപ്പിച്ചു.

187. 2,87,980 രൂപയുടെ ഓഡിറ്റ് തടസ്സം സംബന്ധിച്ച് ഭൗതികമായി വർക്കു കളൊന്നും നടന്നിരിക്കാൻ ഇടയില്ലെന്നും എല്ലാം കമ്മിറ്റി വർക്കുകളാണെന്നും 5,000 രൂപയുടെ വർക്കൊന്നും നടക്കില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ എം. ബുക്കും മിനിട്സും കാണാനില്ലെന്നതിനെ കുറിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ അന്വേഷിക്കുകയും ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യണമെന്ന് യഥാക്രമം എ.ഡി.പി., കോഴിക്കോട്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് സമിതി നിർദ്ദേശം നൽകി.

188. 2,87,980 രൂപയും മുൻസെക്രട്ടറിയുടെ പേരിൽ ലയബിലിറ്റിയായി ഫിക്സ് ചെയ്യുന്നതിനു മുമ്പായി വസ്തുതകൾ വിശദമായി പരിശോധിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 6-2-2009-ലെ എൽ.എഫ്. 1344/Spl.CellG2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

189. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 27-12-2008-ന് വകുപ്പുതല അന്വേഷണം പാലിക്കാതെ നടത്തിയ 61 മരാമത്ത് പ്രവൃത്തികൾക്ക് ചെലവഴിച്ച

2,87,980 രൂപ റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കാതിരിക്കാൻ വല്ല കാരണവുമുണ്ടെങ്കിൽ ബോധിപ്പിക്കാനാവശ്യപ്പെട്ട് ശ്രീ. നാരായണൻ നായർക്ക് 29-8-2008-ന് നൽകിയ മറുപടിയിൽ മേൽത്തുക അടയ്ക്കാൻ താൻ ബാധ്യസ്ഥനല്ല എന്നും കൂടുതൽ വിശദീകരണം നൽകാൻ ബന്ധപ്പെട്ട ഫയൽ പരിശോധിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ 6 എണ്ണം ഏറ്റെടുത്ത് നടത്തിയ 6 കൺവീനർ കരാറുകാർ വിൽപ്പന നികുതിയും തൊഴിലാളി ക്ഷേമനിധിയും അടവാക്കിയിട്ടുണ്ട്.

190. മേൽ ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി നിർദ്ദേശപ്രകാരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 4-8-2009-ലെ 27424/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

191. താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ഓഡിറ്റിൽ പ്രതിപാദിച്ച 61 പ്രവൃത്തികൾക്കും പെറ്റി കോൺട്രാക്ട് ബിൽ തയ്യാറാക്കി ഓവർസിയർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഒപ്പുവച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളുടെയും മെഷർമെന്റ് റിക്കാർഡ് ചെയ്തിട്ടുള്ളതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എം.ബുക്ക് നമ്പർ 104, 105, 106 എന്നിവയിലായി മുഴുവൻ പ്രവൃത്തികളുടെയും അളവ് രേഖപ്പെടുത്തി ഓവർസിയർ ഒപ്പു വച്ചിട്ടുണ്ട്. പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തലും വർക്ക് കൊട്ടേഷൻ വിളിച്ച് ചെയ്തതിന്റെ രേഖകളും വർക്ക് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷ/പരാതി എന്നിവയും ഓരോ വർക്ക് വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്.

192. പ്രവൃത്തികൾ മെഷർമെന്റ് ചെയ്ത ഓവർസിയറോട് നേരിട്ട് അന്വേഷിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ചെയ്തിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട ഫയലിനൊപ്പം സൂക്ഷിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്, ഭരണാനുമതി സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് മിനിട്സ് ബുക്ക് വാല്യം VI, VII, VIII എന്നിവ 4-9-2008-ന് ജില്ലാ സെഷൻസ് കോടതി II എയിൽ ഒ.പി. 288/05 നമ്പർ കേസിന്റെ എക്സിബിറ്റായി സമർപ്പിച്ചിരിക്കുകയാൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

193. ചട്ടം ലംഘിച്ച് നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾക്ക് സർക്കാരിൽ നിന്ന് മാപ്പാക്കാൻ സാധൂകരണം വാങ്ങണമെന്ന ഓഡിറ്റ് ശുപാർശയിൽ പിന്നീട് വന്ന ഗ്രാമപഞ്ചായത്ത് ജീവനക്കാരും നടപടികളൊന്നും സ്വീകരിച്ചില്ല.

194. പർച്ചേയ്സ് ടാക്സ്, വെൽഫയർ ഫണ്ട് എന്നീ ഇനത്തിൽ ഈടാക്കാനുള്ള തുകയ്ക്കായി ബന്ധപ്പെട്ട കരാറുകാർക്ക് പഞ്ചായത്ത് നോട്ടീസ് അയച്ചതിന്റെ അടിസ്ഥാനത്തിൽ പർച്ചേയ്സ് ടാക്സ് ഇനത്തിൽ 3,973 രൂപയും വെൽഫയർ ഫണ്ട് ഇനത്തിൽ 710 രൂപയും ഉൾപ്പെടെ ആകെ 4,683 രൂപ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്.

195. ഓഡിറ്റിൽ തടസ്സത്തിൽ വച്ച തുക റവന്യൂ റിക്കവറി നടപടിയിലൂടെ, ഈടാക്കുന്നതാണെന്ന് കാണിച്ച്, അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ബി. നാരായണൻ നായർക്ക് 29-8-2008-ന് ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിരുന്നെങ്കിലും ആയതിന് മറുപടിയായി ശ്രീ. ബി. നാരായണൻ നായർ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് നൽകിയ മറുപടിയുടെ പകർപ്പ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 17-9-2008-ന് നടന്ന തെളിവെടുപ്പിൽ ഈ വിഷയത്തിൽ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. തുടർന്നും തടസ്സപ്പെടുത്തിയ 2,87,980 രൂപയിൽ പർച്ചേയ്സ് ടാക്സ് ഇനത്തിലും ക്ഷേമനിധി വിഹിത ഇനത്തിലും ബന്ധപ്പെട്ട കരാറുകാർ അടച്ച 4,683 രൂപ കിഴിച്ച് ബാക്കി വരുന്ന 2,83,297 രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി നൽകുന്നതിന് 4-6-2009-ലെ ബി4-874/03 നമ്പർ കത്ത് പ്രകാരം താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പാലക്കാട് ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

196. മുൻ സെക്രട്ടറി ശ്രീ. ബി. നാരായണൻ നായർ 6-1-2009-ൽ സമിതിക്കു സമർപ്പിച്ച ഹർജി 23-9-2009-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും ഇതിന്മേൽ പുനഃപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

197. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 1-3-2010-ലെ എൽ.എഫ്. 13139/Spl.CellG2/09 നമ്പർ കത്തുപ്രകാരം താമരശ്ശേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി. നാരായണൻ നായരുടെ ഹർജി പരിശോധിച്ചു ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

198. 1997-ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്, ചട്ടം 6(1)-ന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കാതെ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്തതിന് 2,87,980 രൂപ നൽകിയതാണ് ഓഡിറ്റ് തടസ്സത്തിന് കാരണം. തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാനായിരുന്നു ഓഡിറ്റ് നിർദ്ദേശം. എന്നാൽ നാളിതുവരെ പഞ്ചായത്ത് സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

199. ഓഡിറ്റ് നിർദ്ദേശത്തിന് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി പരിശോധിച്ചെങ്കിലും മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഹാജരാക്കുകയോ ചെലവഴിച്ച തുകയ്ക്ക് സർക്കാരിന്റെ മാപ്പാക്കൽ ഉത്തരവ് ലഭ്യമാക്കുകയോ ചെയ്തിരുന്നില്ല. മാത്രമല്ല നിർമ്മാണ പ്രവർത്തികളുടെ വിൽപ്പന നികുതിയും, ക്ഷേമനിധി വിഹിതവും അടച്ചിരുന്നില്ല. ഇക്കാര്യം സൂചിപ്പിച്ച് അനന്തര നടപടികൾക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ 19-5-2004-ലെ കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.കെ.കെ.ഡി.(ഡി)(പി.5)/805/03/(1) നമ്പർ കത്ത് പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

200. 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 3.11.2 ആയി മേൽ ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട സമിതിയുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വകുപ്പുതല അന്വേഷണം നടത്തുകയും ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ബി. നാരായണൻ നായർ നൽകിയ മറുപടിയിൽ തുക അടയ്ക്കാൻ താൻ ബാധ്യസ്ഥനല്ലെന്നും കൂടുതൽ വിശദീകരണത്തിനായി ഫയൽ പരിശോധിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർനടപടിയെ സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ നിന്നും ലഭ്യമായിട്ടില്ല.

201. മേൽ വിഷയത്തിൽ സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായം അറിയിക്കുന്നു.

202. മേൽ അന്വേഷണ റിപ്പോർട്ട് 31-8-2010-ലെ സമിതി യോഗം പരിശോധിക്കുകയും സർക്കാരിൽനിന്നും സാധൂകരണം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പഞ്ചായത്തു വകുപ്പിനു നിർദ്ദേശം നൽകുകയും ചെയ്തു.

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

203. **ചട്ടങ്ങൾ പാലിക്കാതെ മരാമത്തു പ്രവൃത്തികൾ ചെയ്ത വകയിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്ന പക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാനും അല്ലാത്തപക്ഷം ബാധ്യത ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനും സമിതി ശുപാർശ ചെയ്യുന്നു.**

## കാസർഗോഡ് ജില്ല

### പുത്തിഗെ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പുത്തിഗെ ഗ്രാമപഞ്ചായത്ത് (1998-99) സമഗ്ര നാളികേര വികസന പരിപാടി—സാമൂഹ്യ ജലസേചന പദ്ധതി—കട്ടത്തടക്കി—കൺവീനർക്ക് തുക നൽകി—പ്രവൃത്തി ആരംഭിച്ചില്ല.**

ടി പദ്ധതിക്കു വേണ്ടി പമ്പ് ഹൗസ്, കിണർ, ജി.എൻ. ടാങ്ക്, പമ്പ് സെറ്റ്-പൈപ്പ് ലൈൻ എന്നീ നാല് ഘടകങ്ങൾ ഉൾപ്പെടുത്തി 1,62,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ശ്രീ. എ. കെ. സിദ്ധിഖ് അലിയെ പ്രവൃത്തിയുടെ കൺവീനറായി തെരഞ്ഞെടുക്കുകയും 10-7-1996-ൽ 50,800 രൂപ മുൻകൂർ നൽകുകയും ചെയ്തു. എന്നാൽ ഇതുമായി ബന്ധപ്പെട്ട കരാർ ഉടമ്പടി ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. തുക മുൻകൂർ കൈപ്പറ്റി ഒരു വർഷത്തിനുശേഷവും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നും മുൻകൂർ തുക പലിശയടക്കം തിരിച്ചുപിടിക്കണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ശ്രീ. സിദ്ധിഖ് അലിയുടെ 24-12-1997-ലെ അപേക്ഷ പ്രകാരം ടി പ്രവൃത്തി പൂർത്തീകരിക്കാൻ 31-3-1998 വരെ സമയം നീട്ടിക്കൊടുത്തു. കാസർകോട് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറുടെ നിർദ്ദേശത്തേയും അവഗണിച്ചുകൊണ്ടാണ് കാലാവധി നീട്ടികൊടുത്തത്.

28-3-1998-ൽ ടാങ്കിന്റെ 90 ശതമാനവും കിണർ/പമ്പ് ഹൗസിന്റെ പ്രവൃത്തി പൂർണ്ണമായും ചെയ്തതായി പഞ്ചായത്തിനെ അറിയിക്കുകയും, മോട്ടോർ, പൈപ്പ് ഫിറ്റിംഗ്സ് മുതലായവയ്ക്ക് ആവശ്യമുള്ള തുക ഉടനടി നൽകുവാൻ ആവശ്യപ്പെടുകയുമുണ്ടായി. ഇതനുസരിച്ച് 74,200 രൂപ കാസർഗോട് റെയ്ഡ്കോ മാനേജർക്ക് 21-12-1998-ൽ നൽകുകയുണ്ടായി. എന്നാൽ ടി സാധനങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായോ ഇവ കൈപ്പറ്റിയതിന് കൺവീനറിൽ നിന്ന് കൈപ്പറ്റു രസീത് വാങ്ങിയതായോ കാണാൻ കഴിഞ്ഞില്ല. തന്നെയുമല്ല പൂർത്തിയാക്കിയ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയതിന്റെ യാതൊരു വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുമില്ല. മുൻകൂർ നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതിനു പകരം വീണ്ടും തുക അനുവദിച്ചു നൽകിയത് ക്രമരഹിതമാണ്.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് തീയതി വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നാണ് വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ സമഗ്രമായ ഒരു വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. 74,200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (VII 1.14.I (i))].

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 37080/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

204. "1998-99 വർഷത്തിൽ കൃഷി ഓഫീസർ ഇംപ്ലിമെന്റ് ഓഫീസറായി ഗുണഭോക്തൃ സമിതിക്ക് ഏൽപ്പിച്ച ഈ പ്രവൃത്തി ഇതുവരെ പൂർത്തിയാകാത്തതിനാൽ കൺവീനർ ശ്രീ. എ. കെ. സിദ്ദിക്കിന് അഗ്രിക്കൾച്ചറൽ ഓഫീസറുടെ 25-6-1996-ലെ K.B.P.17(14) 95-96 നമ്പർ കത്ത് പ്രകാരം അഡ്വാൻസായി വൗച്ചർ 13 തീയതി 10-7-1996-ന് അനുവദിച്ച 50,800 രൂപയും അഗ്രിക്കൾച്ചർ ഓഫീസറുടെ 30-6-1998-ലെ 19/97-98(20) നമ്പർ പ്രൊസീഡിങ്സും 21-12-1998-ലെ വൗച്ചർ നമ്പർ 44/98-99 പ്രകാരവും 15 എച്ച്.പി. മോട്ടോർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി ഉപയോഗിച്ച വകയിൽ കാസർഗോഡ് റെയ്ഡ്കോ മാനേജർക്ക് നൽകിയ 74,200 രൂപയും അടക്കം 1,25,000 രൂപയും ഇതുവരെയുള്ള 18% പലിശയും അടയ്ക്കാൻ കൺവീനർ എ. കെ. സിദ്ദിഖിന് ഈ ഓഫീസിൽ നിന്നും 6-7-2007-ന് റഫറൻസ് നമ്പർ ബി1.441/02 പ്രകാരം നോട്ടീസ് അയച്ചിരുന്നു. മറുപടി ലഭിക്കാത്തതിനാൽ പഞ്ചായത്തിന്റെ 28-2-2008-ലെ 49/08 നമ്പർ തീരുമാനപ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും 14-3-2008-ന് കക്ഷിക്ക് വീണ്ടും റഫ. ബി1. 441/02 നമ്പരിൽ രജിസ്റ്റർ നോട്ടീസ് അയയ്ക്കുകയും ടിയാൻ കൈപ്പറ്റിയിട്ടും മറുപടി നൽകാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് 28-4-2008-ന് റഫറൻസ് നമ്പർ ബി1.441/02 പ്രകാരം അപേക്ഷ സമർപ്പിക്കുകയും അന്നുതന്നെ വൈകുന്നേരം 4.00 മണിക്ക് ആയതു കളക്ടറുടെ ഓഫീസിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു.

205. മേൽ ഓഡിറ്റ് പരാമർശത്തെപ്പറ്റി, ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ ശ്രീ. എ. കെ. സിദ്ദിഖ് അലിക്കു മുൻകൂറായി 10-7-1996-ൽ 50,800 രൂപ കൊടുത്തിട്ട് വർക്ക് ഒന്നും നടന്നില്ലേയെന്ന് സമിതി ആരാഞ്ഞതിന് ടാങ്ക് വയ്ക്കുകയും പൈപ്പ് വാങ്ങിക്കുകയും ചെയ്തുവെങ്കിലും വർക്ക് പൂർത്തിയായിട്ടില്ലെന്നും ചെയ്ത വർക്കിന്റെ വാല്വേഷനും കിട്ടിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പൈപ്പു വാങ്ങുന്നതിലേക്കായി 21-12-1998-ൽ 74,200 രൂപ കാസർഗോഡ് റെയ്ഡ്കോ മാനേജർക്കു നൽകിയതായും സെക്രട്ടറി അറിയിച്ചു. പണി നടക്കാത്തതിനാൽ കാശ് തിരികെ വാങ്ങുന്നതിന് 6-7-2007-ൽ കൺവീനർക്ക് നോട്ടീസ് അയച്ചതിന് മറുപടി കിട്ടിയില്ലെന്നും പിന്നീട് 28-8-2008-ലെ പഞ്ചായത്ത് റെസല്യൂഷൻ 49/2008 പ്രകാരം അയാൾക്കെതിരെ ടോട്ടൽ തുകയ്ക്കും 18% പലിശയ്ക്കും ആർ.ആർ. നടപടി സ്വീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തുവെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് സെക്രട്ടറി മറുപടി നൽകി.

206. വർക്ക് കംപ്ലീറ്റ് ചെയ്യിക്കാൻ മാർഗ്ഗമൊന്നുമില്ലേയെന്ന് സമിതി ആരാഞ്ഞതിന് കൺവീനർക്ക് താല്പര്യം ഇല്ലയെന്നും, അഡ്വാൻസ് തുക കൊടുത്തിട്ട് വീണ്ടും പൈപ്പു വാങ്ങുവാൻ കാശു കൊടുത്തതെന്തിനെന്നുള്ളതിന് ടാങ്ക് കെട്ടി പൈപ്പു ഫിറ്റു ചെയ്യണമെന്നും അതിലേക്കായി തുക അനുവദിക്കണമെന്നും അദ്ദേഹം റിക്വസ്റ്റ് ചെയ്തുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

207. മുൻകൂർ തുക വാങ്ങിയശേഷം ഒരു വർഷം വരെ പണിയൊന്നും നടത്തിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, 31-3-1998 വരെ പഞ്ചായത്ത് കമ്മിറ്റി സമയം നീട്ടിക്കൊടുത്തുവെന്നും ഈ സമയത്ത് കുറേ വർക്കുകൾ നടത്തിയിരുന്നുവെന്നും പൈപ്പിടാനുള്ള ചാൽ വരെ ഉണ്ടാക്കിയതിനുശേഷമാണ് വർക്ക് പെന്റിംഗിലായതെന്നും, പൈപ്പും, 15 എച്ച്.പി. മോട്ടോറും, മറ്റു ആക്സസറീസും കൺവീനറുടെ വീട്ടിൽ ഉണ്ടെന്നും മുൻ കൃഷി ഓഫീസർ അറിയിച്ചു. കൺവീനർക്ക് നൽകിയ സാധനങ്ങൾ തിരികെ വാങ്ങുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് അനാസ്ഥയുള്ളതായി സമിതി കുറ്റപ്പെടുത്തി.

208. വർക്ക് പൂർത്തീകരിക്കുന്നതിനായി എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി. പഞ്ചായത്ത് അധികൃതരുമായും മറ്റു ബന്ധപ്പെട്ട അധികാരികളുമായും ഗുണഭോക്തൃ സമിതി കൺവീനറുമായും സംസാരിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചു.

209. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡിന്റെ 21-10-2008-ലെ വി-1-197/08-ാം നമ്പർ കത്തുപ്രകാരം പുത്തിഗെ ഗ്രാമപഞ്ചായത്തിലെ കട്ടത്തടിക ജലസേചന പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ യോഗം സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

210. കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 17-9-2008-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന യോഗത്തിലെ തീരുമാനപ്രകാരം കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ കാലങ്ങളായി പൂർത്തീകരിക്കാതെ കിടക്കുന്ന കട്ടത്തടുക്ക ജലസേചന പദ്ധതിയിലെ കമ്മിറ്റി അംഗങ്ങളുടെയും പഞ്ചായത്ത് ഭാരവാഹികളുടെയും യോഗം വിളിച്ചുചേർക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

211. ആയതുപ്രകാരം 21-10-2008-ന് ചൊവ്വാഴ്ച പകൽ 11 മണിക്ക് പഞ്ചായത്ത് ഓഫീസിൽവെച്ച് യോഗം കൂടുകയുണ്ടായി. യോഗത്തിന്റെ നോട്ടീസ് ഈ ഓഫീസിൽ നിന്നും 14-10-2008-ന് തയ്യാറാക്കി എല്ലാ അംഗങ്ങൾക്കും നൽകിയിട്ടുള്ളതാണ്.

212. യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പദ്ധതി നടത്തുന്ന വാർഡിലെ മെമ്പർ എന്നിവരും പ്രവൃത്തി നടത്തിപ്പ് കമ്മിറ്റിക്കാരിൽ കൺവീനർ ശ്രീ. സിദ്ദിഖ് അലി ഉൾപ്പെടെ 12 അംഗങ്ങളിൽ 5 അംഗങ്ങളും, കൃഷി ഓഫീസറും യോഗത്തിൽ ഹാജരായിരുന്നു.

213. യോഗതീരുമാനപ്രകാരം പദ്ധതി ജനോപകാരപ്രദമായി പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടി വരുന്നതാണ്:

(1) പദ്ധതിയുടെ ബാക്കിയുള്ള നടത്തിപ്പ് അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് ചുമതലയിലുള്ള അധികാരങ്ങൾ മാറ്റി പരിപൂർണ്ണമായി പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചതുപ്രകാരം ബാക്കിയുള്ള ജോലികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നു.

(2) 1995-96-ൽ നിർമ്മിച്ച കിണറിനും പമ്പ്ഹൗസ് മുതലായവയ്ക്കും ഇനി മെഷർമെന്റ് എടുക്കാൻ സാധിക്കില്ല എന്നതിനാൽ വാലേഷൻ കണക്കാക്കിയുള്ള അളവ് തിട്ടപ്പെടുത്താവുന്നതാണ്.

(3) ട്രഞ്ച് വൃത്തിയാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും കറന്റ് കണക്ഷൻ ലഭിക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് ചെലവ് ചെയ്യുന്നതിന് പഞ്ചായത്തിന് അനുവാദം നൽകാവുന്നതാണ്.

214. യോഗം കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പ് ഇതുസഹിതം സമർപ്പിക്കുന്നു. പദ്ധതി ജനോപകാരപ്രദമായി പൂർത്തിയാക്കുന്നതിന് യോഗ തീരുമാന പ്രകാരമുള്ള നടപടികൾ ആവശ്യമുള്ളതിനാൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകുന്നതിന് അപേക്ഷിക്കുന്നു.

215. പുത്തിഗെ ഗ്രാമ പഞ്ചായത്തിലെ കട്ടത്തടുക്ക ജലസേചന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച ബഹുമാനപ്പെട്ട കേരള നിയമസഭാ ഓഡിറ്റ് കമ്മറ്റിയുടെ നിർദ്ദേശപ്രകാരം കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുത്തിഗെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽവെച്ച് 21-10-2008 ചൊവ്വാഴ്ച 11 മണിക്ക് വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനം.

### തീരുമാനം

216. യോഗത്തിന്റെ ഉദ്ദേശ്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിച്ചു ചർച്ച ചെയ്യുന്നതിനായി കമ്മിറ്റി കൺവീനറെയും അംഗങ്ങളെയും പ്രസിഡന്റിനെയും ക്ഷണിച്ചു. 1995-96-ൽ നടപ്പാക്കിയ കട്ടത്തടുക്ക ജലസേചന പദ്ധതി 50,800 രൂപ പദ്ധതിക്ക് വേണ്ടി ഞാൻ കൈപ്പറ്റിയിട്ടുണ്ടെന്നും ടി തുക ഉപയോഗിച്ച് വാട്ടർടാങ്ക്, മോട്ടോർഷെഡ്, കിണർ, ട്രഞ്ച് എന്നിവ നിർമ്മിച്ച വകയിൽ ഞങ്ങൾക്ക് 85,000 രൂപ ചെലവായതായും കൂടാതെ റെയ്ഡ്കോവിന് കമ്മറ്റി പിരിച്ചെടുത്ത തുകയിൽ നിന്ന് ഗുണഭോക്തൃ വിഹിതമായി 20,000 രൂപ അടച്ചിട്ടുണ്ടെന്നും എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും കൃഷി വകുപ്പിലെ ബന്ധപ്പെട്ട എഞ്ചിനീയർമാർ ഉത്തരവാദി യല്ലെന്നും കമ്മറ്റി കൺവീനർ സിദ്ദിഖ് അലി ബോധിപ്പിച്ചു. കൂടാതെ ജലസേചന പദ്ധതിക്കാവശ്യമായ പി.വി.സി പൈപ്പ്, 15 എച്ച്.പി. മോട്ടോർ, ഫിറ്റിംഗ്സ് എന്നിവ പഞ്ചായത്ത് നിർദ്ദേശപ്രകാരം ഞാൻ കൈപ്പറ്റിയിട്ടുള്ളതും കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. ആയതിനുള്ള 74,200 രൂപ പഞ്ചായത്തിൽ നിന്ന് നേരിട്ട് റെയ്ഡ്കോവിന് അടച്ചിട്ടുണ്ട്. ഇതിന് മെഷർമെന്റ് ചെയ്യാത്തതുകൊണ്ട് പ്രവൃത്തി

നിലച്ചുപോയതാണ് ഇതിന് കമ്മറ്റി ഉത്തരവാദിയല്ലെന്നും കൺവീനർ ബോധിപ്പിച്ചു. കമ്മിറ്റി കൺവീനറായ ശ്രീ. സിദ്ധിഖിന്റെ മൊഴിയിൽ യോഗത്തിൽ ഹാജരായ പഞ്ചായത്ത് പ്രസിഡന്റ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു. പ്രവൃത്തി പൂർത്തിയാക്കാത്തത് കമ്മറ്റിയുടെ മാത്രം പിഴവല്ലെന്നും കൺവീനർ സൂചിപ്പിച്ചത് പോലെ സാധനസാമഗ്രികൾ സൂക്ഷിച്ചിട്ടുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടു. എന്നാൽ ഒരു പതിറ്റാണ്ടോളം പഴക്കമുള്ള പ്രവൃത്തിയുടെ മെഷർമെന്റ് എടുക്കാത്തതിൽ അവ്യക്തതയുണ്ട്. അതിനാൽ പഞ്ചായത്തിന് മാത്രം ഗുണകരമായ പ്രവൃത്തി പൂർത്തിയാക്കേണ്ടത് അത്യാവശ്യമായതിനാലും ഇത്രയും തുക ചെലവാക്കിയതിനാലും ഈ പ്രവൃത്തി പഞ്ചായത്ത് ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന്റെ തീരുമാനത്തിന് വിടുന്നതിന് തയ്യാറാണെന്നും അറിയിച്ചു.

217. യോഗത്തിൽ ഹാജരായ കൃഷി ഓഫീസർ പുത്തിഗെ ഗ്രാമപഞ്ചായത്ത് തങ്ങളുടെ ഡിപ്പാർട്ട്മെന്റിൽ നിന്നും ഇനി ധനസഹായം ലഭിക്കാൻ സാധ്യതയില്ലെന്നും ചെയ്തിട്ടുള്ള പ്രവൃത്തിയുടെ മെഷർമെന്റ് എടുക്കാൻ എഞ്ചിനീയർമാർ വിസമ്മതിച്ചതായും എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് ചെയ്താൽ മാത്രമേ മെഷർമെന്റ് എടുക്കുകയുള്ളൂ എന്നും അദ്ദേഹം ബോധിപ്പിച്ചു.

218. മേൽപ്പറഞ്ഞ അഭിപ്രായങ്ങളെല്ലാം ചർച്ച ചെയ്തശേഷം പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിന് യോഗം ഏകകണ്ഠേന തീരുമാനിച്ചു.

219. ചെയ്തിട്ടുള്ള പ്രവൃത്തിയുടെ മെഷർമെന്റോ വാല്യൂവേഷനോ എടുക്കുന്നതിനും തുടർന്ന് ചെയ്യാനുള്ള പ്രവൃത്തിക്ക് റീ എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തി പൂർത്തീകരിച്ച് ഫലവത്താക്കുന്നതിനും തീരുമാനിച്ചു.

220. ഇക്കാര്യങ്ങൾ അടുത്ത പഞ്ചായത്ത് യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് യോഗം പഞ്ചായത്ത് പ്രസിഡന്റിനെ ചുമതലപ്പെടുത്തി.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25-2-2009-ലെ എൽ.എഫ്. 643/Spl.Cell.G2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

221. "സമിതി നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിക്കേണ്ടത് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആയതിനാൽ നിലവിൽ ഈ ഓഫീസിൽ നിന്നും നടപടികൾ എടുക്കേണ്ടതില്ല".

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 14-7-2009-ലെ 37080/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

222. 17-9-2008-ലെ തെളിവെടുപ്പ് സമയത്ത് കട്ടത്തടുക്ക ജലസേചന പദ്ധതിയുടെ കൺവീനർ ശ്രീ. എ. കെ. സിദ്ദിഖ് അലിയും മറ്റു ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പദ്ധതി പൂർത്തീകരിക്കാനുതകുന്ന നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ഓഫീസറോട് സമിതി നിർദ്ദേശിച്ചു.

223. എന്നാൽ നിയമസഭാ സമിതിയുടെ 17-9-2008-ലെ മീറ്റിംഗിന്റെ മിനിട്ട്സ് സർക്കാരിൽ ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 21-10-2008-ന് പഞ്ചായത്ത് പ്രസിഡന്റ്, കൺവീനർ, ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്തു. ടി യോഗത്തിൽ ചെയ്തിട്ടുള്ള പ്രവർത്തിയുടെ മെഷർമെന്റോ വാല്യൂവേഷനോ എടുക്കുന്നതിനും തുടർന്ന് ചെയ്യാനുള്ള പ്രവർത്തിക്ക് റീ എസ്റ്റിമേറ്റ് എടുത്ത് പ്രവർത്തി പൂർത്തീകരിച്ച് ഫലവത്താക്കുന്നതിനും തീരുമാനിച്ചു.

224. മേൽ യോഗതീരുമാന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് 25-11-2008-ന് പഞ്ചായത്ത് ഭരണ സമിതി യോഗം വിളിച്ചിരുന്നു. 25-11-2008-ന് യോഗത്തിൽ ചർച്ച ചെയ്ത തീരുമാനമാകാത്തതിനാൽ 3-12-2008-ന് യോഗത്തിൽ വീണ്ടും അജണ്ട വെക്കുകയും അതിലെ 185/08 തീരുമാന പ്രകാരം ചെയ്തുപോയ പ്രവൃത്തിയുടെ വാല്യുവേഷൻ എടുക്കുന്നതിന് കൃഷി വകുപ്പിലെ കാസർഗോഡുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. ആയത് കിട്ടുന്ന മുറയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും പഞ്ചായത്ത് തീരുമാനിച്ചു. തുടർന്ന് കാസർഗോഡ് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുടെ സാന്നിധ്യത്തിൽ 87,676 രൂപയുടെ പ്രവർത്തി നടന്നതായി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

225. എന്നാൽ 17-9-2008-ലെ തെളിവെടുപ്പു സമയത്ത് റവന്യൂ റിക്കവറി നടപടികൾ നിറുത്തി വയ്ക്കാൻ നിർദ്ദേശിച്ചില്ല. ആയതിനാൽ ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. റവന്യൂ റിക്കവറി നടപടിക്കെതിരായി ശ്രീ. സിദ്ധിഖ് അലി ബഹു. കേരള ഹൈക്കോടതിയിൽ W.P(C) No.970/09 നമ്പരായി ഒരു കേസ് ഫയൽ ചെയ്തു. കേസ് ഫയൽ ചെയ്ത സാഹചര്യത്തിൽ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരവും അറിയിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**226. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ വിധിന്യായം അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**വനിതാ വിവിധോദ്ദേശ സഹകരണ സംഘത്തിൽ ക്യാന്റീൻ നടത്താനുള്ള ധനസഹായം—അപാകതകൾ**

സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുക, നിർദ്ധന കുടുംബത്തിലെ അഞ്ചു വനിതകൾക്ക് ജോലി നൽകുക വഴി അവരുടെ സാമ്പത്തിക വരുമാനം മെച്ചപ്പെടുത്തുക, നേരത്തേ ആരംഭിച്ച കാന്റീനിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക, ക്യാന്റീൻ ജീവനക്കാർക്കും സെക്രട്ടറിക്കും ഓണറേറിയം നൽകുക എന്നീ ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പ്രോജക്ടു പ്രകാരം മേൽ പ്രസ്താവിച്ച

സഹകരണ സംഘത്തിന് 1998-1999 വർഷത്തിൽ 1,00,000 രൂപ ധനസഹായം നൽകി. എന്നാൽ 1997-98 വർഷത്തിൽ രൂപീകരിക്കപ്പെട്ട ടി സംഘത്തിന് ആ വർഷവും 1,00,000 രൂപ ധനസഹായം നൽകിയിരുന്നു.

സഹകരണ സംഘങ്ങൾക്ക് പ്രവർത്തന ഫണ്ട്, മാനേജീരിയൽ സബ്സിഡി, ഓഹരി മൂലധനം മുതലായവയ്ക്ക് പദ്ധതി പണം നൽകുവാൻ പാടില്ല. ആകെ ചെലവിന്റെ 50 ശതമാനത്തിൽ കൂടുതൽ ധനസഹായം നൽകാൻ പാടില്ല. മൊത്തം പ്രോജക്ട് ചെലവിന്റെ നിശ്ചിത ശതമാനം തുക മാത്രമേ സബ്സിഡി നൽകുവാൻ പാടുള്ളൂ. പ്രോജക്ടിന്റെ ചെലവ് മൊത്തമായും സബ്സിഡി നൽകുവാൻ പാടില്ല. ജീവനക്കാർക്കും, സെക്രട്ടറിമാർക്കും ഓണറേറിയം നൽകുവാൻ പദ്ധതി പണം ഉപയോഗിക്കാൻ പാടില്ല തുടങ്ങിയ എല്ലാ സർക്കാർ നിബന്ധനകളും അവഗണിച്ചു കൊണ്ടാണ് പ്രസ്തുത സംഘത്തിന് ധനസഹായം നൽകിയിട്ടുള്ളത്.

1998-1999 വർഷം നൽകിയ തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടുള്ള ഇത്തരം ചെലവ് ചെയ്യൽ ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ ഇടപെടൽ അനിവാര്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ (VII.1.14.2.(i))]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 6-9-2008-ലെ 37080/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

227. "1997-98, 1998-99 വർഷങ്ങളിൽ നൽകിയ ഓരോ ലക്ഷം രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത സംഘം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു."

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14-9-2010-ലെ 14246/Spl.cellG2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

228. "വനിതാ വിവിധോദ്ദേശ സഹകരണ സംഘത്തിന് കാന്റീൻ നടത്തിപ്പിനുള്ള ധനസഹായമിനത്തിൽ 1997-98 വർഷം നൽകിയ ഒരു ലക്ഷം രൂപയും 1998-99 വർഷം നൽകിയ ഒരു ലക്ഷം രൂപയും വിനിയോഗ സാക്ഷ്യപത്രത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കു തന്നെ വിനിയോഗിച്ചതായി പരിശോധിച്ചു ബോധ്യപ്പെട്ടു."

**നിഗമനങ്ങൾ/ശുപാർശകൾ**

229. **ധനസഹായത്തുക ക്രമപ്രകാരം തന്നെയാണ് ചെലവഴിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് വകുപ്പിനു ബോധ്യപ്പെട്ടതായുള്ള റിപ്പോർട്ട് അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വനിതാ സഹകരണ സംഘത്തിന് ക്രമവിരുദ്ധമായി ധനസഹായം നൽകി**

വനിതാ സഹകരണസംഘം ക്യാന്റീന് സ്ഥലം വാങ്ങാൻ ക്രമവിരുദ്ധമായി പദ്ധതി വിഹിതം നൽകി. 1999-2000-ൽ മൂന്നു ലക്ഷം രൂപയാണ് നൽകിയത്. പദ്ധതി വിഹിതം ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് (പി)18/98 എൽ.എ.ഡി. തീയതി 22-1-1998-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ലക്ഷങ്ങൾ സഹായം നൽകുമ്പോൾ നിയമ പ്രകാരം ചമയ്ക്കേണ്ട കരാർ വെച്ചിട്ടില്ല. പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ രേഖകളും ലഭ്യമല്ല. വിനിയോഗ രേഖകൾ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടും സംഘം ഹാജരാക്കി കാണുന്നില്ല. 1997-98 മുതൽ സംഘത്തിന് പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് ധനസഹായം നൽകിയിട്ടുണ്ട്. 1997-98 , 1998-99 വർഷങ്ങളിൽ ഒരു ലക്ഷം രൂപ വീതം നൽകിയത് ക്രമവിരുദ്ധമായതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. തടസ്സം നിലനിൽക്കുമ്പോഴാണ് വീണ്ടും മൂന്ന് ലക്ഷം രൂപ നൽകിയത്. പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിച്ചതിന് രേഖയില്ലാത്തതിനാൽ തുക 18 ശതമാനം പലിശ ചുമത്തി തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.2.1]

പ്രസ്തുത പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 6-9-2008-ലെ 38095/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

230. "22-3-2003 തീയതിയിലെ 56522/33 നമ്പർ രസീത് പ്രകാരം 3,00,000 രൂപയും പലിശ 89,654 രൂപയും ഉൾപ്പെടെ ആകെ 3,89,654 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചു."

231. ആഡിറ്റ് പരാമർശം സംബന്ധിച്ച് മൂന്നു ലക്ഷം രൂപയും പലിശയും തിരിച്ചടച്ചിട്ടുണ്ടെന്നും അതിനുമുൻപുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തന്നിട്ടുണ്ടെന്നും ഈ സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ, 3 ലക്ഷം രൂപയും പലിശയും തിരിച്ചടച്ചതിന്റെ രേഖകൾ തുടങ്ങി ഇതു സംബന്ധിച്ച എല്ലാ രേഖകളും ഒരു മാസത്തിനകം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച് ബോധ്യപ്പെടുത്തി ലയബിലിറ്റിയിൽ നിന്നൊഴിവാകണമെന്നും ഇക്കാര്യം സമിതിക്കു റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

232. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25-2-2009-ലെ 643/Spl.cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ തുക മുഴുവനും പലിശ സഹിതം തിരിച്ചടച്ചത് പരിശോധിച്ചു ബോധ്യപ്പെട്ടതായി അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

233. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ നൽകിയ പണി തുടങ്ങിയില്ല**

"മുഴക്കോംതോട് ആഴവും, വീതിയും കൂട്ടുന്നതിന് 75,000 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിക്ക് 1999-2000-ൽ 18,750 രൂപ കൺവീനർക്ക് മുൻകൂർ നൽകിയിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും പണി തുടങ്ങിയിട്ടില്ല. മുൻകൂർ നൽകിയ തുക 18% പലിശ ചുമത്തി തിരിച്ച് ഈടാക്കേണ്ടതാണ്."

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.2.2]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 6-9-2008-ലെ 38095/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

234. "മുഴക്കോംതോട് ആഴവും വീതിയും കൂട്ടൽ പണി പൂർത്തീകരിച്ച എഞ്ചിനീയറുടെ മെഷർമെന്റ് പ്രകാരം ഫൈനൽ പേയ്മെന്റ് 27-8-2003-ന് നൽകി."

235. മേൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് വർക്ക് കംപ്ലീറ്റ് ചെയ്തിട്ടുണ്ടെന്നും എം. ബുക്ക് ഉണ്ടെന്നും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇതു സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ഒരു മാസത്തിനകം ബോധ്യപ്പെടുത്തണമെന്ന് 17-9-2008-ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചു.

236. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25-2-2009-ലെ L.F.643/Spl.cell G2/09 നമ്പർ കത്തു പ്രകാരം പണി പൂർത്തീകരിച്ചതിന്റെ എം. ബുക്ക് പരിശോധിച്ച് ബോധ്യപ്പെട്ടതായും ഫൈനൽ ബിൽ ക്രമീകരിച്ചതായും അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

237. **എം. ബുക്ക് പരിശോധിച്ച് ലോക്കൽ ഫണ്ട് വകുപ്പിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

നീലേശ്വരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ കേന്ദ്രം പദ്ധതി നടപ്പാക്കിയില്ല**

നിർവ്വഹണം തുടങ്ങിയ വ്യവസായ വികസന കേന്ദ്രം പദ്ധതി ബഹു. ഹൈക്കോടതി വിധിയുടെ പേരിൽ ഒഴിവാക്കി. 13,00,000 രൂപ അടങ്കലിൽ

1999-2000 ത്തിലാണ് പദ്ധതി തയ്യാറാക്കിയത്. സിമന്റ്, കമ്പി വിലയായി 3,83,000 രൂപ 3/2000-ൽ കണ്ണൂരിലെ "സിഡ്കോ" റോമെറ്റീരിയൽ ഡിപ്പോവിൽ നിക്ഷേപിച്ചിരുന്നു. നിർമ്മിതിക്ക് ആവശ്യമായ മറ്റു സാധനങ്ങൾ വാങ്ങുന്നതിന് പ്രസിദ്ധീകരിച്ച ദർഘാസ് പരസ്യത്തിൽ നിയമലംഘനം ആരോപിച്ച് കരാറുകാരിൽ ഒരാൾ നൽകിയ ഹർജിയിൽ ബഹു. ഹൈക്കോടതി സ്റ്റേ അനുവദിച്ചിരുന്നു. പദ്ധതിക്കെതിരെ വിധിയിൽ പരാമർശങ്ങളില്ലായിരുന്നു. എന്നാൽ സ്റ്റേയുടെ പേരിൽ പഞ്ചായത്ത് പദ്ധതി റദ്ദാക്കി സിഡ്കോയിൽ നിക്ഷേപിച്ച തുക തിരികെ ആവശ്യപ്പെടുകയും ചെയ്തു. പത്ത് മാസത്തിനുശേഷം 1/01-ൽ സിഡ്കോ നിക്ഷേപം തിരികെ നൽകി. സിഡ്കോയിൽ സംഖ്യ കൈവശമിരുന്ന കാലത്തേക്ക് 12 ശതമാനം പലിശ കണക്കാക്കിയാൽ 39,664 രൂപ വരും.

വക്കീൽ ഫീസായി 5,000 രൂപ ചെലവഴിച്ച പഞ്ചായത്ത് കോടതിയുടെ അനുമതിയോടെ പുനർ ദർഘാസ് നൽകി പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ വഴി തേടിയില്ല. ആസൂത്രണരാഹിത്യവും ആർജ്ജവമില്ലായ്മയും കെടുകാര്യസ്ഥതയുമാണ് അകാരണമായി പദ്ധതി റദ്ദാക്കാൻ ഇടയാക്കിയത്. ഇത്തരം വികസന നിഷേധം ഗൗരവമായി കണ്ട് വക്കീൽ ഫീസ്, പരസ്യം എന്നിവയ്ക്ക് ചെലവിട്ട 8,690 രൂപയും പദ്ധതിപ്പണം നിക്ഷേപമായിരുന്ന കാലത്തെ പലിശയും ഉത്തരവാദിയിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.1]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 6-9-2008-ലെ 38095/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

238. "ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച ബഹു.കോടതിയുടെ സ്റ്റേ കാരണം പദ്ധതി യഥാസമയം നടത്തുവാൻ കഴിഞ്ഞില്ല. ആയതിനാൽ P.R.No.49/2000-01(2) തീയതി 6-11-2000 പ്രകാരം പദ്ധതി ഒഴിവാക്കുകയായിരുന്നു."

239. സിഡ്കോയിൽ നിക്ഷേപിച്ച തുക പലിശ സഹിതം തിരിച്ചടക്കാൻ ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്തിനുവേണ്ടി മെറ്റീരിയൽസ് നേരത്തെ പർച്ചേസ് ചെയ്തതായി സിഡ്കോ അറിയിച്ചിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ പഞ്ചായത്തിന്റെ 6-11-2000-ത്തിലെ 49/2000-01(2) നമ്പർ തീരുമാന പ്രകാരം ഭവന നിർമ്മാണം, പാലായി 4 കോളനി ഭവന നിർമ്മാണം, അങ്കനവാടികൾക്ക് കെട്ടിട നിർമ്മാണം, പഞ്ചായത്തിന്റെ കീഴിലുള്ള കെട്ടിടങ്ങളുടെ റീ വയറിംഗ് മുതലായ നാല് പുതിയ പ്രൊജക്ടുകൾക്ക് വേണ്ടിയാണ് വിനിയോഗിച്ചത്.

240. ഓഡിറ്റ് പരാമർശത്തിലെ തടസ്സം കാണിച്ചുകൊണ്ട് അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ. അലക്സ് കെ. തോമസ്സ് എന്നവർക്ക് 11-4-2008-ലെ എ1-244/08 കത്ത് പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക (48,354 രൂപ) എത്രയും പെട്ടെന്ന് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിന് അദ്ദേഹം 6-8-2008-ന് അയച്ചു തന്ന മറുപടിയിൽ പഞ്ചായത്ത് തീരുമാനം അനുസരിച്ച് മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ഈ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

241. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയം സംബന്ധിച്ച് പഞ്ചായത്തിന്റെ 14-8-2008-ലെ 101 നമ്പർ തീരുമാനപ്രകാരം മേപ്പടി നഷ്ടത്തിന് അദ്ദേഹം ഉത്തരവാദിയല്ലെന്നും പഞ്ചായത്ത് തീരുമാന പ്രകാരമാണ് പ്രോജക്റ്റ് മാറ്റിയതെന്നും സംഖ്യ ഒരു പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിൽ ഡിപ്പോസിറ്റ് ചെയ്തതിനാലും ഈ ബാദ്ധ്യതയിൽ അന്നത്തെ സെക്രട്ടറി ശ്രീ. അലക്സ് കെ. തോമസ്സ് ഉത്തരവാദി അല്ലെന്നും ആയതിനാൽ ടിയാനെ ഈ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എങ്കിലും അന്നത്തെ സെക്രട്ടറിയായിരുന്ന ഇപ്പോൾ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി ജോലി ചെയ്തുവരുന്ന ശ്രീ. അലക്സ് കെ. തോമസ് അവർകളിൽ നിന്ന് ഓഡിറ്റ് പരാമർശതുകയായ 48,354 (നാൽപ്പത്തി എട്ടായിരത്തി മൂന്നൂറ്റി അമ്പത്തിനാല് രൂപ) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 26-8-2008-ാം തീയതിയിലെ എ1-244/08-ാം നമ്പർ കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ”

242. പദ്ധതി അംഗീകരിച്ചു വന്നപ്പോൾ ധനകാര്യ വർഷം തീരാറായതിനാൽ പഞ്ചായത്ത് കമ്മിറ്റി കൂടി പദ്ധതി നേരിട്ട് നടത്താൻ തീരുമാനിച്ചതാണെന്നും, പ്ലാനിംഗ് ഓഫീസറുടെ നിർദ്ദേശപ്രകാരം കുറെയെങ്കിലും ചെലവു കാണിക്കുവാൻ വേണ്ടിയാണ് സിഡ്കോയിൽ മൂന്നര ലക്ഷത്തോളം രൂപ ഡെപ്പോസിറ്റു ചെയ്തതെന്നും കോൺട്രാക്ടർമാർ തമ്മിലുള്ള തർക്കംമൂലം കോടതി സ്റ്റേ ഓർഡർ നൽകിയതുകൊണ്ടാണ് വർക്ക് നിലച്ചതെന്നും പഞ്ചായത്ത് വക്കാലത്തു കൊടുത്തിട്ടും പ്രയോജനമുണ്ടായില്ലെന്നും മാസങ്ങളുടെ കാലതാമസം നേരിട്ടതിനാലാണ് വർക്ക് വേണ്ടെന്നു തീരുമാനിച്ചതെന്നും അതുമൂലമുള്ള പലിശയാണ് കൂടുതലായി വന്നിരിക്കുന്നതെന്നും, പഞ്ചായത്ത് ഈ വർക്ക് മാറ്റിവച്ചിട്ട് പദ്ധതി തുക മറ്റു കാര്യങ്ങളിലേക്ക് അലോട്ട് ചെയ്ത് ചെലവു കാണിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. സമിതി ഈ ആഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**243. കോടതിയുടെ സ്റ്റേ ഉത്തരവുമൂലമാണ് വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതെന്നും പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക പഞ്ചായത്തിന്റെ ഇതര പദ്ധതികൾക്ക് വിനിയോഗിച്ച് ചെലവു കാണിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കാറഡുക്ക ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ആധൂർ-പള്ളം-കുക്കം കൈ റോഡ് ടാറിങ്ങ് ബാക്കിയായി**

റോഡ് ടാറിംഗിന് തയ്യാറാക്കിയ പദ്ധതിക്ക് എസ്റ്റിമേറ്റ് തുക മുഴുവൻ ചെലവഴിച്ചിട്ടും ടാറിംഗ് ബാക്കിയായി. ഗ്രാമപഞ്ചായത്തിന്റെ 1997-98-ലെ അധൂർ-പള്ളം കുക്കം കൈ റോഡ് ടാറിംഗ് വേലയാണ് ടാറിംഗ് നടത്താതെ ഫൈനൽ ബിൽ തീർപ്പാക്കിയത്.

കൺവീനർക്ക് ആകെ 2,02,468 രൂപ നൽകി. പണിയുടെ എസ്റ്റിമേറ്റിൽ ടാറിംഗ് ഉൾപ്പെടെ മുഴുവൻ ജോലികൾക്കും 2,09,799 രൂപയാണ് വകയിരുത്തിയിരുന്നത്.

കൺവീനർക്ക് നൽകിയ തുകയിൽ 3535.6 കിലോ ടാറ് വില 34,118 രൂപയും ഉൾപ്പെടുന്നു. എന്നാൽ ടാർ സ്റ്റോക്കിലെടുത്തില്ല.

പണിക്ക് വാങ്ങിയ സാധനങ്ങളുടെ മുഴുവൻ ബില്ലുകൾ മസ്റ്റർറോളുകൾ, ക്യാഷ് ബുക്ക് എന്നിവ ഹാജരാക്കണമെന്ന കരാർ വ്യവസ്ഥ കൺവീനർ പാലിച്ചില്ല. കരാർ അനുസരിച്ച് തീർക്കാൻ ബാക്കിയുള്ള ജോലികൾ കൺവീനർ സ്വന്തം ചെലവിൽ പൂർത്തിയാക്കേണ്ടതാണ്.

കൺവീനർ കരാർ വ്യവസ്ഥ ലംഘിച്ചിട്ടും പഞ്ചായത്ത് നിയമനടപടികൾ സ്വീകരിച്ചില്ല.

ഭൗതികലക്ഷ്യം നേടാത്തതിനാൽ പദ്ധതി നിർവ്വഹണം അന്വേഷിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.I.1(i)]

പ്രസ്തുത പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറിയുടെ 6-9-2008-ലെ 37082/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

244. " പ്രവൃത്തി ഏറ്റെടുത്ത ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ. കെ. ബാബ S/o മുഹമ്മദ് കുക്കം കൈ ആദൂർ പി.ഒ. എന്നയാൾക്ക് അധികം കൈപ്പറ്റിയ തുക 34,118 രൂപയും പലിശയും ഈടാക്കുന്നതിനായി 14-8-2008-ന് എ1/212/05 നമ്പർ പ്രകാരം രജിസ്ട്രേഡ് നോട്ടീസ് അയച്ചെങ്കിലും, ടിയാൻ സ്ഥലത്തുണ്ടായിട്ടും നോട്ടീസ് കൈപ്പറ്റാതെ 20-8-2008-ന് തിരിച്ച് വന്നിട്ടുണ്ട്. ടിയാന് 30-8-2008-ന് വീണ്ടും രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്.

245. കൂടാതെ ആ കാലയളവിലെ സെക്രട്ടറിയായ ശ്രീ. വി. പുരുഷോത്തമൻ എന്നവർക്ക്, അദ്ദേഹം പെൻഷൻപറ്റി പിരിഞ്ഞതുകൊണ്ട് ഇപ്പോഴത്തെ വിലാസമായ നിലയരമം, എന്തക്കാട്, കിനാശ്ശേരി പി.ഒ. പാലക്കാടിൽ അധികം നൽകിയ തുക 34,118 രൂപയും ആയതിന്റെ പലിശയും തിരിച്ചടക്കുന്നത് സംബന്ധിച്ച് വിശദീകരണത്തിന് 14-8-2008-ന് എ1/212/05 നമ്പർ പ്രകാരം രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. ആയത് ടിയാൻ കൈപ്പറ്റിയിട്ടുണ്ട്. നാളിതുവരെ വിശദീകരണം നൽകിയിട്ടില്ല. 29-8-2008-ലെ പഞ്ചായത്തിന്റെ 94/08 നമ്പർ തീരുമാന പ്രകാരം ബന്ധപ്പെട്ടവരിൽ നിന്ന് റവന്യൂ റിക്കവറി അടക്കമുള്ള നടപടികളിലൂടെ അധികം നൽകിയ തുകയും ആയതിന്റെ 18% പലിശയും വസൂലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്."

246. റോഡ് ടാറിംഗ് പണി മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും മെഷർമെന്റ് ബുക്കിൽ അബദ്ധത്തിൽ എക്സ്പെൻഡിച്ചർ 'NIL' എന്നെഴുതിപ്പോയതാണെന്നും, ടാർ വാങ്ങിയതിന്റെ എല്ലാ രേഖകളും പഞ്ചായത്തിൽ ഉണ്ടെന്നും, തിരക്കുമൂലം എം. ബുക്കിൽ ടാറിംഗ് വിവരങ്ങൾ കാണിക്കാൻ സാധിച്ചില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

247. മേൽ വിഷയത്തിൽ ബില്ലുകൾ, മസ്റ്റർ റോളുകൾ, ക്യാഷ് ബുക്ക് തുടങ്ങി എല്ലാ രേഖകളും ഒരു മാസത്തിനകം ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കണമെന്നും റോഡ് ടാറിംഗ് നടത്തിയതിന്റെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി കാസർഗോഡ് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകണ മെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25-2-2009-ലെ 643/Spl.cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തി രിക്കുന്നു:

248. "ഈ പ്രവൃത്തിയുടെ അന്തിമ ബില്ലും, മറ്റു രേഖകളും അടങ്ങിയ വൗച്ചർ നമ്പർ 80/1998-99 തീയതി 29-6-1998, മെഷർമെന്റ് ബുക്ക് നമ്പർ 1/1997-98, 2/1997-98, 5/1998-99, 24/1998-99 എന്നിവ സെക്രട്ടറി പരിശോധനയ്ക്ക് ഹാജരാക്കി യിട്ടുണ്ട്.

249. കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ആദൂർ പള്ളം-കുക്കംകൈ റോഡിൽ നേരത്തെ വിവിധ സ്കീമുകളിൽ പെടുത്തി ടാർ ചെയ്തിട്ടുള്ള 1 കിലോമീറ്ററിനപ്പുറം 500 മീറ്റർ കൂടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക എന്നതായിരുന്നു 1997-98-ൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ ലക്ഷ്യം. 405 മീറ്റർ നീളത്തിൽ മെറ്റലിംഗ് നടത്തിയിട്ടും ടാറിംഗ് ചെയ്യാതെ സൈറ്റിൽ എത്തിച്ചിട്ടുള്ള 3535.6 കി.ഗ്രാം ടാറിന്റെ വിലയായി 34,118 രൂപ കൺവീനർക്ക് നൽകി എന്നതാണ് തടസ്സവാദം.

250. ബഹു. നിയമസഭാ ലോക്കൽഫണ്ട് അക്കൗണ്ട്സ് സമിതിയുടെ നിർദ്ദേശ പ്രകാരം 26-12-2008-ന് ഈ റോഡിന്റെ പ്രാദേശിക പരിശോധന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നടത്തുകയുണ്ടായി. കാറഡുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി ഓവർസീയർ, പ്രവൃത്തി ഏറ്റെടുത്തു നടത്തിയ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ എന്നിവർ പ്രാദേശിക പരിശോധനാ വേളയിൽ സന്നിഹിതരായിരുന്നു.

251. കാറഡുക്ക ഗ്രാമപഞ്ചായത്തിലെ മുള്ളേരിയ ടൗണിൽ നിന്നും മുള്ളേരിയ-ജാൽസൂർ റോഡിൽ ഏകദേശം 3 കിലോമീറ്റർ മാറിയുള്ള ആദൂർ പള്ളം എന്ന സ്ഥലത്തു നിന്നും കുക്കം കൈ മദ്രസയ്ക്ക് അടുത്തുകൂടി കടന്നുപോകുന്ന 1.5 കി.മീ നീളമുള്ള റോഡാണ് ആദൂർ-പള്ളം കുക്കംകൈ റോഡ്. ഈ 1.5 കിലോ മീറ്റർ മുഴുനീളം ടാറിംഗ് നടത്തിയിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെടുകയുണ്ടായി. ആദ്യത്തെ 400 മീറ്റർ നീളത്തിൽ അടുത്ത കാലത്ത് റീടാർ ചെയ്തിരിക്കുന്നതായും ബാക്കി ദൂരം പഴയ ടാറിംഗ് നിലനിൽക്കുന്നതായും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.

252. 1999-2000 മുതൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് ഈ റോഡിൽ നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഈ കാലയളവിൽ ആദ്യ ഒരു കിലോമീറ്റർ ദൂരത്തിനുള്ളിൽ ഒതുങ്ങുന്ന റീടാറിംഗ്/റിപ്പയർ പ്രവൃത്തികൾ മാത്രമേ ഏറ്റെടുത്തു നടത്തിയിട്ടുള്ളൂ എന്ന് കാണുകയുണ്ടായി.

253. ഓഡിറ്റ് പരാമർശത്തിലെ പ്രൊജക്ട് പ്രകാരം മെറ്റലിംഗ് നടത്തിയ 405 മീറ്റർ ദൂരത്തിൽ പഴയ ടാറിംഗ് നിലനിൽക്കുന്നുണ്ട്. പക്ഷേ ഈ ടാറിംഗ് പ്രവൃത്തി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

254. **പരാമർശ വിധേയമായ റോഡ് ടാറിംഗ് നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു. മെഷർമെന്റ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഉല്പാദന പദ്ധതികൾക്ക് അധികം സബ്സിഡി**

**ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഉല്പാദന മേഖലയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളിൽ സബ്സിഡി പരിധി പാലിച്ചില്ല.**

(1) 1998-99-ലെ കന്നുകാലി വിതരണ പദ്ധതിയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സബ്സിഡി നൽകിയതിനാൽ 30,428 രൂപ പദ്ധതി വിഹിതത്തിൽ അധിക ചെലവ് കാണുന്നു. പദ്ധതി ഗുണഭോക്താക്കളായ 20 പേർക്ക് 4,500 രൂപയ്ക്കും 2 പേർക്ക് 4,184 രൂപയ്ക്കും ഒരാൾക്ക് 4,185 രൂപയ്ക്കും വീതമാണ് ഗ്രാമപഞ്ചായത്ത് സബ്സിഡി നൽകിയത്. ഇത് തദ്ദേശഭരണവകുപ്പിന്റെ 20-8-1998-ലെ പി.175/98 ഉത്തരവിന്റെ ലംഘനമാണ്. ഉത്തരവ് അനുസരിച്ച് മൃഗസംരക്ഷണ പദ്ധതികൾക്ക് ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി 5,000 രൂപയോ മൃഗത്തിന്റെ വിലയുടെ 50% ഏതാണോ കുറവ് അതാണ്.

(2) 2000-01-ലെ നേന്ത്രവാഴ കൃഷിക്ക് അധികം ധനസഹായം നൽകുവാൻ തയ്യാറാക്കിയ പദ്ധതിയിലും മേൽ ഉത്തരവിന് വിരുദ്ധമായി വളത്തിന്റെ വില ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയതായും കാണുന്നു.

(3) മേൽ ഉത്തരവിന് വിരുദ്ധമായി 1999-2000-ലെ കന്നുകാലി വിതരണ പദ്ധതിയിലും സബ്സിഡി അധികം നൽകിയിട്ടുണ്ട്. 26 ഗുണഭോക്താക്കൾക്ക് 39,000 രൂപയാണ് അധികം നൽകിയത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയ സബ്സിഡിക്ക് സാധൂകരണം വാങ്ങുകയോ ഉത്തരവാദികളിൽ നിന്ന് ഈടാക്കുകയോ വേണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.I.1(2)]

പ്രസ്തുത പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 37082/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

255. (1) "നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ഡോ. ശ്രീഷ ആർ. കാരെ എന്നയാൾക്ക് 27-8-2008-ന് എ1 212/05 പ്രകാരം ഇപ്പോൾ ജോലി ചെയ്യുന്ന വെറ്ററിനറി പോളി ക്ളിനിക്, പയ്യന്നൂർ എന്ന വിലാസത്തിൽ രജിസ്ട്രേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ടിയാന്റെ മറുപടിയിൽ 1998-99 വർഷത്തെ കന്നുകാലി വിതരണ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് പശുവിന്റെ വില, തൊഴുത്ത് നിർമ്മാണ ചെലവ്, ഗോ ഇൻഷുറൻസ്, ഒരു മാസത്തെ തീറ്റ ചെലവ് അടക്കം ഒരു യൂണിറ്റിന് 9,000 രൂപ ചെലവ് കണക്കാക്കി നിയമവിധേയമായ 4,500 രൂപ സബ്സിഡി മാത്രം നൽകിയതാണെന്നതിന്റെ അടിസ്ഥാനത്തിൽ മേൽതടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

(2) നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ കൃഷി ആഫീസർ എം. ഡി. സതീഷ്കുമാർ എന്നയാൾക്ക് ടിയാൻ ഇപ്പോൾ ജോലി ചെയ്യുന്ന സോയിൽ ഡെവലപ്പമെന്റ് ഓഫീസ്, ചാവക്കാട്, മിനി സിവിൽ സ്റ്റേഷൻ, പി. ഒ. ചാവക്കാട് എന്ന വിലാസത്തിൽ 27-8-2008-ന് എ1. 212 /05 നമ്പർ പ്രകാരം രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ട്. മറുപടി ലഭിച്ചാലുടൻതന്നെ തടസ്സം ഉന്നയിച്ച തുക ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. 29-8-2008-ലെ പഞ്ചായത്തിന്റെ 94/08 നമ്പർ തീരുമാന പ്രകാരം അധികം നൽകിയ ധനസഹായം വസൂലാക്കുന്നതിന് റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(3) നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ഡോ. ശ്രീഷ ആർ. കാരെ എന്നയാൾക്ക് 27-8-2008-ന് എ1. 212/05 പ്രകാരം ഇപ്പോൾ ജോലി ചെയ്യുന്ന വെറ്ററിനറി പോളി ക്ളിനിക്, പയ്യന്നൂർ എന്ന വിലാസത്തിൽ രജിസ്ട്രേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ടിയാന്റെ മറുപടിയിൽ 1998-99 വർഷത്തെ കന്നുകാലി വിതരണ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് പശുവിന്റെ വില, തൊഴുത്ത് നിർമ്മാണ ചെലവ്, ഗോ ഇൻഷുറൻസ്, ഒരു മാസത്തെ തീറ്റ ചെലവ് അടക്കം ഒരു യൂണിറ്റിന് 9,000 രൂപ ചെലവ് കണക്കാക്കി നിയമവിധേയമായ 4,500 രൂപ സബ്സിഡി മാത്രം നൽകിയതാണെന്നതിന്റെ അടിസ്ഥാനത്തിൽ മേൽതടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു."

256. 1998-99, 1999-2000 എന്നീ വർഷങ്ങളിലെ പദ്ധതിയിൽ സബ്സിഡി അനുവദിച്ചതിൽ സംഭവിച്ച പോരായ്മകളെക്കുറിച്ച് ഗ്രാമപഞ്ചായത്ത് മുൻ വെറ്ററിനറി സർജൻ വിശദീകരിച്ചതിന്, ഇക്കാര്യങ്ങൾ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ രേഖകൾ സഹിതം ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് ഖണ്ഡികയിലെ രണ്ടാം പരാമർശം

257. നേന്ത്രവാഴ കൃഷിക്ക് അധിക ധനസഹായം നൽകുന്ന പദ്ധതിയിലും ഉത്തരവിന് വിരുദ്ധമായി വളത്തിന്റെ വില നേരിട്ടു ഗുണഭോക്താക്കൾക്ക് നൽകിയ തിന്റെ സാംഗത്യത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഒരു ബാങ്ക് മാത്രമേ ഉണ്ടായി രുന്നുള്ളൂവെന്നും അവർക്ക് കഴിയാത്തതുകൊണ്ടാണ് നേരിട്ടു കൊടുത്തതെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

258. ബാങ്കു മുഖേനയോ സൊസൈറ്റി മുഖേനയോ വളം സബ്സിഡി കൊടുക്കാൻ പറ്റാത്ത പ്രത്യേക സാഹചര്യങ്ങളിൽ receipt വാങ്ങി വേണമായിരുന്നു വളം വിതരണം ചെയ്യേണ്ടിയിരുന്നതെന്നു സമിതി ചൂണ്ടിക്കാട്ടിയപ്പോൾ receipt ഇല്ലെന്നും കൊടുത്തിട്ടുണ്ടെന്നതിന് മറ്റു തെളിവുകളൊന്നും ലഭ്യമല്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 2000-01-ലെ നേന്ത്രവാഴ കൃഷിക്ക് ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകിയ ഇനത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ള തുക 18% പലിശ സഹിതം നിർവ്വഹണോദ്യോഗസ്ഥനായ അന്നത്തെ കൃഷി ഓഫീസറിൽ നിന്നും ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്തയച്ച് സമിതിക്ക് അതിന്റെ കോപ്പി ലഭ്യമാക്കണമെന്നും അല്ലെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ധനസഹായം കൈപ്പറ്റിയെന്നുള്ള രസീത് വാങ്ങി ഒരു മാസത്തിനകം ഓഡിറ്റിന് ഹാജരാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25-2-2009-ലെ 643/Spl. Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

259. 1998-99, 1999-2000 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയ കന്നുകാലി വിതരണ പദ്ധതിയിൽ അധിക സബ്സിഡി നൽകിയെന്ന ഓഡിറ്റ് നിരീക്ഷണത്തിന്, കന്നുകാലി വിതരണ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് കന്നുകാലിയുടെ വില, തൊഴുത്ത് നിർമ്മാണ ചെലവ്, ഇൻഷുറൻസ്, മറ്റു ചെലവുകൾ എന്നിവയടക്കം ഒരു യൂണിറ്റിന് 10,000 രൂപ ചെലവ് കണക്കാക്കി സബ്സിഡി നൽകാനാണ് പ്രോജക്ട് എന്നും, ആയതിനാൽ അധിക സബ്സിഡി നൽകിയിട്ടില്ല എന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം പ്രോജക്ടിന്റെ പകർപ്പുകൾ സഹിതം കാറഡുക്ക പഞ്ചായത്ത് സെക്രട്ടറി 13-10-2008-ലെ നമ്പർ എ1-212/05 കത്തു മുഖേന ഹാജരാക്കിയിട്ടുണ്ട്.

260. പ്രോജക്ട് പരിശോധിച്ചതിൽ നിന്നും ഒരു യൂണിറ്റിന്റെ മതിപ്പുചെലവ് കണക്കാക്കിയിരിക്കുന്നത് ഇപ്രകാരമാണ്:

| | | |
|---|---|---|
| മൃഗത്തിന്റെ വില | .. | 6,000 രൂപ |
| തൊഴുത്തിന്റെ നിർമ്മാണ ചെലവ് | .. | 2,500 രൂപ |
| ഇൻഷ്വറൻസ് പ്രീമിയം | .. | 631 രൂപ |
| മറ്റു ചെലവുകൾ (ഗതാഗതച്ചെലവ്, ഒരു മാസത്തെ ഭക്ഷ്യസാമഗ്രികൾ) | .. | 869 രൂപ |
| ആകെ | .. | 10,000 രൂപ |

261. ഒരു യൂണിറ്റിന് 10,000 രൂപ മതിപ്പുചെലവ് കണക്കാക്കി 50% സബ്സിഡി 5,000 രൂപ നൽകാമെന്നിരിക്കെ യഥാർത്ഥ ചെലവിന്റെ 50%-ൽ പരിമിതപ്പെടുത്തി മാത്രമേ സബ്സിഡി നൽകിയിട്ടുള്ളൂ എന്ന വിശദീകരണം അംഗീകരിക്കാവുന്നതാണ്. എന്നാൽ മൃഗത്തിന്റെ വില, ഇൻഷ്വറൻസ് അടച്ച തുക എന്നിവയ്ക്കുള്ള രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഗുണഭോക്താക്കൾ തൊഴുത്ത് നിർമ്മിക്കുന്നതിനായി ചെലവഴിച്ച തുകയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

262. പരാമർശം 2-ന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറായിരുന്ന ശ്രീ. സതീഷ്കുമാർ, എം. ഡി.യുടെ ശമ്പളത്തിൽ നിന്നും 14,875 രൂപ 18% പലിശ സഹിതം (ആകെ 34,960 രൂപ) ഈടാക്കുന്നതിനായി അദ്ദേഹം ഇപ്പോൾ ജോലി നോക്കുന്ന തൃശൂർ ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 7-10-2008, 24-10-2008 എന്നീ തീയതികളിൽ നമ്പർ എ1-212/05 ആയി കാറഡുക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്തയച്ചിട്ടുണ്ട്. പക്ഷേ തുക ഈടാക്കുന്നതിനുള്ള നടപടികളൊന്നും നാളിതുവരെ ഉണ്ടായിട്ടില്ല.

263. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 8-12-2010-ലെ 37082/ എബി2/08 നമ്പർ കത്തു പ്രകാരം ഓഡിറ്റ് പരാമർശത്തിലെ ഒന്നും മൂന്നും ഭാഗങ്ങളുമായി ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതായി കാസർഗോഡ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചതായി സൂചിപ്പിച്ചിരിക്കുന്നു.

264. പരാമർശത്തിൽ രണ്ടാമത്തെ ഭാഗമായ 'നേന്ത്രവാഴകൃഷിക്ക്' അധികം ധനസഹായം എന്നതുമായി ബന്ധപ്പെട്ട് മുൻ കൃഷി ഓഫീസർ ശ്രീ. എം. ഡി. സതീഷ് കുമാർ സമർപ്പിച്ച ഹർജി പരിശോധിച്ച് റിപ്പോർട്ടു നൽകുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചിരുന്നു. ഗുണഭോക്താക്കൾക്ക് അധികം സബ്സിഡി നൽകിയിട്ടില്ലെന്നും, സബ്സിഡി നേരിട്ടു പണമായി (ചെക്ക് നൽകുന്നതിനുപകരം) നൽകിയതാണ് പരാമർശമെന്നും ലോക്കൽ ഫണ്ട് വകുപ്പ് ഡയറക്ടർ 31-8-2010-ലെ യോഗത്തിൽ സമിതിയെ ധരിപ്പിച്ചു. ധനവിനിയോഗം സംബന്ധിച്ച് ക്രമക്കേട് നടന്നിട്ടില്ലാത്തതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

265. **ധനവിനിയോഗം സംബന്ധിച്ച് ക്രമക്കേടുകൾ നടന്നിട്ടില്ലാത്തതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ കന്നുകാലി വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കാതെയിരുന്ന നിർവ്വഹണോദ്യോഗസ്ഥരുടെ നടപടിയെ സമിതി കുറ്റപ്പെടുത്തുകയും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുതെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു.**

എൻമകജെ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**(1) സബ്സിഡി : പദ്ധതി വിഹിതം ദുർവ്യയം ചെയ്തു.**

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിഹിതം ദുർവ്യയം ചെയ്തു.

ഗ്രാമപഞ്ചായത്ത് 1998-99-ൽ നടപ്പാക്കിയ കമുകിൻ തോട്ടത്തിൽ മണ്ണിടൽ പദ്ധതിക്കാണ് 81,000 രൂപ അനധികൃതമായി ചെലവഴിച്ചത്.

1998-99-ൽ സബ്സിഡി നൽകാവുന്ന വ്യക്തിഗത ആനുകൂല്യ പദ്ധതികൾ തദ്ദേശഭരണ വകുപ്പിലെ 20-8-1998-ലെ ജി.ഒ.(പി)175/98 ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. കമുകിൻ തോട്ടത്തിൽ മണ്ണിടൽ പദ്ധതി ഉൾപ്പെടുന്നില്ല.

പഞ്ചായത്ത് പദ്ധതി ശരിയായി വിലയിരുത്തിയതിനും രേഖയില്ല. മോണിറ്ററിംഗ് റിപ്പോർട്ടില്ല.

അനധികൃത ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.I.2(1)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 37082/എബി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

266. "അടയ്ക്ക ഉൽപ്പാദന വർദ്ധനവിന് സമഗ്ര പദ്ധതിയായിട്ടാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. അടയ്ക്ക ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓഡിറ്റിൽ പരാമർശിച്ച ചെലവിന് സാധൂകരണം നൽകുന്നതിനുവേണ്ടി പഞ്ചായത്തിന്റെ 1-7-2008-ലെ 86(2)/2008 നമ്പർ തീരുമാന പ്രകാരം ബഹു. സർക്കാരിലേക്ക് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് ബോധിപ്പിച്ചു കൊള്ളുന്നു."

267. പ്രസ്തുത ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞു. കമുകിൻ തോട്ടത്തിൽ മണ്ണിട്ട് ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്നതാണെന്നും ഇതിന് ഡി.പി.സി.യുടെ അംഗീകാരം ഉണ്ടെന്നും,

സബ്സിഡി നൽകുന്ന പദ്ധതിയിൽ കമുകിനെ കൂടി ഉൾപ്പെടുത്തുന്നതിനായി സർക്കാർ സാധൂകരണത്തിന് കത്തയച്ചിട്ടുണ്ടെന്നും കൃഷി ഓഫീസർ മറുപടി പറഞ്ഞു. അനധികൃത ചെലവിന് ഒരു മാസത്തിനുള്ളിൽ സർക്കാരിന്റെ സാധൂകരണം വാങ്ങി സമിതിയെ വിവരമറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

268. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 20-2-2009-ലെ 73997/എബി2/08/തസ്വഭവ. നമ്പർ കത്തിൽ, ഓഡിറ്റ് പരാമർശത്തിൽ തടസ്സപ്പെടുത്തിയ തുകയായ 81,000 രൂപയ്ക്ക് 20-2-2009-ലെ സാ.ഉ.(സാധാ.) നമ്പർ 447/2009/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം സാധൂകരണം നൽകിയതായി അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

269. **ഓഡിറ്റ് തടസ്സപ്പെടുത്തിയ 81,000 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ ക്രമപ്പെടുത്തിയില്ല**

മുൻകൂർ നൽകിയ മൂന്ന് മരാമത്ത് വേലകൾ വർഷങ്ങൾക്കുശേഷവും പൂർത്തിയായില്ല.

1998-99-ൽ തുടങ്ങിയ പദ്ധതികൾക്കാണ് 43,750 രൂപ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മുൻകൂർ നൽകിയത്.

വിശദവിവരം താഴെ:—

| പണിയുടെ പേര് | മുൻകൂർ |
|---|---|
| (1) കുത്തടയിൽ തടയിണ നിർമ്മാണം | 25,000 |
| (2) അമ്മേക്കാലയിൽ നടപ്പാലം | 3,750 |
| (3) അമേക്കലത്തോട് ഡ്രെയിനേജ് അഭിവൃദ്ധി | 15,000 |
| ആകെ | 43,750 |

പൊതുപണം വർഷങ്ങളായി സ്വകാര്യ വ്യക്തികൾ കൈവശം സൂക്ഷിക്കുന്നത് നിയമവിരുദ്ധമാണ്. സർക്കാർ നിർദ്ദേശപ്രകാരം പിഴപ്പലിശ ചുമത്തി തുക തിരികെ ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.I.2.2]

270. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 37082/എബി2/08/നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

(1) 6-5-2000-ൽ പൂർത്തിയായി. 3-3-2007-ന് ഫൈനൽ പേയ്മെന്റ് നടത്തിയിട്ടുണ്ട്.

(2) 16-3-2003-ൽ പണി പൂർത്തിയായി. 28-6-2003-ൽ ഫൈനൽ പേയ്മെന്റ് നടത്തിയിട്ടുണ്ട്.

(3) 5-6-2003-ൽ പണി പൂർത്തിയായി. 20-10-2004-ൽ പേയ്മെന്റ് നടത്തിയിട്ടുണ്ട്.

271. പ്രസ്തുത വിവരം കാസർഗോഡ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ 27-8-2008-ൽ എ.119/04 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

272. മൂന്ന് മരാമത്ത് വേലകൾക്കും അഡ്വാൻസ് കൊടുത്തത് പണി പൂർത്തിയാക്കി ഫൈനൽ കണക്ക് ക്രമപ്പെടുത്തിയിട്ടുണ്ടെന്നും, ഈ വിവരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ 27-8-2008-ന് അറിയിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. ലോക്കൽ ഫണ്ട് ഡയറക്ടർ ഇവ പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അറിയിച്ചു.

273. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25-2-2009-ലെ L.F.643/Spl.Cell $G_2$/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

(1) കട്ടത്തടയിൽ തടയണ നിർമ്മാണം—മുൻകൂർ 25,000 രൂപ

ഈ പ്രവൃത്തിയുടെ അന്തിമ ബിൽ, മറ്റു രേഖകൾ എന്നിവ അടങ്ങിയ വൗച്ചർ നമ്പർ 38/01-02, എം.ബുക്ക് നമ്പർ 36/98-99 എന്നിവ 24-10-2008-ന് നമ്പർ എ.371/08 കത്തു മുഖേന സെക്രട്ടറി ഹാജരാക്കിയിട്ടുണ്ട്.

എം. ബുക്കിലെ പേജ് 23 പ്രകാരവും അന്തിമ ബിൽ പ്രകാരവും സർവ്വീസ് ചാർജ്, നികുതികൾ എന്നിവ അടക്കമുള്ള ആകെ പ്രവൃത്തി മൂല്യം 4,28,823 രൂപയാണ്. 1998-99 മുതൽ 2001-02 വരെയുള്ള കാലയളവിൽ 4 ഗഡുക്കളിലായി 3,25,000 രൂപയും അന്തിമ ഗഡുവായി 2006-07 വർഷത്തിലെ വൗച്ചർ നമ്പർ 97/03-07 തീയതി 30-3-2007 പ്രകാരം 70,839 രൂപയും (ആകെ 3,95,839 രൂപ) കൺവീനർക്ക് നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് ചാർജ്, നികുതി, ക്ഷേമനിധി എന്നീയിനങ്ങളിൽ 32,161 രൂപ മേൽ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറവു ചെയ്തിട്ടാണ് തുകകൾ കൺവീനർക്ക് നൽകിയിരിക്കുന്നത്.

എം. ബുക്കിലെ പേജ് നമ്പർ 19-ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം 15-4-2000-ന് ഈ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. മുൻകൂർ ആയി നൽകിയ 25,000 രൂപ വൗച്ചർ നമ്പർ 38/01-02-ൽ ക്രമപ്പെടുത്തിയിട്ടുണ്ട്.

(2) അമ്മേക്കലയിൽ നടപ്പാലം—മുൻകൂർ 3,750 രൂപ

ഈ പ്രവൃത്തിയുടെ ഫൈനൽ ബില്ലും മറ്റു രേഖകളും അടങ്ങിയ വൗച്ചർ നമ്പർ 36/2002-03 തീയതി 28-6-2003-ഉം നമ്പർ ഇല്ലാത്ത ഒരു മെഷർമെന്റ് ബുക്കും സെക്രട്ടറിയുടെ 24-10-2008-ലെ നമ്പർ എ.371/08 കത്തുപ്രകാരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. മെഷർമെന്റ് ബുക്കിലെ 1 മുതൽ 8 വരെയുള്ള പേജുകളിൽ ഈ പ്രവൃത്തിയുടെ 6 ഇനങ്ങളിലെ അളവുകളും അന്തിമ ബില്ലും രേഖപ്പെടുത്തിയ തിൽ നിന്നും 6 ഇനങ്ങളിലുള്ള പ്രവൃത്തികളും കൺവീനർ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. പ്രവൃത്തി പൂർത്തിയായിരിക്കുന്നത് 16-3-2003 നാണ്. അഡ്വാൻസായി നൽകിയ 3,750 രൂപ അന്തിമ ബില്ലിൽ ക്രമീകരിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും അഡ്വാൻസ് തുക ബില്ലിൽ ക്രമീകരിച്ചിട്ടു ണ്ടെന്നും സെക്രട്ടറി ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു.

(3) അമ്മേക്കലത്തോട് ഡ്രെയിനേജ് അഭിവൃദ്ധി—മുൻകൂർ 15,000 രൂപ

ഈ പ്രവൃത്തിയെ സംബന്ധിക്കുന്ന രേഖകളടങ്ങിയ വൗച്ചർ നമ്പർ 24/10-04, മെഷർമെന്റ് ബുക്ക് നമ്പർ 8/04-05 എന്നിവ സെക്രട്ടറി പരിശോധനയ്ക്ക് ഹാജരാക്കി യിട്ടുണ്ട്. 1998-99-ൽ ആരംഭിച്ച ഈ പ്രവൃത്തിക്കായി മൊബിലൈസേഷൻ അഡ്വാൻസ് 15,000 രൂപ നൽകിയിരിക്കുന്നത് ഗുണഭോക്തൃ സമിതി കൺവീനറായി രുന്ന ശ്രീ. പക്രൂഞ്ഞിക്കായിരുന്നു. എന്നാൽ അദ്ദേഹം വർഷങ്ങളോളം പ്രവൃത്തി ആരംഭിക്കാതിരുന്നതുകൊണ്ട് ശ്രീ. എ. നാരായണ കൺവീനറായ 23-11-2001-ന് രൂപീകരിച്ച പുതിയ ഗുണഭോക്തൃ സമിതിയായിരുന്നു പിന്നീട് ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയത്. മുൻ കൺവീനർക്ക് അഡ്വാൻസായി നൽകിയ 15,000 രൂപ പുതിയ ഗുണഭോക്തൃ സമിതിക്ക് ഫൈനൽ ബിൽ നൽകുമ്പോൾ ക്രമീകരിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 3 പ്രവൃത്തി ഇനങ്ങളാണുള്ളത്. മെഷർമെന്റ് ബുക്കിലെ പേജ് 1 മുതൽ 3 വരെ ഈ പ്രവൃത്തി ഇനങ്ങളുടെ അളവുകളും പേജ് 4, 5, 6 എന്നിവയിൽ അന്തിമ ബില്ലും രേഖപ്പെടുത്തി യിട്ടുണ്ട്. മെഷർമെന്റ് ബുക്ക് പ്രകാരം എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ള ഇനങ്ങൾ അതേ അളവിൽ കൺവീനർ പൂർത്തീകരിച്ചിട്ടുണ്ട്. മെഷർമെന്റ് ബുക്കിലെ പേജ് 5-ൽ കൺവീനർ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയതായി സാങ്കേതിക മേൽനോട്ടം വഹിച്ച എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമാണ്.

ഈ പ്രവൃത്തി പൂർത്തീകരിച്ചതായും അഡ്വാൻസ് തുക ക്രമീകരിച്ചതായും പരിശോധനയിൽ ബോധ്യപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

**274. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള മൂന്ന് പ്രവൃത്തികളുടെയും പണി പൂർത്തിയാക്കി അന്തിമ ബിൽ ക്രമപ്പെടുത്തിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചു ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## മൊഗ്രാൽ-പുത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികളിൽ അപാകതകൾ**

(1) പഞ്ചം പോയിത്തോട് റോഡ് പണിയിൽ ആകെ അനുവദനീയമായ പദ്ധതി വിഹിതം 1 ലക്ഷം രൂപയായിരുന്നു. എന്നാൽ കൺവീനർക്ക് പദ്ധതിവിഹിതത്തിൽ നിന്നും 1,10,278 രൂപ നൽകിയതായി കാണുന്നു. അധികം നൽകിയ 10,278 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ പദ്ധതിക്ക് വകയിരുത്തിയ ഗുണഭോക്തൃ വിഹിതം 15,000 രൂപ സമാഹരിച്ചില്ല.

(2) മൊഗ്രാൽ-പുത്തൂർ ജി.എച്ച്.എസ്. റോഡ് പണിക്ക് സാങ്കേതികാനുമതി 45,000 രൂപയാണ്. ഗുണഭോക്തൃ സമിതി കൺവീനർക്ക് 58,882 രൂപ നൽകിയിട്ടുണ്ട്. അധികം തുക നൽകേണ്ടി വന്നതിന് വിശദീകരണമില്ല. പുതുക്കിയ എസ്റ്റിമേറ്റ്, താരതമ്യ പത്രിക എന്നിവ ഹാജരാക്കിയില്ല. സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്താതെ അധികം നൽകിയ 12,535 രൂപ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.I.3.(1)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 37082/എബി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

275. "(1) ഓഡിറ്റ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി എം. ലക്ഷ്മി എന്നവരോട് ഓഡിറ്റ് തടസ്സം നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എ1-64/05 നമ്പർ ആയി 21-5-2005-ന് രജിസ്റ്റർ ആയും 30-10-2006-ന് ഓർഡിനറി ആയും കത്തുകൾ അയച്ചിരുന്നു. അതുപോലെ ഓഡിറ്റ് പരാമർശത്തിൽ കാണിച്ച തുക 10,278 മടക്കി അടയ്ക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായ പി. എച്ച്. അബ്ബാസ് എന്നയാൾക്ക് $A_1$/64/05 നമ്പർ ആയി 5-6-2007-ന് രജിസ്റ്റർ കത്തയച്ചിരുന്നു. എന്നാൽ യഥാർത്ഥ പ്രവൃത്തിയുടെ തുക മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നതിനാൽ തുക മടക്കി അടയ്ക്കാൻ കഴിയില്ല എന്ന് കൺവീനർ 20-6-2007-ൽ രേഖാമൂലം അറിയിച്ചു. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ സെക്രട്ടറി ആയ ശ്രീമതി എം. ലക്ഷ്മി എന്നവർക്ക് റവന്യൂ റിക്കവറിക്ക് മുന്നോടിയായിട്ടുള്ള രജിസ്റ്റേർഡ് കത്ത് എ1.-64/05 പ്രകാരം 18-8-2008-ൽ അയച്ചിട്ടുണ്ട്. ഒരു മാസത്തിനകം തുക അടച്ചിട്ടില്ലെങ്കിൽ റവന്യൂ റിക്കവറി മുഖേന തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(2) ഓഡിറ്റ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി എം. ലക്ഷ്മി എന്നവരോട് ഓഡിറ്റ് തടസ്സം നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എ1-64/05 പ്രകാരം 21-5-2005-ന് രജിസ്റ്റേർഡ് ആയും 30-10-2006-ന് ഓർഡിനറി ആയും കത്തുകൾ അയച്ചിരുന്നു. അതുപോലെ ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ

12,535 രൂപ മടക്കി അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായ പി. എച്ച്. അബ്ബാസ് എന്നയാൾക്ക് 5-6-2007-ൽ എ1-64/05 ആയി രജിസ്റ്റേർഡ് കത്തയച്ചിരുന്നു. എന്നാൽ ചെയ്ത പ്രവൃത്തിയുടെ തുക മാത്രമാണ് ലഭിച്ചതെന്നും അതിനാൽ തുക മടക്കി അടയ്ക്കാൻ കഴിയില്ലെന്നും കാണിച്ച് കൺവീനർ 20-6-2007-ന് രേഖാമൂലം മറുപടി നൽകിയിരുന്നു. ഇതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ ശ്രീമതി എം. ലക്ഷ്മി എന്നവരിൽ നിന്നും 12,535 രൂപ റവന്യൂ റിക്കവറി മുഖേന പിരിച്ചെടുക്കുന്നതിന്റെ മുന്നോടിയായി 18-8-2008-ൽ എ1-64/05 ആയി രജിസ്റ്റർ കത്ത് അയച്ചിട്ടുണ്ട്. ഒരു മാസത്തിനകം തുക അടച്ചില്ലെങ്കിൽ റവന്യൂ റിക്കവറി മുഖേന തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്."

276. പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. അനുവദിച്ചതിലും കൂടുതൽ തുക പദ്ധതി വിഹിതമായി കൊടുത്തത് പേയ്മെന്റ് സമയത്ത് പഞ്ചായത്ത് തീരുമാനിച്ചിരുന്നില്ലെന്നും, അതിനുശേഷമാണ് തീരുമാനമുണ്ടായതെന്നും, പ്രസ്തുത പണികൾ നടന്നിട്ടുണ്ടെന്നും, എം. ബുക്ക് ബി.എൽ.ടി.ഇ.സി.യുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും അഡീഷണലായി നൽകിയ തുകയ്ക്ക് ബോർഡ് തീരുമാനമുണ്ടെന്നും ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു. അഡീഷണലായി നൽകിയ തുകയ്ക്ക് പഞ്ചായത്ത് അംഗീകാരമുണ്ടെങ്കിൽ അതിന്റെയും പണി പൂർത്തിയാക്കിയതിന്റെയും രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് നൽകി ബോദ്ധ്യപ്പെടുത്തണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും പണി പൂർത്തിയായിട്ടുണ്ടോയെന്ന് രേഖകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ഓഡിറ്റ് വകുപ്പിനോടും നിർദ്ദേശിച്ചു.

277. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25-2-2009-ലെ 643/ Spl. Cell G2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു:

"(1) പഞ്ചം ചോയിത്തോട്ടം റോഡ് അഭിവൃദ്ധി

ഈ റോഡിന്റെ അന്തിമ ബിൽ അടങ്ങിയ ഫയൽ, മെഷർമെന്റ് ബുക്ക് (നമ്പർ ഇല്ല) എന്നിവ സെക്രട്ടറി 22-12-2008-ലെ നമ്പർ എ1-64/08 കത്ത് മുഖേന ഹാജരാക്കിയിട്ടുണ്ട്. അംഗീകരിച്ച എസ്റ്റിമേറ്റിലെ 15 പ്രവൃത്തി ഇനങ്ങളിൽ ഇനം 4 ഒഴികെ 11-ാം ഇനം വരെയും എസ്റ്റിമേറ്റിലെ 12 മുതൽ 15 വരെയുള്ള ഇനങ്ങൾക്ക് പകരം 2 അധിക ഇനങ്ങളും കൺവീനർ ചെയ്തിട്ടുണ്ട്. മുഴുവൻ പ്രവൃത്തി ഇനങ്ങളുടെയും അളവുകൾ മെഷർമെന്റ് ബുക്കിലെ പേജ് 20 മുതൽ 37 വരെയും അളവുമൂല്യം പേജ് 49 മുതൽ 55 വരെയും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ വന്ന വ്യതിയാനത്തിന്റെ താരതമ്യപ്പട്ടിക ഹാജരാക്കിയിട്ടില്ല. ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിൽ നിന്നും കുറവു ചെയ്ത തുകകൾ മെഷർമെന്റ് ബുക്കിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല. ആകെ 1,12,180 രൂപയുടെ പ്രവൃത്തി ചെയ്ത കൺവീനർക്ക് 1,10,278 രൂപ 29-6-1998-ന് നൽകിയിട്ടുണ്ട്. മെഷർമെന്റ് ബുക്കിലെ പേജ് നമ്പർ 55-ൽ കൺവീനർ തൃപ്തികരമായി പണി പൂർത്തീകരിച്ചതായി പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം 1,00,000 രൂപ പദ്ധതി വിഹിതവും 15,000 രൂപ സന്നദ്ധസേവനവുമായി ആകെ 1,15,000 രൂപയുടെ അടങ്കലാണ് ഉള്ളത്. എന്നാൽ സന്നദ്ധസേവനമായോ ഗുണഭോക്താക്കളുടെ വിഹിതമായോ ഈ 15,000 രൂപ സമാഹരിച്ചിട്ടില്ല. 1,00,000 രൂപ പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തിയിൽ കൺവീനർക്ക് പ്ലാൻ ഫണ്ടിൽ നിന്നും 1,10,278 രൂപ നൽകിയിട്ടുണ്ട്. 29-6-1998-ലെ നമ്പർ 268807 ചെക്ക് മുഖാന്തിരം 1,10,278 രൂപ കൈപ്പറ്റിയതായുള്ള ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. പി. എച്ച്. അബ്ബാസിന്റെ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

മൊഗ്രാൽ-പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നമ്പർ എ2-64/08 തീയതി 26-12-2008 കത്തു മുഖേന 3-1-2009-ന് ഹാജരാക്കിയ, 1998 ജൂലൈ 4-ന് 2.30-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അനുസരിച്ച് 4-7-1998-ലെ 86(1)-ാം നമ്പർ തീരുമാനപ്രകാരം പിരിച്ചെടുക്കാത്ത ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഫണ്ടിൽ നിന്നും നികത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് കാണുന്നു. എന്നാൽ പ്ലാൻ ഫണ്ടിൽ നിന്നും 10,278 രൂപ കൺവീനർക്ക് അധികം നൽകിയത് സംബന്ധിച്ച് ആ യോഗത്തിൽ തീരുമാനമൊന്നും എടുത്തു കാണുന്നില്ല. എസ്റ്റിമേറ്റ് പുതുക്കിയതായോ ബി.എൽ.ഇ.സി.യുടെ അനുമതി വാങ്ങിയതായോ കാണുന്നില്ല.

(2) മൊഗ്രാൽ-പുത്തൂർ ഗവൺമെന്റ് ഹൈസ്കൂളിനടുത്തുനിന്നും പ്രൈമറി ഹെൽത്ത് സെന്റർ വരെയുള്ള റോഡ് നിർമ്മാണം

ഈ പ്രവൃത്തിയുടെ അന്തിമ ബിൽ, മറ്റു രേഖകൾ എന്നിവ ഉൾപ്പെടുന്ന വൗച്ചർ നമ്പർ 210 തീയതി 29-6-1998, മെഷർമെന്റ് ബുക്ക് (നമ്പർ ഇല്ല) എന്നിവ സെക്രട്ടറിയുടെ 22-12-2008-ലെ നമ്പർ എ1-64/08 കത്ത് മുഖേന ഹാജരാക്കി യിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം 7 പ്രവൃത്തി ഇനങ്ങൾ നിർവ്വഹിക്കേണ്ടിയിരുന്നു. മെഷർമെന്റ് ബുക്കിലെ പേജ് നമ്പർ 56 മുതൽ 61 വരെ ഈ പ്രവൃത്തിയുടെ അന്തിമ ബിൽ രേഖപ്പെടുത്തിയത് പരിശോധിച്ചതിൽ 6-ാം ഇനമായ 150 മീറ്റർ വരെയുള്ള സെക്ഷനിംഗ് ഒഴികെ ബാക്കി 58,882 രൂപയുടെ പ്രവൃത്തികൾ കൺവീനർ പൂർത്തീകരിച്ചിട്ടുണ്ട്. 29-6-1998-ന് ഫൈനൽ ബിൽ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 57,535 രൂപ നൽകിയിട്ടുമുണ്ട്. കൺവീനർക്ക് 29-6-1998-ലെ 268810-ാം നമ്പർ ചെക്കുപ്രകാരം ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. പി. എച്ച്. അബ്ബാസ് 57,535 രൂപ കൈപ്പറ്റിയതായുള്ള രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ബില്ലിൽ നിന്നും കുറവു ചെയ്ത തുകകളുടെ വിവരം ബില്ലിന്റെ പകർപ്പിലോ മെഷർമെന്റ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. മെഷർമെന്റ് ബുക്കിലെ പേജ് 61-ൽ കൺവീനർ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുളളതായി പ്രവൃത്തിയുടെ സാങ്കേതിക മേൽനോട്ടം വഹിച്ച എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി യിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി 45,000 രൂപ മാത്രമാണ് (നമ്പർ ബി.എൽ.ഇ.സി./കെ.എസ്.ഡി./116/97-98 തീയതി 21-4-1998). പ്രവൃത്തി അധികരിച്ച തിന് താരതമ്യപ്പട്ടിക തയ്യാറാക്കുകയോ പുതുക്കിയ സാങ്കേതികാനുമതി നേടുകയോ ചെയ്തിട്ടില്ല. സാങ്കേതികാനുമതി തുകയേക്കാൾ 12,535 രൂപ പ്ലാൻ ഫണ്ടിൽ നിന്നും

കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 26-12-2008-ലെ നമ്പർ എ2-64/08 കത്ത് പ്രകാരം 31-1-2009-ന് ഹാജരാക്കിയ, 1998 ജൂലൈ 4-ന് 2.30 മണിക്ക് ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അനുസരിച്ച് 4-7-1998-ലെ 86(2)-ാം നമ്പർ തീരുമാന പ്രകാരം 57,505 രൂപ കൺവീനർക്ക് നൽകിയ നടപടി സംബന്ധിച്ച്, പഞ്ചായത്ത് കമ്മിറ്റി പ്രവൃത്തി പരിശോധിക്കുകയും തുക നൽകിയ നടപടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീരുമാനം നമ്പർ 86(3) 2 (മിനിട്സ് ബുക്ക് പേജ് 155) പ്രകാരം പ്രവൃത്തിയുടെ വ്യതിയാനപ്പട്ടിക അംഗീകാരത്തിനായി ബി.എൽ.ഇ.സി.-ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ ബി.എൽ.ഇ.സി. അംഗീകരിച്ച വ്യതിയാനപ്പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

278. **ഓഡിറ്റ് പരാമർശത്തിലെ രണ്ടു പ്രവൃത്തികളും കൺവീനർ പൂർത്തീകരിച്ചതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും പ്രവൃത്തിയുടെ കാലപ്പഴക്കം കണക്കിലെടുത്തും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഭാവിയിൽ മരാമത്തു പണികൾ നടപ്പിലാക്കുമ്പോൾ ക്രമപ്രകാരമായിരിക്കണം കാര്യങ്ങൾ ചെയ്യേണ്ടതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.**

## ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ആടുവളർത്തൽ പദ്ധതി അധിക സബ്സിഡി നൽകിയത് അനുവദിക്കുന്നില്ല**

അംഗീകൃത പ്രോജക്ടിൽ നിന്ന് വ്യത്യസ്തമായി ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിച്ച വകയിൽ പദ്ധതി പണത്തിൽ 9,018 രൂപ നഷ്ടപ്പെട്ടിരിക്കുന്നു. ഓരോ ഗുണഭോക്താവിനും വേണ്ടി ചെലവഴിച്ച 2,000 രൂപയുടെ 1/3 സബ്സിഡിയിൽ 666 രൂപയ്ക്ക് പകരം 1,000 രൂപ വീതം 27 പേർക്ക് അനുവദിച്ചത് മൂലമാണ് 9,018 രൂപയുടെ നഷ്ടം നേരിട്ടത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.1.14.3(i)].

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 6-9-2008-ലെ 37080/എ.ബി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

279. "വെറ്ററിനറി സർജൻ ശ്രീ. സി. ഡി. ജോസിന്റെ 11-2-2003-ലെ കത്തിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട രേഖകൾ 11-2-2003-ൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഖണ്ഡികയിൽ പറയുന്ന 9,018 രൂപ 28-2-2003-ലെ കാസർഗോഡ് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ LF/KSD/4/828/2 നമ്പർ കത്ത് പ്രകാരം സർച്ചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

280. **തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 18.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| | | **കോഴിക്കോട് ജില്ല** | |
| 1 | മേപ്പയൂർ ഗ്രാമപഞ്ചായത്ത് | 12 | മുൻ പഞ്ചായത്തു സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള 28,650 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്ന തിന്മേൽ ബഹു. ഹൈക്കോടതി വിധിയനുസരിച്ച് തീരുമാനമെടുക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ” | 13 | ഉണ്ണിക്കാട് കുടിവെള്ള പദ്ധതിയുടെ കൺവീനർക്ക് അധികം തുക (50478+11354) നൽകിയതുമായി ബന്ധപ്പെട്ട് എഞ്ചിനീയർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിന്മേൽ കോടതി വിധിയനുസരിച്ച് ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ തുടർനടപടി സ്വീകരിക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | ” | 14 | കെ.എസ്.ഇ.ബി.-യിൽ അധികം നിക്ഷേപിച്ച 7,158 രൂപ മറ്റു പദ്ധതികളിൽ ക്രമപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | 20 | മണൽ റോയൽറ്റി പിരിവിൽ നിന്നും 54,157 രൂപ അപഹരിച്ചതുമായി ബന്ധപ്പെട്ട തുക പിഴപ്പലിശ സഹിതം തിരിച്ചടച്ചതായി ഓഡിറ്റു വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 5 | കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | 47 | ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ നിർമ്മാണവുമായി ബന്ധപ്പെട്ട് തുക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തിരിച്ചു പിടിക്കേണ്ട സാഹചര്യമില്ലെന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു. |
| 6 | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് | 50 | ഷോപ്പിംഗ് സെന്ററിന്റെ പണി പൂർത്തീകരിച്ച തായും കെട്ടിടം വാടകയ്ക്കു നൽകുന്നതിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും പ്രസ്തുത കാര്യം പരിശോധിച്ചു ബോധ്യപ്പെട്ട തായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാന ത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 7 | കടലുണ്ടി ഗ്രാമപഞ്ചായത്ത് | 55 | ഓഡിറ്റ് നിരാകരിച്ച തുക പലിശസഹിതം ഈടാക്കിയതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 8 | കോട്ടൂർ ഗ്രാമപഞ്ചായത്ത് | 58 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ചെലവു ചെയ്തതിന് ഡി.പി.സി. അംഗീകാരമുണ്ടെന്നും പരാമർശം ഒഴിവാക്കാമെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 9 | എലത്തൂർ ഗ്രാമപഞ്ചായത്ത് | 64 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള 23,171 രൂപ ചെറുകാട് ശുദ്ധജലവിതരണ പദ്ധതിക്കായി മാറ്റിവയ്ക്കാൻ എലത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന തിന് സമിതി ശുപാർശ ചെയ്യുന്നു. |
| 10 | കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | 68 | ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് നഷ്ടം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സംഭവിച്ച 53,822 രൂപ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റു വകുപ്പു പരിശോധിച്ചു ബോധ്യപ്പെട്ടതായി റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 11 | പനങ്ങാട് ഗ്രാമപഞ്ചായത്ത് | 71 | ഓടുമേയൽ-ജനറൽ/എസ്.സി. വിഭാഗങ്ങൾക്കു ധനസഹായം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 12 | കൊടുവള്ളി ഗ്രാമപഞ്ചായത്ത് | 77 | അനർഹമായി തൊഴിൽ രഹിതവേതനം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാത്തവരുടെ പേരിൽ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ടു നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | 91 | പൊതുമരാമത്ത് വകുപ്പ് നിരക്കിൽ നിന്നും മുപ്പതു ശതമാനത്തിൽ അധികരിച്ചു ചെലവാക്കിയ തുകയും അധികം മെറ്റൽ ഉപയോഗിച്ചതിന്റെ തുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 14 | ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് | 98 | 'ജലസംഭരണി പാഴ്ച്ചെലവ്' എന്ന ഓഡിറ്റ് പരാമർശത്തിന് പഞ്ചായത്തു സെക്രട്ടറിയും കോഴിക്കോട് ഡി. ഡി. പി.-യും നൽകിയ വിശദീകരണം ബോധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 15 | ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് | 109 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതെ പുറമെനിന്നും മണ്ണ് കൊണ്ടുവന്ന് നിറച്ചയിനത്തിൽ പഞ്ചായത്തിന് നഷ്ടമായ 38,134 രൂപ ഉത്തരവാദിയായ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എഞ്ചിനീയറിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി അടിയന്തിരമായി റിപ്പോർട്ടു നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 16 | ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് | 118 | ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിന്റെ ഭരണ നേട്ടങ്ങളും ധനവിനിയോഗവും സംബന്ധിച്ച് അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 59,510 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയതിനാൽ ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 17 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | 136 | പഞ്ചായത്തിനു നഷ്ടമായ 73,975 രൂപ ഈടാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു. |
| 18 | മടവൂർ ഗ്രാമപഞ്ചായത്ത് | 140 | 'ടെണ്ടർ വേലകളുടെ ഗുണമേന്മ ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഉറപ്പു വരുത്തിയില്ല' എന്ന പരാമർശവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 19 | ” | 170 | ഗവ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ തൊഴിൽരഹിത വേതനം, വിധവാ പെൻഷൻ എന്നിവയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കർഷക തൊഴിലാളി പെൻഷൻ വിതരണത്തിലെ അപാകതകൾ സംബന്ധിച്ച് പഞ്ചായത്ത് വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബാധ്യത വന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ച് ഈടാക്കി ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | കുറ്റ്യാടി ഗ്രാമപഞ്ചായത്ത് | 176 | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 21 | കായക്കൊടി ഗ്രാമപഞ്ചായത്ത് | 183 | ജലവിഭവ വകുപ്പിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം വിട്ടുകിട്ടുന്ന തിലേക്കുവേണ്ട അടിയന്തിര നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 22 | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | 203 | ചട്ടങ്ങൾ പാലിക്കാതെ മരാമത്തു പ്രവൃത്തികൾ ചെയ്ത വകയിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്ന പക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാനും അല്ലാത്ത പക്ഷം ബാധ്യത ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനും സമിതി ശുപാർശ ചെയ്യുന്നു. |
| | | | **കാസർഗോഡ് ജില്ല** |
| 23 | പുത്തിഗെ ഗ്രാമപഞ്ചായത്ത് | 226 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ വിധിന്യായം അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 24 | കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് | 229 | ധനസഹായത്തുക ക്രമപ്രകാരം തന്നെയാണ് ചെലവഴിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് വകുപ്പിനു ബോധ്യപ്പെട്ടതായുള്ള റിപ്പോർട്ട് അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു. |
| 25 | ” | 233 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 26 | ” | 237 | എം. ബുക്ക് പരിശോധിച്ച് ലോക്കൽ ഫണ്ട് വകുപ്പിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | നീലേശ്വരം ഗ്രാമപഞ്ചായത്ത് | 243 | കോടതിയുടെ സ്റ്റേ ഉത്തരവുമൂലമാണ് വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതെന്നും പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക പഞ്ചായത്തിന്റെ ഇതര പദ്ധതികൾക്ക് വിനിയോഗിച്ച് ചെലവു കാണിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 28 | കാറഡുക്ക ഗ്രാമപഞ്ചായത്ത് | 254 | പരാമർശ വിധേയമായ റോഡ് ടാറിംഗ് നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു. മെഷർമെന്റ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | കാറഡുക്ക ഗ്രാമപഞ്ചായത്ത് | 265 | ധനവിനിയോഗം സംബന്ധിച്ച് ക്രമക്കേടുകൾ നടന്നിട്ടില്ലാത്തതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ കന്നുകാലി വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കാതെയിരുന്ന നിർവ്വഹണോദ്യോഗസ്ഥരുടെ നടപടിയെ സമിതി കുറ്റപ്പെടുത്തുകയും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുതെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. |
| 30 | എൻമകജെ ഗ്രാമപഞ്ചായത്ത് | 269 | ഓഡിറ്റ് തടസ്സപ്പെടുത്തിയ 81,000 രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 31 | ” | 274 | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള മൂന്നു പ്രവൃത്തികളുടെയും പണി പൂർത്തിയാക്കി അന്തിമ ബിൽ ക്രമപ്പെടുത്തിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചു ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 32 | മൊഗ്രാൽ-പുത്തൂർ ഗ്രാമപഞ്ചായത്ത് | 278 | ഓഡിറ്റ് പരാമർശത്തിലെ രണ്ടു പ്രവൃത്തികളും കൺവീനർ പൂർത്തീകരിച്ചതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും പ്രവൃത്തിയുടെ കാലപ്പഴക്കം കണക്കിലെടുത്തും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഭാവിയിൽ മരാമത്തു പണികൾ നടപ്പിലാക്കുമ്പോൾ ക്രമപ്രകാരമായിരിക്കണം കാര്യങ്ങൾ ചെയ്യേണ്ടതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 33 | ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | 280 | തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |